لا إله إلا الله محمد رسول الله

# സത്യദൂതൻ

**മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം**


**4** *യുഗശബ്ദം*

**5** *മുഖക്കുറിപ്പ്*

**6** *ആത്മസംസ്കരണം*
ഹദ്റത്ത് അഹ്മദ് (അ)

**ഖുത്വ്ബ**

**7** *റമദാനിലെ ആത്മസംസ്കരണം*
ഖലീഫത്തുൽ മസീഹ് - V

**9** *ഹോളണ്ട് ദൈവ കോപം ക്ഷണിച്ചുവരുത്തരുത്*
ഖലീഫത്തുൽ മസീഹ് - V

**ലേഖനം**

**11** *റബ്വ : രക്തസാക്ഷ്യങ്ങളുടെ പുണ്യസ്ഥലി*
ഡോ. ജോനതൻ എൻസർ

**14** *മുസ്ലിം സഹോദരങ്ങൾക്ക് ഒരു ചിന്താ മുഹൂർത്തം!*
എൻ. കുഞ്ഞഹ്മദ്, കണ്ണൂർ

**16** *ഭാഷയും മസ്തിഷ്കവും*
ഏ.എം. മുഹമ്മദ് സലിം

**20** *വിശുദ്ധ ഖുർആൻ ലക്ഷ്യസാഫല്യത്തിലേക്കുള്ള വഴികാട്ടി*
മഹ്മൂദ്, കൽക്കുളം

**23** *ഇസ്ലാമിക് ബാങ്കിങ്ങ്*
ഹാഷിം അഹ്മദ്

**26** *വാഗ്ദത്ത മസീഹിന്റെ ജീവിത ചിത്രം*
ഏ.ക്യു. മഹ്ദി

**29** *അബദ്ധജടിലമായ വിശ്വാസപ്രചാരണം*
അൻവർ, പാലക്കാട്

**32** *ദാവീദിന്റെ നക്ഷത്രം: സത്യവും മിഥ്യയും*
മാഇദാ അഹ്മദ്

**37** *ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ)*
മൗലാനാ അത്താഉൽ മുജീബ് റാശിദ്

**35** *പ്രസിദ്ധീകരണരംഗത്തെ മുന്നേറ്റം*
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

**കുറിപ്പുകൾ**

**40** *സൗൗദി സലഫി പണ്ഡിതന്റെ ധാർമ്മികരോഷം*
*വാർത്തകൾ, അനുസ്മരണം*



പുസ്തകം 79
ലക്കം 9
സെപ്റ്റംബർ 2007
സുഹൂർ 1386
ശഅബാൻ - റജബ് 1428



**ചീഫ് എഡിറ്റർ**
മൗലവി മുഹമ്മദ് ഇസ്മായിൽ

**എഡിറ്റർ**
ഏ. എം. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
(ചെയർമാൻ)

കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻ കോയ
പി. എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ്കുട്ടി

**മാനേജർ**
എം.കെ. ഇമ്പിച്ചിക്കോയട്ടി

**സെക്രട്ടറി**
പി. എം. അഹ്മദ് ഹസ്സൻ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം



വരിസംഖ്യ - 120 ക.
ഒറ്റപ്രതി - 12 ക.



*വിലാസം*
**സത്യദൂതൻ**
**ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫോൺ :** 0495 (Mob.) / 95495 (Land) } 6520733
**ഫാക്സ്: 0495 - 2721609**
e-mail: sathyadoothan@ahmadiyya.com



**സ്ഥാപിതം**
**1925**

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut.
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory Creations, CLT - 1.

## ഖുർആനിൽ നിന്ന്

വിശ്വാസികളേ, നിങ്ങൾ ഭയഭക്തി കൈക്കൊള്ളുന്നവരായിത്തീരുന്നതിനുവേണ്ടി നിങ്ങൾക്ക് മുമ്പുള്ളവർക്ക് വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. (2:184)

## നബിവചനം

മനുഷ്യന്റെ എല്ലാ കർമ്മങ്ങൾക്കും പത്തിരട്ടി മുതൽ എഴുനൂറിരട്ടിവരെ പ്രതിഫലം നൽകപ്പെടും. അല്ലാഹു പറയുന്നു: നോമ്പൊഴികെ, അത് എനിക്കുള്ളതാണ്. ഞാനാണതിനു പ്രതിഫലം നൽകുക. അവൻ എന്റെ കാരണത്താൽ അവന്റെ ഇച്ഛയും ഭക്ഷണവും ഉപേക്ഷിക്കുകയാണ് ചെയ്യുന്നത്.

***(ബുഖാരി)***

**യുഗശബ്ദം**



# നോമ്പും ആത്മീയദർശനവും

**വാഗ്ദത്ത മസീഹ് (അ)**

ഇസ്‌ലാമിന്റെ അനുഷ്ഠാനകർമ്മങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നത് മാത്രമല്ല നോമ്പ്. അതിനൊരു തത്വമുണ്ട്. അതിന്നൊരു പ്രഭാവമുണ്ട്. അനുഭവത്തിലൂടെയാണ് അതറിയാൻ കഴികുക. ഭക്ഷണം കഴിക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നു. ദർശനശക്തി വർദ്ധിക്കുന്നു. ഭൗതികഭക്ഷണം കുറച്ച് ആത്മീയ ഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽ നിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പ്കാരന്റെ മനസ്സിലുണ്ടായിരിക്കണം. പ്രത്യുത ഏകാന്തവാസവും ഭൗതികതയിൽ നിന്നുള്ള അകൽച്ചയും ലഭിക്കുവാനായി ദൈവസ്മരണയിൽ അധികമധികം മുഴുകണം. കേവലം ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയും സന്തുഷ്ടിയും ഉണ്ടാക്കുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പ് കൊണ്ടുള്ള ഉദ്ദേശം. ഒരു ചടങ്ങു തീർക്കുക എന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി നോമ്പ് നോക്കുന്നത് അയാൾ തനിക്ക് അദ്ധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിനായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വം കീർത്തനം ചെയ്യുന്നതിലും മുഴുകികൊള്ളട്ടെ.

***(മൽഫൂസാത്ത് -വാല്യം 9 പേ. 125)***

മുഖക്കുറിപ്പ്

# റമദാന്റെ മതസൗഹാർദ്ദ സന്ദേശം

വിശ്വാസികളുടെ വസന്തകാലം എന്നറിയപ്പെടുന്ന റമദാൻ വീണ്ടും സമാഗതമായിരിക്കുന്നു. വ്രതാനുഷ്ഠാനം മനുഷ്യസമുദായത്തിന്റെ ആത്മീയപുരോഗതിക്ക് ദൈവം നിശ്ചയിച്ച പുരാതനമായൊരു മതസമ്പ്രദായമാണെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. അതുകൊണ്ട് എല്ലാ മതങ്ങളിലും വ്രതസംസ്കാരത്തിന്റെ ചിഹ്നങ്ങൾ നമുക്ക് കാണാം.

***'വിശ്വാസികളേ, നിങ്ങൾക്ക് മുമ്പുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു, നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുന്നതിന് വേണ്ടി' (2:184)***

ഏതെങ്കിലും വിധത്തിലുള്ള വ്രതസമ്പ്രദായം നിലവിലുള്ള മതങ്ങളെല്ലാം ദൈവിക സ്രോതസ്സിൽ നിന്നുള്ള സത്യമതങ്ങളാണ് എന്ന മഹത്തായ ഒരു മതസൗഹാർദ്ദ സന്ദേശവും ഈ ഖുർആൻ വചനം നൽകുന്നു. ഹിന്ദുമതത്തിലും ക്രിസ്തുമതത്തിലും, ബുദ്ധമതത്തിലുമെല്ലാം വിശ്വാസികൾ ദൈവപ്രീതി കാംക്ഷിച്ചുകൊണ്ട് പല രീതിയിലുള്ള വ്രതങ്ങളും ആചരിക്കുന്നു. ഇസ്ലാംമതം വെളിപ്പെട്ട അതേ ദൈവിക സ്രോതസ്സിൽ നിന്ന് തന്നെയാണ് ഈ മതങ്ങളും വെളിപ്പെട്ടതെന്ന യാഥാർത്ഥ്യത്തിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. ദൈവത്തിലേക്ക് അടുക്കാനുള്ള മനുഷ്യന്റെ സഹജമായ ഉൾവിളിയുടെ പ്രേരണ കൊണ്ടായിരിക്കാം പല അമുസ്ലിം സഹോദരന്മാരും റമദാൻ മാസത്തിൽ വ്രതമനുഷ്ഠിക്കുന്ന വാർത്തകളും നാം വായിക്കുന്നു. മാത്രമല്ല, ആരോഗ്യപരമായ വീക്ഷണകോണിലും വ്രതാനുഷ്ഠാനം പോലെ പ്രയോജനപ്രദമായ മറ്റൊരു പഥ്യമില്ല.

വിശുദ്ധ ഖുർആൻ അവതരിച്ച മഹത്തായ മാസമായിട്ടാണ് റമദാനെ ഖുർആൻ വിശേഷിപ്പിച്ചിട്ടുള്ളത്. വ്രതമനുഷ്ഠിക്കുന്ന വിശ്വാസികൾ അതീവശ്രദ്ധയോടെ ഖുർആൻ പരായണം ചെയ്തുകൊണ്ട് ആ പവിത്ര ഗ്രന്ഥവുമായി ഒരു പ്രത്യേക ബന്ധം സ്ഥാപിക്കുന്നത് അവരുടെ ആത്മീയവും ധാർമ്മികവുമായ നിലവാരം അങ്ങേയറ്റം ഉയർത്തുന്നു. മനുഷ്യനിൽ വിശപ്പ് തീവ്രമായനുഭവപ്പെടുമ്പോൾ അവന്റെ വികാരങ്ങൾക്കും ദേഹേഛകൾക്കും മന്ദതയും അടക്കവും ഉണ്ടാവുന്നു എന്നത് ഒരു അനുഭവയാഥാർത്ഥ്യമാണ്. അത് മനുഷ്യന്റെ ഭൗതികശരീരത്തെ തളർത്തുകയും ആത്മീയശരീരത്തെ ഉണർത്തുകയും ചെയ്യുന്നു. വിശപ്പിന്റെ ഈ രസതന്ത്രം ഏറ്റവും ഫലപ്രദമായി ഇസ്ലാം ഉപയോഗപ്പെടുത്തുന്നു. നോമ്പിനെപ്പറ്റി വാഗ്ദത്ത മസീഹ് (അ) പറയുന്നു: ***'ഈ മാസം ഹൃദയപ്രകാശത്തിനുള്ള ഉത്തമമായ മാസമാണെന്നും അതിൽ അധികമായി ആത്മീയ ദർശനങ്ങൾ ഉണ്ടാകുന്നതാണെന്നും സൂഫിവര്യന്മാർ എഴുതിയിരിക്കുന്നു. നമസ്കാരം ആത്മാവിന് സംസ്കരണവും നോമ്പ് ഹൃദയത്തിന് പ്രകാശവും പ്രദാനം ചെയ്യുന്നു.' (മൽഫൂസാത്ത്)***

റമദാനിൽ ഇസ്ലാം മതം നിഷ്കർഷിക്കുന്ന ദാനധർമ്മങ്ങൾ മനുഷ്യനെ ആത്മീയമായി ശുദ്ധീകരിക്കുന്നതോടൊപ്പം സാമൂഹികക്ഷേമം കൂടി കൊണ്ടുവരുന്നു. നിർബന്ധദാനമായ സക്കാത്ത് അധികപക്ഷവും റമദാൻ മാസത്തിലാണ് വിതരണം ചെയ്യപ്പെടുന്നത്. അപ്രകാരം റമദാനിലെ നിർബന്ധ ദാനമായ ഫിത്വ്ർ സകാത്തും റമദാനിൽ തന്നെ വിതരണം ചെയ്യപ്പെടുന്നു. ഇതിനുപുറമെ മറ്റു ദാനധർമ്മങ്ങളും മുസ്ലിംകൾ ധാരാളമായി നിർവ്വഹിക്കുന്നു. വീശിയടിക്കുന്ന പ്രചണ്ഡമാരുതനെ പോലെ റസൂൽ തിരുമേനി (സ) റമദാനിൽ ദാനധർമ്മങ്ങളിൽ ഉദാരനാവാറുണ്ടെന്ന് ഹദീസുകൾ രേഖപ്പെടുത്തുന്നു. മനുഷ്യനിൽ ദൈവഭക്തിയും എല്ലാവിധ നന്മകളും ഉണർത്തുന്ന മഹത്തായ റമദാന്റെ അനുഗ്രഹങ്ങൾ മനുഷ്യസമുദായത്തിന് ലഭിക്കുമാറാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ●

# ആത്മസംസ്കരണം

ഹദ്റത്ത് അഹ്മദ് (അ)

ഓരോരുത്തരും അവരവരുടെ ശുദ്ധീകരണം നടത്തേണ്ടതാണ്. ഒരു കർമ്മവും ചെയ്യാതെ 'ഞാൻ ബയ്അത്തു ചെയ്തു' എന്നു പറയുന്നതു കൊണ്ടു മാത്രം ഒരു കാര്യവുമില്ല. 'ലിമ തഖൂലൂന മാലാ തഫ്അലൂൻ'. വിശ്വസിച്ചവരേ, നിങ്ങൾ പ്രവർത്തിക്കാത്തതെന്തിന് നിങ്ങൾ പറയുന്നു, എന്ന് വിശുദ്ധ ഖുർആനിൽ ചോദിക്കുന്നു. സാബിഖൂനിൽ - സ്വഹാബാക്കളായ മഹാത്മാക്കളുടെ കൂട്ടത്തിൽ പ്രവേശിക്കാനുള്ള കാലമാണിത്. അതായത്, നന്മകൾ ചെയ്യുന്നതിൽ മുൻകടക്കുക. ഓരോരുത്തർക്കും അവരവരുടെ കർമ്മങ്ങൾ മാത്രമേ പ്രയോജനം ചെയ്യുകയുള്ളൂ. പൊള്ളയായ വാദവും പൊങ്ങച്ചവും ഒന്നിനും ഉപകരിക്കുകയില്ല. ഹദ്റത്ത് ഫാത്വിമ(റ)യോട് നബി(സ) തിരുമേനി പറഞ്ഞു: ''ഫാത്വിമാ, നിന്റെ ആത്മാവിനെക്കുറിച്ച് നീ തന്നെ ചിന്തിച്ചു കൊള്ളുക. (അന്നാളിൽ) ഞാൻ നിനക്ക് ഉപയോഗപ്പെടുകയില്ല. അല്ലാഹുവിന് ആരോടും കുടുംബബന്ധമൊന്നും ഇല്ലെന്ന കാര്യം ഓർത്തു കൊള്ളുക. നിന്റെ പിതാവ് ആരെന്ന് അവിടെ ചോദിക്കുകയില്ല. കർമ്മങ്ങളെക്കുറിച്ചായിരിക്കും ചോദിക്കുക.''

മനുഷ്യരിൽ ചെറുതും വലുതുമായ പല തരത്തിലുള്ള പാപങ്ങൾ - ആലസ്യം, അഹങ്കാരം, അച്ചടക്കരാഹിത്യം തുടങ്ങിയവ ഉണ്ടാകാറുണ്ട്. അവയിൽ നിന്നെല്ലാം രക്ഷപ്പെടാൻ ശ്രമിക്കേണ്ടതാണ്. മനുഷ്യാത്മാവിന്റെ മൂന്നു അവസ്ഥകൾ അല്ലാഹു വിശുദ്ധ ഖുർആനിൽ വിവരിച്ചിട്ടുണ്ട്. അമ്മാറ, ലവ്വാമ, മുത്മയിന്ന. നഫ്സ് അമ്മാറ - ദോഷപ്രവണമായ ആത്മാവ് എപ്പോഴും മനുഷ്യനെ പാപകർമ്മത്തിലേക്കും അനുസരണക്കേടിലേക്കും വലിച്ചുകൊണ്ടിരിക്കുന്നു. ഇത് അപകടകരമാണ്. നഫ്സ്ലവ്വാമ: സ്വയം ശാസകാത്മാവ് എന്നു പറയുന്നത് വല്ലപ്പോഴും തിന്മ വന്നുപോയാൽ ശകാരിക്കുന്ന ആത്മാവാണ്. എന്നാൽ, ഇതും സമാധാനയോഗ്യമല്ല. അല്ലാഹു നഫ്സ് മുത്മയിന്ന' എന്നു നാമകരണം ചെയ്ത് വിളിച്ചിട്ടുള്ള ആത്മാവ് മാത്രമാണ് സമാധാനയോഗ്യമായിട്ടുള്ളത്. അത് തന്നെയാണ് ഉൽക്കൃഷ്ടമായതും. മനുഷ്യൻ അല്ലാഹുവിനോട് താദാത്മ്യം പ്രാപിക്കുന്ന അവസ്ഥയുടെ പേരാണത്. ഈ അവസ്ഥ പ്രാപിക്കുമ്പോഴാണ് മനുഷ്യൻ പാപത്തിന്റെ മാലിന്യങ്ങളിൽ നിന്ന് ശുദ്ധനാക്കപ്പെടുന്നത്. പാപങ്ങളെല്ലാം കരിച്ചുകളയുന്ന അവസ്ഥയും അതു തന്നെ. ഈ ദർജ(പദവി) കരസ്ഥമാക്കിയവരോടാണ് അല്ലാഹുവിന്റെ അനുഗ്രഹ വാഗ്ദാനമുള്ളത്. അവരിൽ അല്ലാഹുവിന്റെ മലക്കുകൾ ഇറങ്ങുന്നു. യഥാർത്ഥമായ നന്മയും പരിശുദ്ധിയും അവർക്കു മാത്രമുള്ളതാണ്.

വെറും നാവുകൊണ്ടുള്ള പ്രതിജ്ഞ അല്ലാഹുവിന്റെ പക്കൽ ഒരു വിലയും അർഹിക്കുന്നില്ല. വഞ്ചിക്കുകയും തുലാസിൽ കൃത്രിമം കാണിക്കുകയും കളവു പറയുകയും ചെയ്യുന്ന പല അമുസ്ലിംകളേയും നാം കണ്ടിട്ടുണ്ട്. ഭൗതികലോകത്തോടുള്ള സ്നേഹത്തിൽ അവർ മരിക്കാൻ കിടക്കുകയാണ്. എങ്കിലും നാവു കൊണ്ട് അവർ പറയുന്നു: 'അതേ, സാഹിബേ! ലോകം നശ്വരമാണ്. നില നില്ക്കാത്തതാണ്.'

അല്ലാഹുവിന്റെ ഇച്ഛ നിങ്ങളുടെ ഇച്ഛയായി മാറണം. അവന്റെ തൃപ്തിയിൽ തൃപ്തരാകണം, നിങ്ങളുടെതായിട്ട് ഒന്നും തന്നെ ഉണ്ടാവാൻ പാടില്ല. സർവ്വതും അവന്റേതായിരിക്കണം. പരിശുദ്ധി എന്നതിന്റെ അർത്ഥം അല്ലാഹുവിനോടുള്ള പ്രവർത്തനപരവും വിശ്വാസപരവുമായ ഭിന്നിപ്പ് ഹൃദയത്തിൽ നിന്ന് ഇല്ലാതാക്കുക എന്നതാണ്. മനുഷ്യന്റെ ഇച്ഛ തന്റെ ഇച്ഛയിലും അവന്റെ തൃപ്തിയിലും ലയിക്കുന്നുണ്ടോ എന്ന് നോക്കുന്നതുവരെ അല്ലാഹു ആരേയും സഹായിക്കുന്നതല്ല.

ജമാഅത്തിന്റെ വർദ്ധനവിൽ ഞാനൊരിക്കലും സന്തോഷിക്കുകയില്ല. ഇപ്പോഴാണെങ്കിൽ നാല് ലക്ഷമോ അതിലധികമോ ഉണ്ട്. യഥാർഥ ജമാഅത്തു കൊണ്ട് എന്താണോ ഉദ്ദേശിക്കുന്നത് അതിനെ അവഗണിച്ച് കൈയിൽ കൈവച്ചുകൊണ്ട് വെറും ബയ്അത്തു ചെയ്യുക എന്നതിൽ കാര്യമില്ല. പ്രത്യുത ബയ്അത്തിന്റെ നിബന്ധനയനുസരിച്ച് ജീവിക്കുമ്പോഴാണ് ജമാഅത്ത് യഥാർത്ഥ ജമാഅത്ത് എന്നു പറയാൻ അർഹത നേടുന്നത്. ജമാഅത്തിലുള്ള അംഗങ്ങൾക്ക്

*(ശേഷം 41-ൽ)*

ഖുത്ബ

ഖുത്ബ, ബയ്ത്തുൽ ഫുതൂഹ്, ലണ്ടൻ

# റമദാനിലെ ആത്മസംസ്കരണം

## ഖലീഫത്തുൽ മസീഹ് - V

***വിശ്വാസികളേ, നിങ്ങൾ ഭയഭക്തി കൈക്കൊള്ളുന്നവരായിത്തീരുന്നതിനുവേണ്ടി നിങ്ങൾക്ക് മുമ്പുള്ളവർക്ക് വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. (2:184)***

ഈ വചനത്തിൽ അല്ലാഹുതആല നോമ്പ് നിർബന്ധമാക്കപ്പെട്ടതിലേക്ക് സത്യവിശ്വാസികളുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുകയാണ്. നിങ്ങൾ തഖ്‌വ അഥവാ ഭയഭക്തി കൈക്കൊള്ളുന്നവരായിത്തീരാനും ആത്മീയവും സ്വഭാവപരവുമായ ബലഹീനതകളിൽ നിന്ന് രക്ഷപ്പെടാനും നിങ്ങളുടെ ഉള്ളിൽ അല്ലാഹുവിനോടുള്ള ഭയമുണ്ടാകാനും അല്ലാഹുവിന്റെ വെറുപ്പ് സമ്പാദിച്ച് ദുൻയാവും ആഖിറത്തും നഷ്ടപ്പെടുത്തുന്നവരായി തീരാതിരിക്കാനും അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കണമെന്ന ബോധം ഉണ്ടാകുന്നതിനും അതിനുവേണ്ടി പരിശ്രമിക്കുന്നതിനും ഇത് നിർബന്ധമാണെന്ന് പറഞ്ഞിരിക്കുന്നു.

കഴിഞ്ഞ റമദാനിൽ കരസ്ഥമാക്കിയ നന്മകളിൽ നാം നിലനില്ക്കുന്നുണ്ടോ അതല്ല തെറ്റിപ്പോയോ എന്ന് നാം ഈ റമദാനിൽ പരിശോധിക്കേണ്ടതാണ്. തെറ്റിപ്പോയിട്ടുണ്ടെങ്കിൽ റമസാൻ നമുക്കെന്ത് ഫലമാണ് നൽകിയത്? ഈ റമദാനും ഇനി വരുന്ന റമദാനും നമുക്ക് എന്തു ഫലമാണ് തരാൻ കഴിയുക? അല്ലാഹുതആല പറയുന്നത്, നിങ്ങൾ ഈ നിർബന്ധമായ നോമ്പ് പിടിക്കുകയാണെങ്കിൽ, നിങ്ങൾ തഖ്‌വയിലൂടെ ചരിക്കുന്നവരും നന്മകൾ സ്വായത്തമാക്കുന്നവരും ദൈവസാമീപ്യം പ്രാപിക്കുന്നവരും ആയിത്തീരുമെന്നാണ്. എന്നാൽ, നമ്മുടെ ഉള്ളിൽ തഖ്‌വ ജന്മം കൊണ്ടു എന്ന് പറയാൻ കഴിയുംവിധം നമ്മളിൽ മാറ്റമൊന്നും ഉണ്ടാകുന്നില്ലെങ്കിൽ അല്ലാഹു പറഞ്ഞകാര്യം തെറ്റാകുകയില്ല. നൂറുശതമാനവും ശരിതന്നെയായിരിക്കും. മനുഷ്യൻ പറയുന്നതും നോക്കുന്നതും തെറ്റാകാം. അതുകൊണ്ട് നമ്മളിൽ തന്നെയാണ് ബലഹീനതകളും ന്യൂനതകളും ഉള്ളതെന്ന കാര്യം ഉറപ്പാണ്. ഒന്നുകിൽ കഴിഞ്ഞ റമദാനിൽ നിന്ന് നാം ഫലമൊന്നും എടുത്തിട്ടില്ല. അല്ലെങ്കിൽ താൽക്കാലികമായ ഫലമാണ് നമുക്ക് ലഭിച്ചത്. അത് പുറപ്പെട്ടുവന്ന സ്ഥലത്തേക്കു തന്നെ ചെന്നുചേരുകയും ചെയ്തു. വാസ്തവത്തിൽ വേണ്ടിയിരുന്നത്, കഴിഞ്ഞ റമദാനിൽ നേടിയെടുത്ത തഖ്‌വയുടെ നില കാണിക്കുകയായിരുന്നു. കഴിഞ്ഞ റമദാനിൽ തങ്ങളിൽ ആന്തരികമായ മാറ്റമുണ്ടാക്കിയവരും തഖ്‌വ കരസ്ഥമാക്കിയവരും അല്ലെങ്കിൽ തഖ്‌വയുടെ നില തങ്ങളുടെ ജീവിതത്തിന്റെ ഭാഗമാക്കിത്തീർത്തവരും ഭാഗ്യവാന്മാരാണ്. ഇനി അവരുടെ ചുവട് മുമ്പോട്ടു നീങ്ങേണ്ടതാണ്. എന്നാൽ, ഒന്നും കരസ്ഥമാക്കിയിട്ടില്ലാത്തവർ, നോമ്പ് എന്ത് നേട്ടമാണ് തങ്ങൾക്കു നൽകിയതെന്ന് ചിന്തിക്കേണ്ടതാണ്. ഒരു നേട്ടവും ഉണ്ടാക്കിയിട്ടില്ലാത്ത കാര്യം വീണ്ടും ചെയ്യേണ്ട ആവശ്യമെന്താണ്? എന്നാൽ, ഞാൻ പറഞ്ഞതുപോലെ, നോമ്പ് പിടിക്കുന്നതുകൊണ്ട് ഗുണമുണ്ട്. തീർച്ചയായും ഗുണമുണ്ട്. അല്ലാഹുവിന്റെ കല്പന ഒരിക്കലും ഫലശൂന്യമാവുകയില്ല. അതുകൊണ്ട് നമ്മളിൽ നിന്നുണ്ടായിട്ടുള്ള തെറ്റുകൾക്ക് അല്ലാഹുവിൽ നിന്ന് പൊറുക്കലിനെ തേടണം. നാം പ്രതിജ്ഞ ചെയ്യേണ്ടിവരും: എന്റെ അല്ലാഹുവേ! എന്റെ കഴിഞ്ഞ വീഴ്ചകൾ നീ എനിക്കു പൊറുത്തുതന്നാലും. ഈ റമദാനിൽ നിന്റെ സാമീപ്യം പ്രദാനം ചെയ്യുന്ന എല്ലാ നന്മകളും ചെയ്യാൻ എനിക്ക് തൗഫീഖ് നൽകിയാലും. ഈ റമദാന്റെ ബർക്കത്തുകൊണ്ട്, എപ്പോഴും തഖ്‌വയിലൂടെ നടക്കുന്നതിനും അതിൽ നിലകൊള്ളുന്നതിനും എനിക്ക് സൗഭാഗ്യം നല്കിയാലും. ഇങ്ങനെ നാം ദുആ ചെയ്യുകയും ആ രീതിയിൽ നാം നമ്മെ വിലയിരുത്തുകയും ചെയ്യുമ്പോൾ അല്ലാഹു ചെയ്യാൻ കല്പിച്ചിട്ടുള്ള സൽക്കർമങ്ങൾ ചെയ്യുന്നതിലേക്കും നമുക്ക് ശ്രദ്ധയുണ്ടാകുന്നതാണ്.

അല്ലാഹു ചെയ്യരുതെന്ന് പറഞ്ഞ ഒരുപാട് ദുഷ്ക്കർമങ്ങൾ നാം ഉപേക്ഷിക്കേണ്ടതായി വരും. അല്ലാഹുവിനോടുള്ള കടമകളും അവന്റെ സൃഷ്ടികളോടുള്ള കടമകളും നിറവേറ്റേണ്ടതായി വരും. ഇല്ലെങ്കിൽ നമ്മുടെ ഈ നോമ്പ്, നോമ്പെന്ന് പറയപ്പെടുകയില്ല. അത് വെറും പട്ടിണി കിടക്കലായിത്തീരും. അതായത് , രാവിലെ

യിലാണ് തന്റെ അടിയാറുകളെ കടാക്ഷിക്കുന്നതെന്ന് അല്ലെങ്കിൽ കടാക്ഷിക്കാൻ ആഗ്രഹിക്കുന്നതെന്ന് ഇതിൽ നിന്ന് മനസ്സിലാകുന്നുണ്ട്. അതുകൊണ്ട് അടിയാന്മാരുടെ ജോലി അവനിലേക്ക് മുൻകടക്കുകയും ഭയഭക്തി ഉണ്ടാക്കിത്തീർക്കുകയും ചെയ്യുക എന്നതാണ്. അല്ലാഹുതആല നമ്മോടു ചെയ്യാൻ കല്പിച്ച നിബന്ധനയോടുകൂടി നോമ്പുപിടിച്ചാൽ, അത് നമ്മെ അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളാക്കിത്തീർക്കുന്നതാണ്.

ഹദ്റത്ത് സൽമാൻ (റ) നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനി ശഅ്ബാൻ മാസത്തിന്റെ അവസാന ദിവസം ഞങ്ങളെ സംബോധന ചെയ്തു പറഞ്ഞു:

*"അല്ലയോ ജനങ്ങളേ! നിങ്ങളിൽ മഹത്തായതും അനുഗൃഹീതവുമായ ഒരു മാസം സമാഗതമായിരിക്കുന്നു. ഏറ്റവും അനുഗ്രഹപൂർണ്ണമായ മാസമത്രെ അത്. ഈ മാസത്തിൽ ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠതയുള്ള ഒരു പ്രത്യേക രാത്രിയുണ്ട്. ഈ മാസം നോമ്പനുഷ്ഠിക്കൽ അല്ലാഹു നിർബന്ധമാക്കിയിരിക്കുന്നു. ഈ മാസത്തിൽ രാത്രികളിൽ ഉറക്കമുണർന്നു നമസ്ക്കരിക്കുന്നത് അല്ലാഹു നഫ്ൽ അഥവാ ഐച്ഛിക കർമ്മമാക്കിയിരിക്കുന്നു. ഈ നോമ്പു വേളയിൽ ആരെങ്കിലും ഏതെങ്കിലും നല്ല സ്വഭാവം സ്വായത്തമാക്കിയാൽ, ഇതിനു പുറമേയുള്ള എല്ലാ നിർബന്ധകാര്യങ്ങളും ചെയ്തു കഴിഞ്ഞവനെപ്പോലെയായിത്തീരുന്നതാണ്. ഈ പരിശുദ്ധമാസത്തിൽ ഒരു നിർബന്ധകാര്യം അവൻ ചെയ്താൽ റമസാന് പുറമെ 70 നിർബന്ധകാര്യങ്ങൾ ചെയ്തവനെപ്പോലെയായിത്തീരുന്നതാണ്. റമസാൻ മാസം ക്ഷമയുടെ മാസമാണ്. ക്ഷമയുടെ പ്രതിഫലം സ്വർഗ്ഗമാണ്. ഇത് ഐക്യത്തിന്റേയും സാഹോദര്യത്തിന്റേയും മാസമാണ്. സത്യവിശ്വാസികളുടെ ജീവിതവിഭവത്തിൽ അനുഗ്രഹം ചൊരിയപ്പെടുന്ന മാസമാണിത്."*

ചെയ്യുന്നു: സാധാരണ അവസ്ഥകളെ അപേക്ഷിച്ച് റമദാനിൽ ഉണ്ടാകുന്ന അനുഗ്രഹങ്ങൾക്ക് ഒരു കണക്കുമില്ല.

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹദ്റത്ത് അബൂ മസ്ഊദ് ഗഫ്ഫാരി (റ) നിവേദനം ചെയ്യുന്നു. റമദാൻ ആരംഭിച്ചതിനു ശേഷം ഒരു ദിവസം നബി (സ) തിരുമേനി ഇങ്ങനെ പറയുന്നതായി ഞാൻ കേട്ടു: "റമദാന്റെ മഹത്വത്തെക്കുറിച്ച് ജനങ്ങൾ അറിഞ്ഞിരുന്നെങ്കിൽ എന്റെ സമുദായം വർഷം മുഴുവൻ റമദാനായിരുന്നെങ്കിലെന്ന് ആശിച്ചേനെ." ഇതുകേട്ടപ്പോൾ ഖുസാ ഗോത്രത്തിലെ ഒരാൾ പറഞ്ഞു: അല്ലാഹുവിന്റെ നബിയേ! *റമദാന്റെ മഹത്വത്തെക്കുറിച്ച് ഞങ്ങൾക്കു പറഞ്ഞുതന്നാലും. അവിടന്ന് പറഞ്ഞു. "തീർച്ചയായും റമദാനു വേണ്ടി വർഷാരംഭം മുതൽ അവസാനം വരെ അല്ലാഹു സ്വർഗ്ഗത്തെ അലങ്കരിച്ച് ഒരുക്കി നിർത്തുന്നു. റമദാന്റെ ആദ്യ ദിവസമാകുമ്പോൾ, അല്ലാഹുവിന്റെ സിംഹാസനത്തിനു കീഴെ കാറ്റു വീശുന്നു."*

റമദാൻ മാസത്തിൽ പരിശുദ്ധമായ മാറ്റമുണ്ടാക്കണമെന്നും തഖ്‌വ സ്വായത്തമാക്കണമെന്നും പ്രതിജ്ഞ ചെയ്ത അല്ലാഹുവിന്റെ പരിശുദ്ധന്മാർക്കുവേണ്ടിയാണ് ഈ കാറ്റു വീശുന്നത്. ഇത് അല്ലാഹുവിന്റെ സാമീപ്യം പ്രദാനം ചെയ്യുന്നതായിത്തീരുന്നു. വർഷാരംഭം മുതൽ അവസാനം വരെ വർഷം മുഴുവൻ സ്വർഗ്ഗത്തെ ഒരുക്കി നിർത്തുന്നുവെന്ന് പറഞ്ഞത് അങ്ങനെയങ്ങ് വെറുതെ കിട്ടുന്നതല്ല. ഇതിന് നോമ്പിനോടൊപ്പം കർമ്മങ്ങളും ഉണ്ടാകണം. അല്ലാഹു ഇത്രമാത്രം തയ്യാറെടുപ്പുകൾ നടത്തുമ്പോൾ, നാം നമ്മുടെ ഹൃദയത്തേയും മാറ്റേണ്ടതാണ്. അതനുസരിച്ച് തയ്യാറെടുപ്പ് നടത്തേണ്ടതാണ്. അല്ലാഹു ഒരുക്കിയിരിക്കുന്ന സന്ദർഭത്തെ പ്രയോജനപ്പെടുത്തേണ്ടതാണ്. അതിൽ നിന്ന് ഫലമെടുക്കേണ്ടതാണ്.

റമദാന്റെ അനുഗ്രഹങ്ങൾ വിവിധ ഹദീസുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവയിൽ ചിലത് വിവരിക്കാം. അല്ലാഹുതആല ഏതേതെല്ലാം രീതി

മുതൽ വൈകുന്നേരം വരെ അന്നപാനീയങ്ങൾ ഉപേക്ഷിച്ചുവെന്നുമാത്രം. അല്ലാഹു പറഞ്ഞ **'ലഅല്ലക്കും തത്തഖൂൻ'** പൂർത്തീകരിച്ചു അവന്റെ കല്പനകൾ അനുസരിച്ച് പ്രവൃത്തിക്കു മ്പോഴും നന്മയിൽ മുൻകടക്കാൻ ശ്രമിക്കുമ്പോഴുമാണ് റമദാനിൽ നന്മ പൂർണ്ണമാവുന്നത്. അപ്പോഴാണ് അല്ലാ ഹു അതിന്റെ പ്രതിഫലം പല ഇരട്ടിയാക്കിത്തരികയും ചെയ്യുന്നത്.

നബി (സ) തിരുമേനി അല്ലാഹു പറഞ്ഞതായി പറയുന്നു: '*നോമ്പ് എനിക്കു വേണ്ടിയുള്ളതാണ്, ഞാനാണ് അതിന് പ്രതിഫലം.*'

ഇത് ലഭിക്കുന്നതിന് ആത്മാർത്ഥമായി അല്ലാഹുവിനുവേണ്ടി എല്ലാ അനുവദനീയമായ കാര്യങ്ങളിൽ നിന്നും അവന്റെ കല്പനയനുസരിച്ച് സ്വയം വിട്ടുനിൽക്കണം. ചെയ്യരുതെന്ന് പറഞ്ഞിട്ടുള്ളത് ചെയ്യാതിരിക്കണം. എന്നല്ല, ഇവിടെ അവൻ അനുവദനീയമായതും ചെയ്യുന്നില്ല. നന്മകൾ ചെയ്യാൻ പരിശ്രമിക്കുന്നു. തിന്മകളെ തൊട്ട് ജാഗരൂകത പ്രകടിപ്പിക്കുന്നു. തന്റെ ആരാധനയുടെ നില മെച്ചപ്പെടുത്തുന്നു. അതുകൊണ്ട് ദൈവസാമീപ്യം പ്രാപിക്കാനും അവന്റെ തൃപ്തി കരസ്ഥമാക്കാനും അവൻ പറഞ്ഞ മാർഗ്ഗങ്ങളിലൂടെ നടന്നുകൊണ്ട് ആദ്യം മനുഷ്യൻ സ്വയം പരിശ്രമിക്കേണ്ടതായി വരും. അല്ലാഹുതആല ആദ്യത്തെ ഉത്തരവാദിത്തം മനുഷ്യന്റെ മേലാണിട്ടിരിക്കുന്നത്. അതായത് മനുഷ്യൻ എന്നിലേക്ക് ഒരുമുഴം അടുത്താൽ ഞാനവനിലേക്ക് രണ്ടുമുഴം അടുക്കുന്നതാണ്. എന്നിലേക്ക് ഒരുവൻ നടന്നടുത്താൽ, ഞാൻ അവനിലേക്ക് ഓടി അടുക്കുമെന്ന് അല്ലാ ഹു പറയുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടി തഖ്‌വ സ്വായത്തമാക്കിക്കൊണ്ട്, തന്നെ സ്നേഹിക്കുന്ന അല്ലാഹുവിലേക്ക് പോകണമെന്ന ചിന്ത എപ്പോഴും ഒരു സത്യവിശ്വാസിക്ക് ഉണ്ടാകേണ്ടതാണ്. സാധാരണക്കാരെക്കാൾ കൂടുതലായി അല്ലാഹു അത്തരക്കാരെ റമദാനിൽ സഹായിക്കുന്നു. അവരെ തന്റെ അഭയത്തിലെടുക്കുകയും

ഖുത്വ്ബ

# ഹോളണ്ട് ദൈവ കോപം ക്ഷണിച്ചുവരുത്തരുത്

## ഖലീഫത്തുൽ മസീഹ് - V

**ഹോളണ്ടിലെ ഒരു പാർലമെന്റംഗം വിശുദ്ധ ഖുർആനേയും റസൂൽ തിരുമേനി(സ)യേയും വിഷലിപ്തമായ വചനങ്ങളിൽ നിന്ദിച്ചതിനെതിരെ ഹോളണ്ടിൽ വെച്ചുതന്നെ നടത്തിയ താക്കീതുകളടങ്ങിയ ഖുത്വ്ബയുടെ സംഗ്രഹം (24–8–2007)**

ഇക്കാലത്ത് ഭൗതികതയിൽ ആമഗ്നനും ഭോഗാസക്തനുമായ മനുഷ്യൻ അല്ലാഹുവിൽ നിന്നും ധാർമികതയിൽനിന്നും മതാധ്യാപനങ്ങളിൽ നിന്നും അകന്നുകൊണ്ടിരിക്കുകയാണ്. സർവ്വ സൃഷ്ടികളിലും വെച്ച് ഉത്തമനായ മനുഷ്യന് നിർമ്മാണപരമായ പല കഴിവുകളും നൽകി അല്ലാഹു അനുഗ്രഹിച്ചിരിക്കുന്നു. ഇതിന് മനുഷ്യൻ തന്റെ സ്രഷ്ടാവിനോട് നന്ദി കാണിക്കുകയാണ് ചെയ്യേണ്ടത്. അതായത് ഏകനായ അല്ലാഹുവിനെ ആരാധിക്കുകയാണ് വേണ്ടത്. പക്ഷേ, ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നവർ ചുരുക്കമാണ്. യൂറോപ്പിലും പാശ്ചാത്യ നാടുകളിലും ദൈവനിന്ദകരുടെ എണ്ണം കൂടിവരുന്നു. ദൈവാഭീഷ്ടത്തിന് വിരുദ്ധമായത് അവർ പ്രവർത്തിക്കുക മാത്രമല്ല അല്ലാഹുവിനെ നിഷേധിക്കുകയും അവനെ പരിഹസിക്കുകയും ചെയ്യുന്നു. അത്തരത്തിലുള്ള ഗ്രന്ഥങ്ങൾ രചിക്കുകയും അത് ബെസ്റ്റ് സെല്ലറുകളായിത്തീരുകയും ചെയ്യുന്നു. അതുപോലെ അവർ പ്രവാചകന്മാരെ അവഹേളിക്കുകയും ചെയ്യുന്നു.

വാസ്തവത്തിൽ ഇവരുടെ മതം ഇവർക്ക് മനസ്സമാധാനം നൽകുന്നില്ല. ദൈവത്തെ ആരാധിക്കുന്നതിന് പകരം ദൈവത്തിന്റെ സ്ഥാനത്ത് അവർ തങ്ങളെത്തന്നെ സ്വയം ദൈവങ്ങളായി പ്രതിഷ്ഠിച്ചിരിക്കുകയാണ്. ജീവനുള്ള ദൈവത്തെയോ അവൻ കാണിക്കുന്ന അത്ഭുതങ്ങളോ അവർക്ക് തിരിച്ചറിയാൻ കഴിയുന്നില്ല. പ്രാർത്ഥനയുടെ തത്ത്വവും അവർക്കറിയില്ല. ദൈവത്തെ അവർ പരിഹാസപൂർവ്വം ചിത്രീകരിക്കുന്നു. മറ്റൊരുകൂട്ടർ പകയോടും വെറുപ്പോടുംകൂടി ഇസ്ലാമിനെ നോ ക്കിക്കാണുന്നവരാണ്. വിശുദ്ധ ഖുർആനേയും റസൂൽ തിരുമേനിയേയും (സ) പുതിയ രീതിയിൽ അവർ ആക്രമിക്കുന്നു. യാഥാർത്ഥ്യവുമായി പുലബന്ധം പോലുമില്ലാത്ത കാര്യങ്ങളാണ് അവരുടെ വിമർശനങ്ങൾ.

ഇവിടെ (ഹോളണ്ടിൽ) കഴിഞ്ഞ ദിവസം ഷീൽഡ് വെൽഡർ എന്ന ഒരു പാർലമെന്റംഗം ഇസ്ലാമിനെതിരെയുള്ള വിഷലിപ്തമായ ഒരു പ്രസ്താവന ഇറക്കിയിരുന്നു. പ്രസ്താവന ഇപ്രകാരമാണ്: *'ആളുകൾ സത്യം മനസ്സിലാക്കണമെന്നാണ് എന്റെ ആഗ്രഹം. കാര്യത്തിന്റെ തുടക്കം മുഹമ്മദി (സ)ൽ നിന്നാണ്. മുസ്ലിംകൾ സ്നേഹത്തിന്റെ പുരുഷനായിട്ടാണ് മുഹമ്മദിനെ സങ്കൽപ്പിക്കുന്നത്. വാസ്തവത്തിൽ അയാൾ അങ്ങനെയായിരുന്നില്ല. മക്കയിൽ ജീവിച്ചിരുന്നേടത്തോളം അയാളിൽ സ്നേഹമുണ്ടായിരുന്നു. പക്ഷേ, മദീനയിൽ ഘട്ടംഘട്ടമായി അയാൾ അക്രമത്തിലേക്ക് ചായുകയാണു'ണ്ടായത്.' (നഊദുബില്ലാഹ്) പ്രസ്താവന തുടരുന്നു: വിശുദ്ധ ഖുർആനിലെ 9-ാമത്തെ അധ്യായം 5-ാമത്തെ വചനത്തിൽ ക്രിസ്ത്യാനികളേയും യഹൂദികളേയും അക്രമിക്കാനുള്ള ആഹ്വാനം നിങ്ങൾക്ക് കാണാം. മിക്ക വചനങ്ങളും പരസ്പര വിരുദ്ധങ്ങളാണ്.' പിന്നീട് ഈ പാർലമെന്റംഗം ബൈബിളിനെ പുകഴ്ത്തിപ്പറഞ്ഞുകൊണ്ട് - തുടരുന്നു: ''ഖുർആനിൽ ഭരണവും മതവും തമ്മിൽ വെവ്വേറെ സങ്കൽപങ്ങളില്ല. ഇതിനെ നിങ്ങൾക്ക് നിഷേധിക്കാൻ സാധ്യമല്ല. മുഹമ്മദ് (നഊദുബില്ലാഹ്) അക്രമിയായിരുന്നു.* ഖുർആൻ തന്നെയും അക്രമത്തെ പ്രോ ത്സാഹിപ്പിക്കുന്നു."

ഖുർആൻ കണ്ടുകെട്ടണമെന്നു പറഞ്ഞ അയാൾ മുസ്ലിംകൾക്ക് രാജ്യത്ത് താമസിക്കാൻ ഇടം നൽകുന്നതിൽ രാഷ്ട്രീയക്കാരെ വിമർശിക്കുകയും ചെയ്തു. അയാളുടെ പ്രസ്താവന തുടരുന്നു: *''ഹോളണ്ടിൽ അല്ലാഹുവിന്റെ, ആരാധന കേട്ട് കേട്ട് ഞാൻ സഹികെട്ടുപോയിരിക്കയാണ്. ഖുർആന്റെ ചർച്ച കേട്ട് എന്റെ ക്ഷമ നശിച്ചിരിക്കുന്നു. ഈ ഫാസിസ്റ്റ് ഗ്രന്ഥം കണ്ടുകെട്ടേണ്ടതാണ്''* വാസ്ത

വത്തിൽ ഈ പാർലമെന്റംഗമാണ് ഇവിടെ ഫാസിസം വിളമ്പുന്നത്.

റസൂൽ തിരുമേനി (സ) മദീനയിലേക്ക് പലായനം ചെയ്ത ശേഷം അക്രമത്തിലേക്ക് തിരിയുകയായിരുന്നുവെന്ന് പറയുന്ന ഇയാൾ ഖുർആനോടുള്ള പകയാൽ അന്ധനായിരിക്കുകയാണ്. ഖുർആൻ ഇക്കൂട്ടർ വായിക്കുന്നില്ല എന്നത് പോകട്ടെ, വായിച്ചാൽ അന്ധരായ ഇവർക്ക് എങ്ങനെ അത് മനസ്സിലാവും? റസൂൽ തിരുമേനി (സ) മദീനയിലേക്ക് പലായനം ചെയ്തതിന് ശേഷം അവതരിച്ച മാഇദ സൂറയിൽ ***'ഒരു ജനതയോടുള്ള ശത്രുത അവരോട് നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ. നിങ്ങൾ നീതിയോടെ വർത്തിക്കുക. ഇത് തഖ്‌വയോട് ഏറ്റവും അടുത്ത കാര്യമാണ്.'*** (5:9). എന്ന് കാണാം. ഇത്ര മനോഹരമായ അധ്യാപനം ഏതെങ്കിലും മതത്തിൽ കാണിച്ചുതരുവാൻ സാധിക്കുമോ?

ഒരു സന്ധിക്കും തയ്യാറാവാതെ കടുത്ത പകയാൽ മുസ്‌ലിംകളുമായി നിരന്തരം യുദ്ധം ചെയ്യുകയും അരാജകത്വം സൃഷ്ടിക്കുകയും ചെയ്തിരുന്ന കുറ്റവാളികളായ ബഹുദൈവ വിശ്വാസികളെക്കുറിച്ചുള്ള ഒരു വചനം ഉദ്ധരിച്ച് വെൽഡർ നടത്തുന്ന വിമർശനം, അസത്യജടിലമാണ്. അങ്ങനെയാണെങ്കിൽ അയാൾ ഹോളണ്ടിലെ മുഴുവൻ കുറ്റവാളികളെയും നിർബാധം വിടാൻ സ്വന്തം നാട്ടിൽ നിയമം നിർമിക്കട്ടെ.

മുസ്‌ലിംകളുടെ ഗ്രന്ഥത്തേയും ആരാധനയേയും നിരോധിക്കണമെന്ന് പറയുന്ന ഇയാൾ പരാജിതനാണ്. ഹോളണ്ടിലെ മുഴുവൻ ഡച്ചുകാരും ഇസ്‌ലാം വിരുദ്ധരാണെന്ന് ഇതിന്നർത്ഥമില്ല. നീതിമാന്മാരായ ആളുകൾ അവിടെ ധാരാളമുണ്ട്. 'മതസ്വാതന്ത്ര്യത്തിന്നെതിരെ പറയാൻ വെൽഡർക്ക് യാതൊരവകാശവുമില്ല എന്ന് പറഞ്ഞ് മറ്റൊരു പാർലിമെന്റ് അംഗം അയാളെ രൂക്ഷമായി വിമർശിക്കുകയുണ്ടായി. മറ്റൊരംഗം വെൽഡറുടെ മതവിദ്വേഷ പ്രചാരണത്തിനെതിരെ പോലീസിൽ പരാതി നൽകിയിട്ടുണ്ട്. ഹോളണ്ടിലെ വിദേശകാര്യമന്ത്രിയടക്കം നിരവധി പേർ വെൽഡറുടെ പ്രസ്താവനക്കെതിരെ പ്രതികരിച്ചിട്ടുണ്ട്.

ലോകത്തെല്ലായിടത്തും വിശിഷ്യാ പാശ്ചാത്യൻ നാടുകളിൽ ആളുകളുടെ മനസ്സമാധാനം നശിച്ചിരിക്കുകയാണ്. മനസ്സമാധാനം ലഭിക്കാനാണ് അവർ ലഹരിവസ്തുക്കൾ ഉപയോഗിക്കുന്നത്. അല്ലാഹുവിലേക്കടുക്കുമ്പോഴാണ് യഥാർത്ഥ മനശ്ശാന്തി ലഭിക്കുന്നതെന്ന് നിങ്ങൾ അവരെ അറിയിക്കണം. അല്ലാഹുവിനെ നിന്ദിക്കുന്നവർക്കും ഇസ്‌ലാമിനെ വിമർശിക്കുന്നവർക്കും പിന്നാലെ പോകരുതെന്നും ഹോളണ്ട് ജനതയെ നിങ്ങൾ അറിയിക്കണം. അതിനെ ലംഘിക്കുന്നവർ അല്ലാഹുവിന്റെ ശിക്ഷ ക്ഷണിച്ചു വരുത്തുകയാണെന്നും അവരോടു പറയണം.

ലോകം മുഴുവൻ പ്രളയക്കെടുതികളാണ്. ഹോളണ്ട് പല സ്ഥലത്തും സമുദ്ര നിരപ്പിൽ നിന്നും താഴ്ന്ന പ്രദേശമാണ്. സമുദ്ര ജലം വറ്റിച്ച് ബണ്ട് കെട്ടിയും ഡാമുകൾ നിർമിച്ചുമാണ് അവിടെ പല പ്രദേശങ്ങളും നിലകൊള്ളുന്നത്. ഞാനത് കാണാൻ പോയിരുന്നു. അവർ തങ്ങളുടെ എൻജിനീയറിംഗ് വൈദഗ്ധ്യത്തിൽ ഊറ്റം കൊള്ളുന്നവരാണ്. അവിടെയുള്ള ഗൈഡ് പറഞ്ഞു: 'ഞങ്ങൾ ഹോളണ്ടിനെ സുരക്ഷിതമാക്കിയിരിക്കുന്നു' എന്ന്. ഞാൻ തിരുത്തി: 'അങ്ങനെ പറയാൻ പാടില്ല, 'സുരക്ഷിതത്തിന് വേണ്ടി ഞങ്ങളെക്കൊണ്ട് ചെയ്യാൻ കഴിയുന്നതിന്റെ പരമാവധി ഞങ്ങൾ ചെയ്തു' എന്നു പറയുക. അല്ലാഹുവാണ് ഈ സുരക്ഷിതത്വം എത്രത്തോളം നിലനിൽക്കുമെന്നറിയുന്നത്.' ഗൈഡ് അത് സമ്മതിച്ചു. തുടർന്ന് നാല് പ്രാവശ്യം ഹോളണ്ടിൽ സന്ദർശകർക്കുള്ള രജിസ്റ്ററിൽ ഞാൻ എന്റെ അഭിപ്രായം ഇങ്ങനെ രേഖപ്പെടുത്തി. 'കഠിനമായ മനുഷ്യ പ്രയത്നമാണ് ഇതിന്റെ പിന്നിലുള്ളത്. വിദഗ്ധമായ ആസൂത്രണത്തോടെ ഇത് നിർവഹിച്ചിരിക്കുന്നു. രാജ്യത്തെ രക്ഷിക്കാൻ എഞ്ചിനീയർമാർ നിർമ്മിച്ചതാണിത്. പക്ഷേ, എപ്പോഴും ഓർക്കേണ്ട ഒരു കാര്യമുണ്ട്. യഥാർത്ഥസുരക്ഷാപദ്ധതി അല്ലാഹുവിന്റേതാണ്. അല്ലാഹുവിനെ എപ്പോഴും സ്മരിച്ചുകൊണ്ടിരിക്കുക.'

ഏതായാലും പാശ്ചാത്യനും പൗരസ്ത്യനും എന്ന വ്യത്യസമില്ലാതെ ലോകം ദൈവ കോപം ജ്വലിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ലോകം മുഴുവനും പല കെടുതികളും ഭൂകമ്പങ്ങളും, പ്രകൃതി മരണങ്ങളും സംഭ വിച്ചു കൊണ്ടിരിക്കുന്നു. ഇസ്‌ലാമിന്റെ ശരിയായ ചിത്രം ലോകത്തിന് കാണിച്ചു കൊടുക്കാൻ ഓരോ അഹ്മദിയും അരയും തലയും മുറുക്കി രംഗത്തിറങ്ങണം. മസീഹ് മൗഊദ് (അ) പറയുന്നു: ***'ഞാൻ വന്നിട്ടില്ലായിരുന്നുവെങ്കിൽ ഈ ശിക്ഷയിൽ അല്പം താമസമുണ്ടാകുമായിരുന്നു. ഞാൻ വന്നതോടുകൂടി ദീർഘകാലമായി മറഞ്ഞുകിടന്നിരുന്ന അല്ലാഹുവിന്റെ കോപമിറങ്ങുക എന്ന തീരുമാനം വെളിപ്പെട്ടു കഴിഞ്ഞിരിക്കുന്നു.'***

കഴിഞ്ഞ നൂറ് വർഷത്തെ പ്രകൃതി ദുരന്തങ്ങൾ പരിശോധിച്ചാൽ അതിന്ന് മുമ്പുള്ള നൂറ്റാണ്ടുകളേക്കാൾ അതിന്റെ തീവ്രതയും ആവൃത്തിയും കൂടിയതായി കാണാം. കഴിഞ്ഞ വർഷത്തെ ചില കണക്കുകൾ പ്രകാരം ഇന്തോനേഷ്യ, സുമാത്ര, ആഫ്രിക്കൻ രാജ്യങ്ങൾ, പാകിസ്താൻ, ഇന്ത്യ മുതലായ രാജ്യങ്ങളിൽ ലക്ഷക്കണക്കിന് ആളുകൾ പ്രകൃതി ദുരന്തങ്ങൾമൂലം ഭവനരഹിതരാകുകയും മരിക്കുകയും ചെയ്തിരിക്കുന്നു. ഇത് വിളിച്ചോതുന്നത്, അല്ലാഹുവിന്റെ വിധി പ്രവർത്തിച്ചു തുടങ്ങിയിരിക്കുന്നു എന്നാണ്. ഖുർആൻ ചോദിക്കുന്നു: ***'കുതന്ത്രങ്ങൾ പ്രയോഗിക്കുന്നവരെ അല്ലാഹു ഭൂമിയിൽ ആഴ്ത്തിക്കളയുകയില്ലെന്നോ, അതല്ല, അവരറിയാത്ത ഭാഗത്തുകൂടി അവർക്ക് (മറ്റുവല്ല) ശിക്ഷയും വരികയില്ലെന്നോ അവർ വിചാരിച്ചു നിർഭയരായിരിക്കുകയാണോ?'*** (16:46)

*(ശേഷം 19-ൽ)*

ലേഖനം

# റബ്‌വ: രക്തസാക്ഷ്യങ്ങളുടെ പുണ്യസ്ഥലി

**ഡോ. ജോനതൻ എൻസർ**

### പാർലിമെന്റ്റി മനുഷ്യാവകാശ ഗ്രൂപ്പിന്റെ ഉപാദ്ധ്യക്ഷനായ എറിക് ആവ്ബെറിയുടെ മുഖവുര.

**പാ**കിസ്താനിൽ വളർന്നു വരുന്ന അസഹിഷ്ണുതയുടേയും മത ഭ്രാന്തിന്റേയും വേലിയേറ്റം 1976ൽ പാർലിമെന്ററി മനുഷ്യാവകാശ ഗ്രൂപ്പ് രൂപീകരിക്കപ്പെട്ടതു മുതൽ ആശങ്കയോടെ നിരീക്ഷിക്കപ്പെട്ട കാര്യമാണ്, പ്രത്യേകിച്ചും ആ രാജ്യത്ത് ജീവിക്കുന്ന അഹ്മദിയ്യാ മുസ്‌ലിം സമുദായ യാംഗങ്ങളുടെ മേൽ ഈ പ്രവണതകൾ ഉളവാക്കിയ ദാരുണഫലങ്ങൾ. പാകിസ്താൻ സ്വാതന്ത്ര്യം നേടിയ ആദ്യകാലങ്ങളിൽ പാകിസ്താന്റെ പ്രഥമ വിദേശകാര്യ മന്ത്രിയായിരുന്ന സർ സഫറുല്ലാഹ്ഖാൻ, ഭൗതിക ശാസ്ത്രത്തിൽ നോബൽ സമ്മാനം നേടിയ പ്രൊഫസ്സർ അബ്ദുസ്സലാം തുടങ്ങിയ കഴിവുറ്റ വ്യക്തികൾക്ക് തങ്ങളുടെ തൊഴിലിൽ ഉന്നതസ്ഥാനം പ്രാപിക്കാൻ കഴിയുമായിരുന്നു. എന്നാൽ ഇന്ന് അഹ്മദികളുടെ ജീവനും സ്വത്തും ബഹുമുഖമായ ഭീഷണികൾ നേരിടുകയാണ്. അഹ്മദികളുടെ പൗരസ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു. പൊതുയോഗങ്ങൾ ചേരുന്നത് വിലക്കപ്പെടുന്നു. ഉന്നത വിദ്യാഭ്യാസം നിഷേധിക്കപ്പെടുന്നു. ഏറ്റവും താണനിലയിലുള്ളതൊഴിച്ചുള്ള സർക്കാർ ജോലികളിൽ നിന്ന് തടയപ്പെടുന്നു.

1996-ൽ പാർലിമെന്റിന്റെ മനുഷ്യാവകാശ ഗ്രൂപ്പ് നിയമിച്ച കമ്മീഷൻ അന്നത്തെ അഹ്മദികളുടെ അവസ്ഥയുടെ ഒരു രൂപരേഖ നൽകുന്നു. കൊലപാതകം, അന്യായമായ അറസ്റ്റ്, തടവിലാക്കൽ, അഹ്മദി പള്ളികളുടെ മേൽ ആക്രമണം, സാർവത്രികമായ മതവിവേചനം എന്നിവ അതിൽ വിവരിച്ചിരിക്കുന്നു. മതപരമായ അസഹിഷ്ണുതയെസ്സംബന്ധിച്ച് അന്വേഷിച്ച യു.എൻ. റിപ്പോർട്ടർ തന്റെ പാകിസ്താൻ സന്ദർശന റിപ്പോർട്ടിൽ സമൂഹത്തിൽ അസഹിഷ്ണുത വളർത്തുന്നതാണ് അവിടുത്തെ നിയമങ്ങൾ എന്നു പറഞ്ഞിരുന്നു. അഹ്മദിയ്യാ വിരുദ്ധ നിയമം പ്രത്യേകിച്ചും ചോദ്യം ചെയ്യപ്പെടേണ്ടതാണെന്നും ചില കാര്യങ്ങളിൽ അവ തികച്ചും അനാവശ്യമാണെന്നും ആ റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

2000-ാമാണ്ടിൽ ഇസ്‌ലാമാബാദിൽ വെ ച്ചു നടന്ന പ്രസിഡണ്ട് മുഷ്റഫിന്റെ മനുഷ്യാവകാശ പരിപാടിയുടെ ഉൽഘാടനത്തിന് ഞാൻ സംബന്ധിച്ചിരുന്നു. മതനിന്ദ ആരോപിക്കപ്പെട്ടാൽ പ്രഥമ വിവര റിപ്പോർട്ട് (FIR) ഒരു ഉന്നത പോലീസ് ഓഫീസറുടെ അംഗീകാരത്തോടെ ആക്കിക്കൊണ്ട് മതനിന്ദാനിയമത്തിന്റെ ദുഷ്ഫലങ്ങൾ ലഘൂകരിക്കാൻ താൻ ഉദ്ദേശിക്കുന്നതായി മുഷ്റഫ് പറഞ്ഞപ്പോൾ അതിൽ ഞാൻ സംതൃപ്തി പ്രകടിപ്പിച്ചിരുന്നു. നിർഭാഗ്യവശാൽ, പരിഷ്കരണത്തിന്റെ ഈ സൂചനയെ അഹ്മദിയ്യാ വിരുദ്ധ ലോബി ശകാരം കൊണ്ടും കുത്തുവാക്കുകൾ കൊണ്ടുമാണ് എതിരേറ്റത്. അങ്ങനെ ആ ഇളവ് പിൻവലിക്കപ്പെട്ടു. വർദ്ധിച്ചു കൊണ്ടിരുന്ന പിരിമുറുക്കത്തിന് അതു മുതൽ ഒരു കുറവും വന്നില്ല. അഹ്മദികൾക്കെതിരിൽ ***'ഖത്ത്മെ നുബുവ്വത്ത്'*** സംഘടനയുടെ ശകാരവർഷം ലഘൂകരിക്കപ്പെട്ടുമില്ല. മതനിന്ദയാണെന്ന് ഭൂരിപക്ഷം കരുതുന്ന വീക്ഷണങ്ങൾ കൈക്കൊണ്ട അഹ്മദികൾക്കെതിരിൽ പാവങ്ങളും അജ്ഞരുമായ ഭൂരിപക്ഷത്തെ ഇളക്കിവിടുക എന്നത് എളുപ്പമായിരുന്നു. രാജ്യത്തിലെ നിയമമുപയോഗിച്ച് 'മതനിന്ദകരെ' പൗരന്മാരല്ലാത്തതാക്കിത്തീർക്കാൻ സാധിക്കുമെന്നത് നമ്മുടെ ചരിത്രത്തിൽ നിന്ന് തന്നെ നമുക്കറിയാൻ സാധിക്കുന്നതാണ്. ആ വഴി അവസാനം കൂട്ടക്കൊലയിലാണ് ചെന്നെത്തുക. ഈയ്യിടെയായി പാകിസ്താനിലെ പീഡനത്തിൽ നിന്നും രക്ഷനേടാൻ നിരവധി അഹ്മദികൾ യു.കെ.യിൽ അഭയം തേടിക്കൊണ്ടിരിക്കുന്നു. പലർക്കും അഭയം കിട്ടുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആനുപാതികമായി അനേകരുടെ അപേക്ഷകൾ നിര

സിക്കപ്പെട്ടിട്ടുമുണ്ട്. അഭയാർത്ഥി കീഴ്നടപ്പിന്റെ അർത്ഥപരിധിയിൽ അപേക്ഷകന് പീഡനത്തെക്കുറിച്ച് സുസ്ഥാപിതമായ ഭയം ഉണ്ടാവാനിട യുണ്ടെങ്കിലും, അയാളെ സ്വദേശ ത്തേക്കു തന്നെ തിരിച്ചയക്കുകയാണെ ങ്കിൽ അയാൾ അഹ്മദി ഭൂരിപക്ഷ മുള്ള റബ്‌വ പട്ടണത്തിലേക്ക് കുടിയേ റിപ്പാർത്താൽ സുരക്ഷിതനായിരിക്കും എന്നാണ് ഇതിനു പറഞ്ഞ കാരണം.

റബ്‌വയിൽ നിന്ന് ഞങ്ങൾക്ക് ലഭിച്ച തെളിവുപ്രകാരം റബ്‌വയിലെ ജീവിതത്തിലും കർശനമായ നിയന്ത്ര ണമുണ്ടായിരുന്നു. അവിടുത്തെ നിവാ സികൾക്കും മറ്റിടങ്ങളിലെ അതേ അവസ്ഥ തന്നെയായിരുന്നു. അവർ ക്കെതിരെ ഇടക്കിടെ അക്രമവും ഭീഷ ണിയും ഉണ്ടായിട്ടുണ്ട്. എണ്ണക്കൂടുത ലുള്ളത് കൊണ്ടു മാത്രം അവർ സുര ക്ഷിതരായിരുന്നില്ല.

ഒരു വിദഗ്ധ പാനലിനെ റബ്‌വ സന്ദർശിക്കാൻ ക്ഷണിക്കാനും ചർച്ച കൾ നടത്താനും ഇസ്‌ലാമാബാദിലെ ഭരണാധികാരികളെ കാണാനും തീരു മാനമുണ്ടായി. അഹ്മദികളുടെ ജീവി തസാഹചര്യങ്ങളെക്കുറിച്ചുള്ള ശരി യായ ഒരു ചിത്രം ലഭിക്കുന്നതിന്നുവേ ണ്ടിയായിരുന്നു ഇത്. ഡോ. ജോനതൻ എൻസർ, സീനിയർ റിസർച്ച് ഓഫീ സർ, ഇമിഗ്രേഷൻ അഡ്വൈസറി സർവ്വീസ്, ഫ്രാൻസിസ് അല്ലൻ, മിമെ ക്കൽ എൽകൻ, ഇമിഗ്രേഷൻ പ്രാക്റ്റീ ഷണേർസ് എന്നിവർ വളരെ ഔദാര്യ പൂർവ്വം ഈ പ്രോജക്ടിനു വേണ്ടി അവരുടെ സമയം വിനിയോഗിച്ചു. റബ്‌വ സന്ദർശനം മാത്രമായിരുന്നില്ല, പ്രാഥമിക യോഗങ്ങൾ ചേരാനും റിപ്പോർട്ടുകൾ തയ്യാറാക്കാനും വളരെ യധികം സമയം ചെലവിടേണ്ടതുണ്ടാ യിരുന്നു. അവരുടെ പ്രവർത്തനങ്ങ ളുടെ പേരിൽ PHRG (യു.കെ.യിലെ മനുഷ്യാവകാശ ഗ്രൂപ്പ്) അവരോട് കൃതജ്ഞത രേഖപ്പെടുത്തുന്നു. അപ്പീ ലുകളിൽ തീരുമാനമെടുക്കുന്ന കാര്യ ത്തിൽ ഇതിന് മഹത്തായ സംഭാവന കൾ നല്കാൻ കഴിയുമെന്ന് ആശി ക്കുന്നു.

റിപ്പോർട്ടിൽ നിഗമനങ്ങളൊന്നും ഇല്ല. വസ്തുതകളെ സ്വയം സംസാ രിക്കാൻ വിട്ടിരിക്കയാണ്. 2005ൽ അഹ്മദികൾക്കെതിരിൽ രേഖപ്പെടു ത്തപ്പെട്ട 60 മതനിന്ദാ പ്രഥമവിവരറി പ്പോർട്ടുകളിൽ 25 എണ്ണം റബ്‌വയിൽ മാത്രമുള്ളതാണ്. ഇത് സൂചിപ്പിക്കു ന്നത്, പാകിസ്താനിൽ മറ്റെവിടെയു മെന്നപോലെ റബ്‌വയിലും നിയമങ്ങൾ ദുരുപയോഗപ്പെടുത്തപ്പെടുന്നു എന്നാ ണ്. സാഹിത്യവിതരണം, വിശ്വാസപ്ര ചാരണം, ഫണ്ട് ശേഖരണം എന്നിവ യുടെ പേരിൽ മറ്റെവിടെയുമെന്ന പോലെ റബ്‌വയിലും അഹ്മദികൾ ക്കെതിരെ നടപടിയുണ്ടായി. അതിന്റെ പേരിൽ ഒരു വാർത്താപത്രം നിർത്തു കയുണ്ടായി. ഇതെല്ലാം ആഭ്യന്തരമ ന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരമായി രുന്നുവെന്നതിന് ദൗത്യസംഘത്തിന് തെളിവുകൾ ലഭിക്കുകയുണ്ടായി. ഒരു ഖത്തമെ നുബുവ്വത്ത് പള്ളിയും മദ്ര സ്സയും ഉള്ളതിനാൽ റബ്‌വയിൽ അഹ്മദികൾ കൂടുതൽ യാതനകൾ അനുഭവിക്കുന്നു. മേൽസ്ഥാപനങ്ങൾ അഹ്മദികൾക്കെതിരെ നിരന്തരം വിദ്വേഷം പ്രചരിപ്പിക്കുന്നു. അതിനാൽ വ്യവസ്ഥാപിതമായ നിലയിൽത്തന്നെ ഭീഷണിയും അക്രമവും ഉണ്ടാവുന്നു. തന്റെ അനുയായികൾ "അഹ്മദി കൾക്ക് മരണം" എന്ന് മന്ത്രിച്ചുകൊ ണ്ടിരിക്കയാണെന്ന് മുല്ല സമ്മതിച്ചെ ങ്കിലും വ്യക്തികൾക്കെതിരെ ആക്ര മണമില്ല, വിശ്വാസത്തെയാണ് തങ്ങൾ എതിർക്കുന്നതെന്ന നാട്യത്തിലാ ണവർ.

അഹ്മദികൾക്ക് വോട്ട് ചെയ്യാൻ സാധിക്കാത്തതിനാൽ അവരെ വോ ട്ടർപ്പട്ടികയിൽ രജിസ്റ്റർ ചെയ്ക പോലും ചെയ്തിട്ടില്ല. റബ്‌വയിലെ പ്രാദേശിക ഭരണത്തിൽ അവർക്ക് പങ്കില്ല. പ്രാദേശിക പോലീസിലും ഓഫീസർമാരിലും അവരെ കണ്ടെ ത്തില്ല. പട്ടണത്തിലെ പൊതുകാര്യ ങ്ങൾ ക്കായി സർക്കാർ ഒന്നും ചെല വഴിക്കുന്നില്ലെന്നാണ് തെളിവുകൾ ചൂണ്ടിക്കാണിക്കുന്നത്. ഓവുചാലു കളും റോഡുകളും അഹ്മദികൾ സ്വയം അറ്റകുറ്റപ്പണി നടത്തുകയാണ് ചെയ്യുന്നത്. മറ്റിടങ്ങളിലെന്നപോലെ റബ്‌വയിലും സുൽഫിക്കർ അലി ഭൂട്ടോ സ്കൂളുകൾ ദേശസാൽക്കരിച്ചി രിക്കയാണ്. 1996ലാണ് ഇവ ദേശ സാൽക്കരിച്ചിട്ടുള്ളത്. പക്ഷേ, റബ്‌വയിൽ അഹ്മദികൾ ഇവ വാങ്ങി യെങ്കിലും ഇപ്പോഴും അവ സർക്കാർ ഉടമസ്ഥതയിലാണുള്ളത്. അവയാ കട്ടെ അപകടാവസ്ഥയിലുമാണ്.

റബ്‌വയിലെ അഹ്മദികളുടെ ജീവിതം സന്നിഗ്ധാവസ്ഥയിലാ ണെന്ന് ഈ റിപ്പോർട്ട് വളരെ വ്യക്ത മാക്കുന്നു. അവർക്ക് വിദ്യാഭ്യാസ ത്തിനും തൊഴിലിനുമുള്ള അവസരം നിഷേധിക്കപ്പെടുന്നു. 'ഖത്ത്മെന്നുബു വ്വത്ത്'കാരുടെ ഭീഷണി എപ്പോഴുമുണ്ട്. നാഴികകൾക്കപ്പുറത്ത് നിന്ന് വരുന്ന വാടകജനക്കൂട്ടം അഹ്മദികൾ വികസി പ്പിച്ചെടുത്ത പട്ടണത്തിൽ അവർ ഭൂമി വാങ്ങുന്നതിനെ തടസ്സപ്പെടുത്തുന്നു. സിവിൽ, പൊളിറ്റിക്കൽ അവകാശ ങ്ങളെസ്സംബന്ധിച്ച യു.എൻ. തീട്ടൂരം അനുശാസിക്കുന്ന, മതം അനുഷ്ഠി ക്കാനും പഠിപ്പിക്കാനുമുള്ള അവ കാശം അഹ്മദികൾക്ക് നിഷേധിക്ക പ്പെട്ടിരിക്കയാണ്. കുപ്രസിദ്ധമായ മതനിന്ദാനിയമനുസരിച്ച് പ്രോസിക്യൂട്ട് ചെയ്യപ്പെടുമെന്ന നിരന്തരഭീഷണിയി ലാണ് അഹ്മദികൾ. പാകിസ്താനിലെ ഇതരഭാഗങ്ങളിൽ നിന്ന് പീഡനം കാര ണത്താൽ ഓടി രക്ഷപ്പെടുന്ന വർക്കുള്ള സുരക്ഷിതമായ അഭയസ ങ്കേതമല്ല റബ്‌വ. വെറുപ്പ് നിറഞ്ഞ മുല്ലമാരും മിക്കവാറും ഉർദുമാദ്ധ്യമ ങ്ങളും നയിക്കുന്ന അക്രമാസക്തമായ വിഭാഗീയ ശക്തികളുടെ കാരുണ്യ ത്തിൽ കഴിയേണ്ടി വരുന്ന ഒരു അവ സ്ഥയാണ് അഹ്മദികൾക്കവിടെയുള്ള ത്. അവിടെ അഹ്മദികൾക്ക് പുരോ ഗതിക്ക് യാതൊരു സാദ്ധ്യതയുമി ല്ലെന്ന കാര്യം ഈ റിപ്പോർട്ടിന്റെ വക്താക്കൾ വെളിപ്പെടുത്തുന്നു. അതി നാൽ ഇനിയും കൂടുതൽ ഇരകളെ അവിടേയ്ക്ക് നാടുകടത്തരുത്.

**1. മുഖവുര**

**1.1. ദൌത്യസംഘത്തിനുള്ള പശ്ചാ ത്തലവിവരണം**

'ഇന്ത്യയിലെ ഖാദിയാനിൽ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്*

(1835-1908) 1889ൽ സ്ഥാപിച്ച മതസംഘടനയാണ് ഇസ്‌ലാമിലെ അഹ്മദിയ്യാ പ്രസ്ഥാനം. വിവിധ മതാനുയായികൾ പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന മസീഹും വാഗ്ദത്ത പരിഷ്ക്കർത്താവുമാണ് താനെന്ന് അദ്ദേഹം അവകാശപ്പെട്ടു. അഹ്മദിന് ധാരാളം അനുയായികളുമുണ്ടായി. പക്ഷേ, ഇതര മുസ്‌ലിംകൾ അദ്ദേഹത്തിന്റെ അവകാശവാദം ശക്തമായി നിരാകരിച്ചു. മുഹമ്മദ്** അവസാനപ്രവാചകനാണെന്നും അദ്ദേഹത്തിനുശേഷം മറ്റു പ്രവാചകനോ മസീഹോ ഉണ്ടാകാവതല്ലെന്നും അവർ ശഠിച്ചു. അഹ്മദിയ്യാ പ്രസ്ഥാനത്തെ കഠിനമായി എതിർക്കുന്നവർ, അഹ്മദികൾ മുസ്‌ലിംകളാണെന്ന കാര്യം തന്നെ തള്ളിക്കളയുന്നു. അഹ്മദികളെ മതപരിത്യാഗികളായിക്കരുതുകയും ചെയ്യുന്നു.

1947ൽ ബ്രിട്ടീഷുകാർ ഇന്ത്യയിൽ നിന്ന് പിൻവാങ്ങിയപ്പോൾ ആയിരക്കണക്കിന് മുസ്‌ലിംകളോടൊപ്പം അഹ്മദികളും ഖാദിയാനിൽ നിന്ന് ഇപ്പോൾ പശ്ചിമ പാകിസ്താൻ എന്നറിയപ്പെടുന്ന സ്ഥലത്തേക്ക് പലായനം ചെയ്തു. പാകിസ്താനിലെ പുതിയ സർക്കാരുമായുള്ള നല്ല ബന്ധം കാരണം നിരവധി അഹ്മദി നേതാക്കന്മാർ പഞ്ചാബിലെ ചിനിയോട്ടിനു സമീപം 1043 ഏക്കർ തരിശുഭൂമി സർക്കാരിൽ നിന്ന് വിലയ്ക്കുവാങ്ങി. അവിടെ അഹ്മദികൾ, റബ്‌വ പട്ടണം സ്ഥാപിക്കുകയും വികസനപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. പാകിസ്താനിലെ അഹ്മദികളുടെ തലസ്ഥാനവും ഭരണകേന്ദ്രവുമാണ് റബ്‌വ. ഖാദിയാനിലുള്ള അവരുടെ ആത്മീയ കേന്ദ്രത്തിന്റെ പ്രതിച്ഛായയാണ് റബ്‌വ. അഹ്മദിയ്യാ സമൂഹം പുണ്യമായിക്കരുതുന്ന സ്ഥലങ്ങൾ അവിടെയുണ്ട്. എന്നിരിക്കിലും, 1953ലെയും 1974ലെയും അഹ്മദിയ്യാ വിരുദ്ധ പ്രക്ഷോഭങ്ങൾ കാരണം ഗവൺമെന്റുമായുള്ള അഹ്മദികളുടെ ബന്ധം വളരെ മോശമായി. പട്ടണത്തിൽ അനഹ്മദി മുസ്‌ലിം സമൂഹം സ്ഥാപിക്കാൻ ഗവർമ്മെണ്ട് പ്രേരിതമായി. ഇന്ന് റബ്‌വയിൽ അനഹ്മദികളുടെ പള്ളി, മദ്രസ്സ എന്നിവ കൂടാതെ, നഗരത്തിന്റെ പ്രാന്തപ്രദേശത്തുള്ള നിവാസികളുടെ 'മുസ്‌ലിം കോളനി'യുമുണ്ട്. ഖത്ത്മെനുബുവ്വത്ത്, (പ്രവാചകത്വ പരിസമാപ്തി സംരക്ഷിക്കാനുള്ള കമ്മിറ്റി) പാകിസ്താനിലുടനീളം അനുയായികളുള്ള ഗ്രൂപ്പ്, പത്തൊമ്പതാം നൂറ്റാണ്ടിലെ മസീഹിലുള്ള അഹ്മദിയ്യാ വിശ്വാസത്തെ പ്രത്യേകമായി എതിർക്കുന്നവരാണ്. റബ്‌വ പട്ടണത്തിന്റെ അതിർത്തിയിലുള്ള ഒരു പള്ളി കേന്ദ്രീകരിച്ചുള്ള ഇവരുടെ ഒരു ഗ്രൂപ്പ് റബ്‌വയിലുമുണ്ട്.

അഹ്മദികൾ തങ്ങളെക്കുറിച്ച് മുസ്‌ലിംകളാണെന്ന് കരുതുകയും ഇസ്‌ലാമികാചാരങ്ങളാണ് തങ്ങളനുഷ്ഠിക്കുന്നതെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. മുഹമ്മദി** നെ ഇസ്‌ലാമിലെ അവസാന പ്രവാചകനായി സ്വീകരിക്കുന്നില്ലെന്നതിനാൽ അഹ്മദികളെ അമുസ്‌ലിംകളായി പ്രഖ്യാപിച്ചുകൊണ്ട് 1974ൽ പാകിസ്താൻ പ്രധാനമന്ത്രി ഭൂട്ടോ ഒരു ഭരണഘടനാഭേദഗതി നടപ്പിൽ വരുത്തി. 1974നെത്തുടർന്നുള്ള ദശകങ്ങളിൽ പാകിസ്താൻ നിയമത്തിൽ അഹ്മദികളുടെ അവസ്ഥ കൂടുതൽ അപകടകരമായി. പാകിസ്താനിലെ സിവിൽ ക്രിമിനൽ നിയമങ്ങൾ ഇസ്‌ലാമീകരിക്കാൻ എൺപതുകളിൽ സിയാവുൽ ഹഖ് എടുത്ത നടപടികൾ എല്ലാ മതന്യൂനപക്ഷങ്ങളേയും പ്രത്യേകിച്ച് അഹ്മദികളെ പ്രതികൂലമായി ബാധിച്ചു. 1984ൽ പ്രഖ്യാപിച്ച ഓർഡിനൻസ് പ്രകാരം സെക്ഷൻ 298 ബി, 278 സി കൂട്ടിച്ചേർത്തുകൊണ്ട് പാകിസ്താൻ ശിക്ഷാനിയമം ഭേദഗതി ചെയ്തു. ഈ രണ്ടു സെക്ഷനുകളും അഹ്മദികളെ പ്രത്യേകമായി ബാധിക്കുന്നതും അവരുടെ മതസ്വാതന്ത്ര്യത്തേയും അഭിപ്രായപ്രകടനസ്വാതന്ത്ര്യത്തേയും കൂടുതൽ ഹനിക്കുന്നതുമായിരുന്നു. ഉദാഹരണമായി, സെക്ഷൻ 298 സി പരാമർശിക്കപ്പെട്ടിരിക്കുന്നത് 'അഹ്മദിയ്യാ വിരുദ്ധ നിയമങ്ങൾ എന്ന നിലയിലാണ്. ഇത് പ്രകാരം തങ്ങളെ മുസ്‌ലിം എന്ന് വിളിക്കാനോ; മുസ്‌ലിം എന്ന നിലയിൽ നിൽക്കാനോ, തങ്ങളുടെ വിശ്വാസത്തെ ഇസ്‌ലാം എന്ന് വിളിക്കാനോ, തങ്ങളുടെ വിശ്വാസം പ്രബോധിക്കാനോ, പ്രചരിപ്പിക്കാനോ, മുസ്‌ലിംകളുടെ 'മതവികാരങ്ങൾ' വ്രണപ്പെടുത്താനോ പാടില്ലാത്തതാണ്. പാകിസ്താൻ ശിക്ഷാനിയമത്തിലെ 295, 296, 297, 298 എന്നീ സെക്ഷനുകളിലുള്ള മേല്പറഞ്ഞ 'മതനിന്ദാനിയമങ്ങൾ' അന്തർദ്ദേശീയ നിരീക്ഷകന്മാരാൽ നിരന്തരം അപലപിക്കപ്പെട്ടിട്ടുണ്ട്. പ്രകടന, മത, അഭിപ്രായസ്വാതന്ത്ര്യങ്ങളിൽ ഞെരുക്കമുണ്ടാക്കുന്നതും മതനിന്ദയുടേയും മറ്റു മതപരമായ കുറ്റങ്ങളുടേയും പേരിൽ അവ്യക്തമായി നിർവ്വചിക്കപ്പെട്ടതുമായ ആരോപണങ്ങൾ ഉന്നയിച്ച് വ്യക്തികളെ തടവിലാക്കുന്നതിനെ സുകരമാക്കുന്നതുമാണ് ഈ സെക്ഷനുകൾ എന്ന് നിരീക്ഷകർ പറയുന്നു. 1986ൽ പാകിസ്താൻ ശിക്ഷാനിയമത്തിൽ കൂട്ടിച്ചേർത്ത വകുപ്പുകൾ (സെക്ഷൻ 295 ബി, 295 സി എന്നിവ) പ്രകാരം വിശുദ്ധ ഖുർആനേയും പ്രവാചകനേയും** അപകീർത്തിപ്പെടുത്തുന്നത് മരണശിക്ഷ, ജീവപര്യന്തം തടവും പിഴയും എന്നീ കഠിന ശിക്ഷകൾക്ക് വിധേയമാക്കാവുന്ന കുറ്റമായി. 1991ൽ ശരീഫ് ഗവർമ്മെണ്ട് നബി നിന്ദ വധാർഹമായ കുറ്റമായി പ്രഖ്യാപിച്ചു. (തുടരും) ●

***(The Review of Religions, March 2007)***

***വിവ: കെ.വി. ഹസ്സൻകോയ***
***കോഴിക്കോട്***

* (അ) അലൈഹിസ്സലാം
** സ - സല്ലല്ലാഹു അലൈഹിവസല്ലം

## സമ്പന്നർക്കു മാത്രമുള്ള സൽക്കാരം

സാധുക്കളെ അവഗണിച്ചും സമ്പന്നരെ മാത്രം ക്ഷണിച്ചുകൊണ്ടുമുള്ള സൽക്കാരം വളരെ ഹീനമാണ്. ക്ഷണനം സ്വീകരിക്കാത്തവൻ അല്ലാഹുവിനോടും റസൂലിനോടും അനുസരണയില്ലാത്തവനാണ്. (ബുഖാരി).

ലേഖനം

# മുസ്‌ലിം സഹോദരങ്ങൾക്ക് ഒരു ചിന്താ മുഹൂർത്തം!

എൻ. കുഞ്ഞഹ്മദ്, കണ്ണൂർ

**മുസ്‌ലിം ലോകത്തിനുമേൽ ദുരിതങ്ങളും ദുരന്തങ്ങളും മേൽക്കുമേൽ വർഷിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ഈ സന്ദർഭത്തിൽ വന്നണഞ്ഞ പരിശുദ്ധ റമദാനിൽ മുസ്‌ലിം സഹോദരന്മാർ വാഗ്ദത്ത മസീഹായി അല്ലാഹു അയച്ച ഹദ്റത്ത് അഹ്മദി(അ)ന്റെ സത്യത്തെക്കുറിച്ച് എല്ലാത്തിനും ഉത്തരം നൽകുന്ന അല്ലാഹുവിനോട് ഹൃദയപൂർവ്വം ചോദിക്കുക. പ്രാർത്ഥിക്കുക.**

പരിശുദ്ധ റമദാൻ മാസത്തെ അത്യാഹ്ലാദപൂർവ്വം കെട്ടിപ്പുണരുന്ന മുസ്‌ലിം സഹോദരങ്ങൾക്ക് പ്രാർത്ഥനയുടെ വിലപ്പെട്ട നാളുകളാണിത്.

ജീവിതത്തിന്റെ എല്ലാ മേഖലകളിലും മാർഗ്ഗദീപം തെളിയിച്ച ഇസ്‌ലാം, സത്യവും അസത്യവും വേർതിരിച്ചറിയാനുള്ള മനുഷ്യമനസ്സിന്റെ അന്വേഷണവ്യഥകൾക്കും പരിഹാരം നിർദ്ദേശിക്കുന്നുണ്ട്. ജീവിച്ചിരിക്കുമ്പോൾ കിട്ടുന്ന ഈ സുവർണ്ണാവസരം ഓരോ മുസൽമാനും ഉപയോഗപ്പെടുത്തേണ്ടതാണ്. എന്നാൽ കണ്ണുകളിൽ ഇരുട്ട് കയറുന്ന അന്ത്യ നിമിഷങ്ങൾവരെ കാത്തിരിക്കുന്നവർക്ക് ഈ അവസരം ലഭ്യമാകുന്നില്ല. അവർ നിർഭാഗ്യവാന്മാരുടെ നിറം മങ്ങിയ ലോകത്തിലേക്ക് എന്നെന്നേക്കുമായി മറഞ്ഞുപോകുന്നു!

മനസ്സും ശരീരവും ത്യാഗത്തിന്റെ തീച്ചൂളയിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന ഈ പുണ്യ വ്രത ദിനങ്ങളിൽ ആത്മാവിനെ ശുദ്ധികലശം ചെയ്തെടുക്കാനുള്ള ചിന്താമുഹൂർത്തം കൂടിയാണിത്. ഈ സന്ദർഭത്തിൽ മുസ്‌ലിം ലോകം ആഴത്തിൽ ചിന്തിക്കാതെ പോയ രണ്ട് ഖുർആൻ സൂക്തങ്ങളുടെ അർത്ഥവ്യാപ്തിയും അതിൽ നിന്ന് രൂപംകൊള്ളുന്ന സന്ദേശങ്ങളുമാണ് ഇവിടെ ചർച്ചാവിഷയമാകുന്നത്. സാർവ്വകാലികവും സാർവ്വജനീനവുമായ ഇസ്‌ലാം മതത്തിന്റെ മഹാനായ പ്രവാചകൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടെ ആവിർഭാവത്തെക്കുറിച്ച് വിശുദ്ധ ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു:

***"അവനത്രെ, അക്ഷരജ്ഞാനമില്ലാത്ത ഒരുജനതയിൽ (അറബികളിൽ) അവരിൽ നിന്നുള്ള ഒരു റസൂലിനെ എഴുന്നേല്പിച്ചിട്ടുള്ളത്." (62:3)***

മേലുദ്ധരിച്ച ഖുർആൻ വചനം അറേബ്യൻ ജനതയേയും നബിതിരുമേനി (സ)യുടെ ആഗമനത്തേയും സൂചിപ്പിക്കുന്നതാണെന്ന കാര്യത്തിൽ ആർക്കും ഒട്ടും സന്ദേഹത്തന്നവകാശമില്ല. എന്നാൽ മുസ്‌ലിം ലോകം ശ്രദ്ധിക്കാതെപോയ മറ്റൊരു ഖുർആൻ സൂക്തവും അതോടൊപ്പം തന്നെയുണ്ട്:

***"അവരോടൊപ്പം ഇതേവരെ ചേർന്നിട്ടില്ലാത്ത മറ്റൊരു ജനതയിലും (അവൻ ദൂതനെ അയക്കുന്നതാണ്)." (62.4)***

### ഏതാണ് ഈ മറ്റൊരു ജനത?

ഈ ചോദ്യത്തിന് ഉത്തരം ലഭിക്കണമെങ്കിൽ അറബികളോട് ചേരാത്ത ഒരു ജനതയേയും അവരിൽനിന്നുള്ള ഒരു പ്രവാചകനേയും മുസ്‌ലിംകൾ കണ്ടെത്തേണ്ടതുണ്ട്. മാത്രമല്ല, ഒന്നാമത്തെ വചനത്തിൽ നബിതിരുമേനി (സ)യുടെ ഭൂതകാലത്തേയും, രണ്ടാമത്തെ വചനത്തിൽ തിരുമേനിയുടെ ഭാവികാലത്തേയുമാണ് ഖുർആൻ സൂചിപ്പിക്കുന്നത്. അപ്പോൾ വിശുദ്ധ ഖുർആൻ തറപ്പിച്ചു പറയുന്ന ഭാവിയിലെ മറ്റൊരു ജനതയും അവരിൽ നിന്നുള്ള ദൂതനും ആരായിരിക്കും?

നബി തിരുമേനി (സ) വിശുദ്ധ ഖുർആനിലെ ഈ ആയത്തുകൾ ഓതിക്കേൾപ്പിച്ചപ്പോൾ ശിഷ്യഗണങ്ങളിൽ ചിലർ 'ആ മറ്റൊരു ജനത' ആരാണെന്ന് ചോദിക്കുകയുണ്ടായി. അപ്പോൾ അവിടെ സന്നിഹിതരായ അനുചരന്മാരിൽ ഒരാളായ സൽമാ

നുൽഫാരിസിയുടെ ചുമലിൽ കൈവെച്ചുകൊണ്ട് തിരുമേനി (സ) പറഞ്ഞു:

***"സത്യവിശ്വാസം സുരയ്യാ (കാർത്തിക) നക്ഷത്രത്തിലേക്ക് ഉയർന്നുപോയാൽ തന്നെയും ഇദ്ദേഹത്തിന്റെ വംശജരായ ഫാരിസികളിൽ നിന്നുള്ള ഒരാൾ അതിനെ അവിടെനിന്ന് തിരിച്ചുകൊണ്ടുവരും."***

(ബുഖാരി, തഫ്സീർ സൂറ: ജുമുഅഃ)

താനാണ് ആ ഫാർസി വംശജനായ പ്രവാചകൻ എന്ന് അല്ലാഹുവിന്റെ കല്പനപ്രകാരം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) ദൗത്യപ്രഖ്യാപനം ചെയ്യുകയുണ്ടായി. വിശുദ്ധ ഖുർആനിലും ഹദീസുകളിലും പ്രതിപാദിക്കപ്പെട്ട ദൂതനും വാഗ്ദത്ത മസീഹും, ഇമാം മഹ്ദിയുമായ അദ്ദേഹം പേർഷ്യൻ വംശജനുമത്രെ! പരിശുദ്ധ ഖുർആനിൽ, സൂറഃ ജുമുഅഃയിലൂടെ പ്രവചനം ചെയ്യപ്പെട്ട നബിതിരുമേനിയുടെ പ്രതിപുരുഷൻ താനാണെന്ന് ഹദ്റത്ത് അഹ്മദ് (അ) മാത്രമാണ് ലോകത്തോട് പ്രഖ്യാപിച്ചതെന്നും അറിയുക.

ആ മഹാത്മാവിന്റെ ദൗത്യപ്രഖ്യാപനത്തെ സാക്ഷാത്കരിക്കുന്ന സംഭവഗതികളാണ് സമകാലീന സാഹചര്യത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. വിശുദ്ധ ഖുർആന്റെ പ്രഖ്യാപിതമായ ഈ വചനങ്ങൾ ശ്രദ്ധിക്കുക:

***"അല്ലാഹുവിന്റെ അനുമതിയോടെയല്ലാതെ (ആരേയും ഒരു വിപത്തും ബാധിക്കുന്നില്ല. ആരെങ്കിലും അല്ലാഹുവിൽ വിശ്വസിക്കുന്നതായാൽ അവന്റെ ഹൃദയത്തെ അല്ലാഹു നേർവഴിയിലാക്കും. അല്ലാഹു സകലകാര്യങ്ങളെക്കുറിച്ചും നല്ലപോലെ അറിവുള്ളവനാകുന്നു." (വി.ഖു. 64:12)***

***"ഒരു ദൈവദൂതനെ അയക്കുന്നതുവരെ നാം ശിക്ഷിക്കാറില്ല." (വി. ഖു. 17:16)***

***"ദൂതന്മാരെ സുവിശേഷം നൽകുന്നവരും താക്കീത് നല്കുന്നവരുമായിട്ടല്ലാതെ നാം അയക്കുന്നില്ല." (വി. ഖു. 18:57)***

പ്രകൃതി ദുരന്തങ്ങൾക്കുമുന്നിൽ മനുഷ്യൻ ഭീതിതനായി പകച്ചുനിന്നു പോവുന്നു. ആധുനിക ശാസ്ത്രം നല്കിയ അറിവും കരുത്തും അത്തരം സന്ദർഭങ്ങളിൽ അവന്റെ തുണക്കെത്തുന്നില്ല. സമീപകാലത്ത് ലോകം കണ്ട ദുരന്തഭീകര സംഭവങ്ങളായ 'സുനാമി'യും 'കത്രീന'യും നമ്മെ ബോദ്ധ്യപ്പെടുത്തിയത് ഈ സത്യമത്രെ. പക്ഷേ, സത്യവിശ്വാസി ഈ ദുരന്തങ്ങളിലും അല്ലാഹുവിന്റെ മാഹാത്മ്യം കാണുകയും ഗുണപാഠം ദർശിക്കുകയും ചെയ്യുന്നു. വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതും അതുതന്നെ.

പൊതുമുസ്ലിംകളും അഹ്മദികളും തമ്മിൽ അഭിപ്രായഭിന്നത നിലനിൽക്കുന്ന പ്രസക്തമായ ഒരു വിഷയമാണ് ഹദ്റത്ത് അഹ്മദി(അ)ന്റെ ദൗത്യ പ്രഖ്യാപനം. എന്നാൽ, ഈ വിഷയത്തിലുള്ള ബഹുമുഖമായ വാദകോലാഹലങ്ങൾക്കും തർക്കങ്ങൾക്കും ശാഠ്യങ്ങൾക്കുമുപരിയായി ഒരു യഥാർത്ഥ സത്യാന്വേഷിക്ക് ലഭിച്ച അനുഗൃഹീതമായ ഒരു കവാടമാണ് 'ഇസ്തിഖാറ' പ്രധാനകാര്യങ്ങളിൽ ദൈവാഭീഷ്ടം ആരാഞ്ഞുകൊണ്ടുള്ള ദിവ്യമായ പ്രാർത്ഥനയാണ് 'ഇസ്തിഖാറ'. ദുആ. തിരുനബി (സ) വിശുദ്ധ ഖുർആനിലെ ഒരു സൂറ: എന്ന പോലെ തന്റെ അനുചര സംഘത്തിന് ഈ പ്രാർത്ഥന പഠിപ്പിച്ചതായി ഹദീസു ഗ്രന്ഥങ്ങളിൽ നിന്ന് വ്യക്തമാകുന്നു.

***"അല്ലാഹുവേ, നിന്റെ അറിവിനെ മുൻനിർത്തി ഞാൻ നിന്നോട് ആവശ്യപ്പെടുന്നു. നിന്റെ കഴിവിനെ മുൻനിർത്തി നിന്നോട് കഴിവ് ആവശ്യപ്പെടുന്നു. നിന്റെ മഹത്തായ അനുഗ്രഹം ഞാൻ യാചിക്കുന്നു. നിശ്ചയമായും നീ കഴിവുള്ളവനും ഞാൻ കഴിവില്ലാത്തവനുമാണ്. നീ അറിയുന്നു; ഞാൻ അറിയുന്നില്ല. നീ എല്ലാ പരോക്ഷകാര്യങ്ങളും അറിയുന്നവനത്രെ. അല്ലാഹുവേ, ഈ കാര്യം എന്റെ ദീനിലും എന്റെ ജീവിതത്തിലും എന്റെ കാര്യത്തിന്റെ പര്യവസാനത്തിലും എനിക്ക് ഗുണകരമെന്ന് നീ കാണുന്നുവെങ്കിൽ നീ അത് എനിക്കായി നിർണ്ണയിക്കുകയും അക്കാര്യം എളുപ്പമാക്കിത്തരികയും പിന്നെ അതിൽ അനുഗ്രഹം നൽകുകയും ചെയ്യേണമേ. ഈ കാര്യം എന്റെ ദീനിലും ജീവിതത്തിലും കാര്യത്തിന്റെ പര്യവസാനത്തിലും ദോഷകരമെന്ന് നീ കാണുന്നുവെങ്കിൽ എന്നിൽനിന്ന് അതിനേയും അതിൽ നിന്ന് എന്നേയും അകറ്റേണമേ. ഗുണം എവിടെയുണ്ടോ അതെനിക്ക് അധീനമാക്കിത്തരികയും അതിൽ എന്നെ സംതൃപ്തനാക്കുകയും ചെയ്യേണമേ."***

(ബുഖാരി).

സത്യാസത്യ വിവേചനത്തിന് ഹദീസിൽ വന്ന പ്രാർത്ഥനയാണിത്.

പരിശുദ്ധ റമദാനിലെ ദിനരാത്രങ്ങളിൽ പൊതുവേയും ഒടുവിലത്തെ പത്തു ദിവസങ്ങളിൽ പ്രത്യേകിച്ചും മറ്റു ദിവസങ്ങളെ അപേക്ഷിച്ച് മുസ്ലിം സഹോദരങ്ങൾ ആത്മാവിനെ തൊട്ടുണർത്തി മനംനൊന്ത് പ്രാർത്ഥിക്കുമെന്നത് ഒരു വസ്തുതയാണ്. നിങ്ങളുടെ മഹത്തായ ആ പ്രാർത്ഥനയിൽ 'കാലത്തിന്റെ ഇമാമിനെ' തിരിച്ചറിയാനുള്ള സത്യാന്വേഷണം അനിവാര്യമത്രേ. വിശുദ്ധ ഖുർആനിലേയും ഹദീസുകളിലേയും മൺമറഞ്ഞ മഹാത്മാക്കളുടെയും നിരവധി പ്രവചനങ്ങൾ പൂർത്തീകരിച്ചുകൊണ്ട് അവതീർണ്ണരായ മഹ്ദി ഇമാമിനെസ്സംബന്ധിച്ച സത്യാന്വേഷണം മുസ്ലിം സഹോദരന്മാരുടെ പരമപ്രധാനമായ കർത്തവ്യമത്രേ.

സത്യാന്വേഷണമാർഗ്ഗത്തിലുള്ള മഹത്തായ ഈ പ്രാർത്ഥന (ഇസ്തിഖാറ ദുആ)യെസ്സംബന്ധിച്ച് ഹദ്റത്ത് അഹ്മദ് (അ) പറയുന്നു:

***"പ്രധാന കാര്യങ്ങളിൽ അല്ലാഹുവിന്റെ അഭീഷ്ടം അറിയാൻ തിരുനബി (സ) അരുളിയിരിക്കെ ഇക്കാലത്ത് മുസ്ലിം ഭൂരിപക്ഷം***

*(ശേഷം 39-ൽ)*

ലേഖനം

ഭാഷയുടേയും സംസ്കാരത്തിന്റേയും ഉത്ഭവം - 2

# ഭാഷയും മസ്തിഷ്കവും

ഏ.എം. മുഹമ്മദ് സലിം

**മനുഷ്യമസ്തിഷ്കവും ഭാഷയും തമ്മിലുള്ള ബന്ധത്തെപ്പറ്റി നിരവധി വസ്തുതകൾ ആധുനികശാസ്ത്രം വെളിപ്പെടുത്തിയിട്ടുണ്ട്.**

ഭാഷാശാസ്ത്രം എന്നത് സാഹിത്യപഠനമോ വ്യാകരണപഠനമോ അല്ല. മനുഷ്യനിൽ ജനിതകപരമായി ഉൾചേർന്ന ഭാഷാസിദ്ധിയും സമൂഹത്തിൽ അവ വിനിമയം ചെയ്യപ്പെടുന്ന രീതിയും മുതൽ മനുഷ്യന്റെ ജീവശാസ്ത്രപരവും മനഃശാസ്ത്രപരവും ബുദ്ധിപരവും സാമൂഹികവുമായ നിരവധി വിജ്ഞാനശാഖകളുമായി ബന്ധപ്പെട്ട് അനുദിനം വികസ്വരമായി കൊണ്ടിരിക്കുന്ന ബൃഹത്തായതും അതിനൂതനവുമായ ഒരു വിജ്ഞാന ശാഖയാണ് ഭാഷാശാസ്ത്രം. ഭാഷാസാഹിത്യം വരമൊഴിക്ക് പ്രാധാന്യം നൽകുമ്പോൾ ഭാഷാശാസ്ത്രം വാമൊഴിക്കാണ് പ്രാധാന്യം നൽകുന്നത്.

മനുഷ്യേതരജീവികളിൽ ആശയവിനിമയസംവിധാനം ഒരു ജൈവികവൃത്തിയാണ് (Biological behaviour). അതായത് ജന്മവാസനയുടെ പ്രേരണയാലാണ് ആശയവിനിമയം നടക്കുന്നത്. എന്നാൽ മനുഷ്യനിൽ ഭാഷ ഉന്നതനിലയിൽ ജനിതകമായി ഉൾചേർന്ന ജൈവികവൃത്തിയും അതേസമയം ഒരു അഭ്യസ്തവൃത്തിയുമാണ് (Learned behaviour) - കുറച്ചു കൂടി വിശദീകരിക്കുകയാണെങ്കിൽ ഭാഷാശേഷി മനുഷ്യനിൽ ജനിതകപരമായ ഒരു സിദ്ധിയായി നിലനിൽക്കുന്നുവെങ്കിലും അതിന് ബാഹ്യമായ പരിശീലനം ലഭിച്ചാൽ മാത്രമേ പ്രയോഗിക്കാൻ സാധ്യമാവൂ. അതായത് മാതാപിതാക്കളും സമൂഹവും സംസാരിക്കുന്നത് കേട്ട് ശിശു ഭാഷ അഭ്യസിക്കുകയാണ് ചെയ്യുന്നത്. ഇതിനെ ശിശുവിന്റെ ഭാഷാപഠനം അല്ലെങ്കിൽ മാതാപിതാക്കന്മാരുടെ ഭാഷ അഭ്യസിപ്പിക്കൽ എന്നൊക്കെ പറയുന്നത് വെറും സാങ്കേതികാർത്ഥത്തിൽ മാത്രമാണ്. വാസ്തവത്തിൽ ഒരു പാഠ്യപദ്ധതിയനുസരിച്ചല്ല മാതാപിതാക്കൾ ശിശുവിനെ ഭാഷ പഠിപ്പിക്കുന്നതും, ശിശു ഭാഷ പഠിക്കുന്നതും. ഇവിടെ ശിശു, ഭാഷ പഠിക്കുന്നു (learn) എന്നതിനേക്കാൾ ഭാഷ ആർജിക്കുന്നു (Acquire) എന്നു പറയാനാണ് ഭാഷാശാസ്ത്രം ഇഷ്ടപ്പെടുന്നത്. നാം കരുതുന്നതുപോലെ ശിശുവിന്റെ ഭാഷാഭ്യസനം ഒരു ലളിതമായ പ്രക്രിയയല്ല. ശിശു അയത്നലളിതമായി വളരെ എളുപ്പത്തിലും വേഗത്തിലുമാണ് ഭാഷ പഠിച്ചെടുക്കുന്നത്. ***മനുഷ്യന് നാം ഭാഷണസിദ്ധിയോടുകൂടിയ ആശയപ്രകടനരീതി (ബയാൻ) പഠിപ്പിച്ചുകൊടുക്കുകയും ചെയ്തു*** (55:4) എന്ന ഖുർആനിക വചനത്തിന്റെ പ്രത്യക്ഷ തെളിവുകൂടിയാണ് ശിശുവിന്റെ അത്ഭുതകരമായ ഭാഷാർജ്ജനം.

മൂകരും ബധിരരുമായ രക്ഷിതാക്കാന്മാരുടെ ഇടയിൽ മറ്റൊരു ഭാഷാശബ്ദവും കേൾക്കാതെ പരീക്ഷണാർത്ഥം വളർത്തിയ ശിശുവിന്ന് ഭാഷാശേഷി ഇല്ലാതെ വന്നത്, ഭാഷ സമൂഹവുമായി ബന്ധപ്പെട്ട ഒരു പ്രതിഭാസവും ഒരു അഭ്യസ്തവൃത്തി അഥവാ പഠിച്ചെടുക്കേണ്ട ഒരു ജ്ഞാനവുമാണെന്ന് വ്യക്തമാക്കുന്നു. ശിശു ഭാഷ പഠിക്കുന്ന രീതി സൂക്ഷ്മമായി പഠിച്ചാൽ ഭാഷോല്പത്തിയുടെ നിഗൂഢതയുടെ കുരുക്കഴിക്കാൻ കഴിയുമെന്ന വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി (അ)ന്റെ അഭിപ്രായം ശ്രദ്ധേയമാണ്. ഭാഷയുടെ രഹസ്യങ്ങളറിയാൻ ശിശുഭാഷയെയാണ് ആധുനിക ശാസ്ത്രവും അഭയം തേടിയിരിക്കുന്നത്. ഇതിനെസ്സംബന്ധിച്ച് പിന്നീട് ചർച്ച ചെയ്യാം.

മനുഷ്യഭാഷ ശാസ്ത്രലോകം പോലും കൈവെക്കാൻ ഭയപ്പെടുന്ന ഒരു നിഗൂഢമേഖലയാണ്. മനുഷ്യൻ സംസാരിക്കുന്ന വാക്കുകൾക്ക് എങ്ങനെയാണ് അർത്ഥം ലഭിക്കുന്നത്? ഭാഷാശബ്ദങ്ങളെ അഥവാ വാക്കുകളെ അംശീകരിച്ച് ചെറിയ ശബ്ദമാത്രകളാക്കി പരിശോധിച്ചാൽ അതിന്റെ സ്വഭാവമെന്തായിരിക്കും? ചെറുഭാഷാമാത്രകളെ യോജിപ്പിക്കുമ്പോൾ എവിടെ മുതലാണ് അർത്ഥം ലഭിക്കുന്നത്?

ചെറുഭാഷാമാത്രകൾ ക്ഷണമാത്രയിൽ തിരഞ്ഞെടുത്ത് ഭാഷാശബ്ദങ്ങൾ ഉല്പാദിപ്പിക്കാൻ മനുഷ്യന് കഴിയുന്നതെങ്ങനെ? ഇങ്ങനെ ശാസ്ത്രത്തിന് ഇന്നോളം വ്യക്തമായ ഉത്തരം നൽകാൻ സാധിക്കാത്ത നിരവധി സമസ്യകൾ ഭാഷാശാസ്ത്രത്തെ അലോസരപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അർത്ഥവിജ്ഞാനീയം (Semantics) ഭാഷാനിഷ്പത്തിയെ സംബന്ധിച്ചുള്ള ശാസ്ത്രം അഥവാ നിരുക്തം (Etymology) അർത്ഥങ്ങളെ ശബ്ദചിഹ്നങ്ങളുടെ രൂപത്തിൽ കാണുന്ന ചിഹ്നശാസ്ത്രം (Semiology) മുതലായ ഭാഷാശാസ്ത്രവിഭാഗങ്ങളായിരുന്നു, സാഹിത്യപരവും വ്യാകരണപരവുമായ ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്നത്. എന്നാൽ ആധുനിക ഭാഷാശാസ്ത്രം ഇതെല്ലാം ഗൗരവമേറിയ ശാസ്ത്ര പ്രശ്നങ്ങളായിട്ടാണ് കാണുന്നത്. ഭാഷാശാസ്ത്രം ബോധത്തെസ്സംബന്ധിച്ച ജ്ഞാതൃസിദ്ധാന്ത (Cognitive theory) ങ്ങളുടെ വെളിച്ചത്തിലാണ് ഭാഷാസംബന്ധമായ വിഷയങ്ങൾ പരിശോധിക്കാൻ ശ്രമിക്കുന്നത്. അതാകട്ടെ മനശ്ശാസ്ത്രം, ഭൗതികശാസ്ത്രം, ലോജിക്, ന്യൂറോ ഫിസിക്സ് (Neuro Physics) ഉച്ചാരണാവയവങ്ങളുടെ ശരീരശാസ്ത്രം (Physiology of Articulate Organs) എന്നീ മാനവീയ ശാസ്ത്രങ്ങളും ജീവശാസ്ത്രരംഗത്തെ മറ്റു ശരീരശാസ്ത്രങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ട് പുതിയ വൈജ്ഞാനിക ചക്രവാളങ്ങൾ തേടുകയാണ്.

മനുഷ്യൻ സംസാരിക്കുന്ന ഭാഷയുടെ സ്വരൂപഘടന (Structure) പരിശോധിക്കുമ്പോഴാണ് അതിന്റെ സങ്കീർണ്ണത നമുക്ക് വെളിപ്പെടുന്നത്. ഏതെങ്കിലും ഒരു ജീവിയെ ഉദാഹരണത്തിന് മനുഷ്യശരീരത്തെ പരിശോധനാവിധേയമാക്കുന്നുവെന്നിരിക്കട്ടെ. കണ്ണ്, മൂക്ക്, ചെവി, ശ്വാസകോശം, ഹൃദയം, കരൾ മുതലായ അവയവങ്ങളെ വീണ്ടും സൂക്ഷ്മമായി പരിശോധിച്ചാൽ ഈ അവയവങ്ങളെ കലകൾ (Tissues) കൊണ്ടും, കലകൾ കോശങ്ങൾ (Cells) കൊണ്ടും കോശങ്ങൾ, കോശ ദ്രവ്യങ്ങൾ കൊണ്ടും നിർമ്മിച്ചതാണെന്ന് കാണാം. ഇതിനെ വീണ്ടും വിഭജിക്കാം. ഇങ്ങനെ ചെറിയ മാത്രകൾ (Unit) ചേർന്നാണ് വലിയ മാത്രകൾ അഥവാ അവയവങ്ങളും ശരീരവും ഉണ്ടാവുന്നത്. ഇതാണ് സ്വരൂപഘടനാപരിശോധനകൊണ്ട് അർത്ഥമാക്കുന്നത്.

ഇങ്ങനെ സംസാരഭാഷയിലെ വാക്യങ്ങളെ പരിശോധിക്കുകയാണെങ്കിൽ എന്താണ് സംഭവിക്കുന്നതെന്ന് നോക്കാം. ഒരു വാക്യത്തെ (Sentence) നാം മുറിച്ചു പരിശോധിക്കുകയാണെങ്കിൽ വാക്യങ്ങൾ വാക്യാംശങ്ങളെ (Clause) ക്കൊണ്ടും വാക്യാംശങ്ങൾ പദങ്ങളെ (Word) ക്കൊണ്ടും നിർമ്മിച്ചതായി കാണാം. പദങ്ങളെ വീണ്ടും വിഭജിക്കുകയാണെങ്കിൽ അവ അക്ഷരങ്ങൾ കൊണ്ട് അഥവാ വർണങ്ങൾ എന്നു വിളിക്കുന്ന പദാംഗങ്ങൾ കൊണ്ട് (സില്ലേബിൾ – Syllable) നിർമ്മിച്ചിരിക്കുന്നതായി കാണാം. ഇവിടെ ഒരു കാര്യം പ്രത്യേകം ഓർക്കണം. ഭാഷാശാസ്ത്രത്തിൽ വരമൊഴിയേക്കാൾ പ്രാധാന്യം വാമൊഴിക്കാണെന്ന് പറഞ്ഞുവല്ലോ. അതുകൊണ്ട് എഴുത്തിൽ ഉപയോഗിക്കുന്ന അക്ഷരങ്ങളല്ല 'സില്ലേബിൾ' എന്ന സംജ്ഞ കൊണ്ട് ഉദ്ദേശിക്കുന്നത്, ഭാഷാശബ്ദങ്ങളാണ്. 'കാനനം', എന്ന വാക്കിലെ 'കാ' 'ന' 'നം' എന്നീ മൂന്ന് എഴുത്തക്ഷരങ്ങൾ (letters) പ്രതിനിധാനം ചെയ്യുന്ന വ്യത്യസ്ത ഭാഷാശബ്ദങ്ങളെയാണ് 'സില്ലേബിൾ' എന്ന് പറയുന്നത്. ഇംഗ്ലീഷിൽ പലപ്പോഴും എഴുതുന്ന അക്ഷരങ്ങൾ പോലെയല്ല ഉച്ചാരണം. മലയാളത്തിലും അക്ഷരങ്ങൾക്കിടയിൽ ഒളിഞ്ഞിരിക്കുന്ന ലീനധ്വനികൾ; ദൈർഘ്യം ('കാ' എന്നതിലെ ക+ ആ) സ്ഥായി, ഈണം എന്നിവയുണ്ട്. സൂക്ഷ്മമായി പരിശോധിച്ചാൽ മലയാളത്തിലും എല്ലാപദങ്ങളിലെ അക്ഷരങ്ങളും ഒരുപോലെയല്ല ഉച്ചരിക്കുന്നത് എന്ന് കാണാം.അക്ഷരങ്ങൾ എന്ന് വിളിക്കപ്പെടുന്ന സില്ലേബിളുകൾ സ്വനങ്ങൾ (Phone) കൊണ്ടും അവ സ്വനിമം (Phoneme) കൊണ്ടുമാണ് നിർമ്മിച്ചത്. സ്വനിമങ്ങളുടെ തലത്തിലെത്തുമ്പോൾ അവ ഏറ്റവും ചെറിയ ശബ്ദമാത്രകളായി മാറുന്നു. വാസ്തവത്തിൽ സ്വനിമം എന്നത് ഒരു സാങ്കല്പിക ഭാഷാശബ്ദമാത്രയാണ്. ഒറ്റതിരിഞ്ഞ് നമുക്ക് അത് ഉച്ചരിക്കാൻ പോലും സാധ്യമല്ല. ഇങ്ങനെ ചെറിയ ഭാഷാമാത്രകളെ മൂലകപദാർത്ഥങ്ങളുടെ ആറ്റങ്ങൾ പോലെ കണക്കാക്കാം. ആറ്റങ്ങൾ ചേർന്ന് മൂലകങ്ങളുടെ തന്മാത്രയും വ്യത്യസ്ത മൂലകങ്ങളുടെ ആറ്റങ്ങൾ ചേർന്നു സംയുക്തപദാർത്ഥങ്ങളുടെ തന്മാത്രകളും രൂപം കൊള്ളുന്നത് പോലെയുള്ള പ്രക്രിയയാണ് ഭാഷാസ്വനങ്ങളുപയോഗിച്ച് അർത്ഥമുള്ള വാക്കുകൾ നിർമ്മിക്കുന്നതിലൂടെ സംഭവിക്കുന്നത്. സ്വനിമങ്ങളാൽ നിർമ്മിതമായ പദങ്ങൾക്ക് അർത്ഥം എങ്ങനെയാണ് ലഭിക്കുന്നത്? അല്ലെങ്കിൽ നിശ്ചിതമായ അർത്ഥം ഉദ്ദേശിച്ച് നാം ഒരു പദം ഉച്ചരിക്കുമ്പോൾ, പദാംഗങ്ങൾ ചേർന്ന് ഞൊടിയിടക്കുള്ളിൽ പദങ്ങൾ നിർമ്മിച്ച് ഉച്ചരിക്കാൻ നമുക്ക് സാധിക്കുന്നതെങ്ങിനെ? ഇതെല്ലാം സങ്കീർണ്ണമായ സമസ്യകളായി അവശേഷിക്കുന്നു.

## ഭാഷയും മസ്തിഷ്കവും

മൂർത്തമായ ഭാഷാപദങ്ങളായി ഉച്ചരിക്കപ്പെടുന്നതിന് മുമ്പ് ഭാഷണത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ അഥവാ ചിന്താപ്രക്രിയ എവിടെ വെച്ചാണ് നടക്കുന്നത്? മസ്തിഷ്കത്തിൽ വെച്ചോ മനസ്സിൽ വെച്ചോ? മനസ്സിൽ വെച്ചാണെങ്കിൽ മനസ്സ് എവിടെയാണ്? അമൂർത്തമായ മനസ്സിനെ ശരീരത്തിലെ ഒരവയവവുമായും ബന്ധിപ്പിക്കാനാവില്ല. അമൂർത്തമായ മനസ്സിൽ വെച്ചാണ് ഭാഷണത്തിന്റെ പ്രാഥമിക പ്രവർത്തനങ്ങൾ നടക്കുന്നതെന്ന് വ്യക്തമാണ്. ഒരു കേന്ദ്രത്തിൽ വെച്ച് ട്രാൻമിഷൻ (പ്രക്ഷേപണം) ചെയ്യുന്ന വിവരങ്ങൾ ട്രാൻസിസ്റ്റർ പിടിച്ചെടുത്ത് പ്രവർത്തിക്കുന്നത് പോലെ ചിന്തകൾ പിടിച്ചെടുത്ത് അത് പ്രോസസ് ചെയ്ത് ഉച്ചാരണാവയവങ്ങൾ വചിക്കപ്പെടുന്ന അതിസങ്കീർണ്ണമായ ജോലിയാണ് മനു

ഷ്യമസ്തിഷ്കം ചെയ്യുന്നത്. മനസ്സും മസ്തിഷ്കവും തമ്മിലുള്ള ബന്ധം അഭേദ്യവും അനിഷേധ്യവുമാണ്.

ഭാഷാപ്രയോഗത്തിൽ മസ്തിഷ്കത്തിന്റെ സ്ഥാനമെന്താണ് എന്ന അന്വേഷണം വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഇത് സംബന്ധിച്ച് ആധുനിക ശാസ്ത്രത്തിന് വളരെയേറെ തെളിവുകൾ ലഭിച്ചിട്ടുണ്ട്. ചിന്തയുടെ ഉറവിടം മനസ് അഥവാ ആത്മാവ് എന്ന അമൂർത്തമായ മേഖലയാണെങ്കിലും തലച്ചോറിന് മനസ്സുമായുള്ള ബന്ധം അഭേദ്യമാണ്. ഭാഷാ സിദ്ധിയും ഭാഷണവൃത്തിയുമായി മസ്തിഷ്കത്തെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള സമഗ്രമായ ശാസ്ത്രീയ പഠനങ്ങൾ ആരംഭിച്ചിട്ട് അരനൂറ്റാണ്ട് കാലമേ ആയിട്ടുള്ളൂ.

മനുഷ്യ ശരീരം എന്ന സ്ഥൂല വസ്തുവാണ് ചൈതന്യരൂപത്തിലുള്ള ആത്മാവിന്റെ ജനനി എന്നാണ് അഹ്മദിയ്യാപ്രസ്ഥാന സ്ഥാപക രായ ഹദ്റത്ത് അഹ്മദിന്റെ (അ) വാദം. അത്മാവിന് ശരീരവുമായുള്ള പരസ്പര ബന്ധം അഭേദ്യവും അനിഷേധ്യവുമാണെന്ന് പറഞ്ഞുവല്ലോ. ഭാഷണകല മനുഷ്യന്റെ ആത്മീയ ഗുണത്തിന്റെ ഒരു പ്രകടനമായതിനാൽ ഭാഷക്കും മസ്തിഷ്കത്തിനുമുള്ള ബന്ധം സവിശേഷ ശ്രദ്ധയർഹിക്കുന്ന ഒരു വിഷയമായി വരുന്നു. മസ്തിഷ്കവും ആത്മാവുമായുള്ള ബന്ധത്തെപ്പറ്റി ഹദ്റത്ത് അഹ്മദ് (അ) എഴുതുന്നു. ***'നമ്മുടെ ആത്മാവിന്റെ ക്ഷേമസ്ഥിതി ശരീരത്തിന്റെ ആരോഗ്യത്തെ ആശ്രയിച്ചിരിക്കുന്നു എന്നത് പ്രസ്പഷ്ടമാണല്ലോ. മസ്തിഷ്കത്തിന്റെ ഒരു പ്രത്യേക സ്ഥാനത്തു പ്രഹരമേൽക്കുന്നതായാൽ ഓർമ ശക്തി നഷ്ടമാവുകയും മറ്റൊരു സ്ഥാനത്ത് ഇടിയേൽക്കുന്നതായാൽ ചിന്താശക്തി നശിപ്പുപോവുകയും ബോധക്ഷയം പോലും ഉണ്ടാവുകയും ചെയ്യുന്നു. ഇപ്രകാരം തന്നെ തലച്ചോറിലെ ദശകൾക്ക് ക്ഷതമോ കോച്ചലോ ഏൽക്കുകയോ വീക്കമുണ്ടാവുകയോ തലച്ചോറിൽ രക്തമോ മറ്റേതെങ്കിലും ധാതുവോ തടസ്സമായി നിൽക്കുകയോ ചെയ്യുന്നതായാൽ ബോധക്ഷയമോ, അപസ്മാരമോ, മസ്തിഷ്ക സന്നിയോ ബാധിക്കുന്നു. ശരീരത്തോടുള്ള ബന്ധം അറ്റുപോകുന്നതായാൽ ആത്മാവ് യാതൊന്നിനും സമർത്ഥമാകുന്നതല്ലെന്നു ഈ ദൃശ്യാനുഭവങ്ങൾ നമ്മെ ബോധ്യപ്പെടുത്തുന്നു.*** (ഇസ്‌ലാം മത തത്വജ്ഞാനം - പേ. 120, 121).

മസ്തിഷ്കത്തിന്റെ ഓരോ ഭാഗവുമായി മനുഷ്യന്റെ ബോധമണ്ഡലത്തിനും ഓർമ്മക്കും ഭാഷണവൃത്തിക്കും ബന്ധമുണ്ട് എന്ന് ഹദ്റത്ത് അഹ്മദിന്റെ (അ) അഭിപ്രായം ആധുനിക ശാസ്ത്രം മസ്തിഷ്കത്തിന്റെ പ്രാദേശികതാ സിദ്ധാന്തത്തി (Localised theory of brain) ലൂടെ തെളിയിച്ചിരിക്കുകയാണ്. അതായത് ശരീരധർമ്മത്തെപ്പോലെ ഭാഷണ പ്രവൃത്തിയിലെ ഓരോ ധർമ്മവും നിർവ്വഹിക്കാൻ സഹായകരമായി മസ്തിഷ്കത്തിൽ ഓരോ കേന്ദ്രങ്ങളുണ്ട്.

രണ്ടാം ലോക മഹായുദ്ധത്തിൽ തലച്ചോറിന് വെടിയുണ്ടയേറ്റ് പരിക്കേറ്റ പട്ടാളക്കാരുടെ ഭാഷണ ശേഷി തീരെ നശിച്ചുപോയതായോ ഭാഷണ വൈകല്യം സംഭവിച്ചതായോ കാണാൻ കഴിഞ്ഞു. ഇത് സംബന്ധിച്ചുള്ള വൈദ്യശാസ്ത്രത്തിലെ പഠനഗവേഷണങ്ങളാണ് മസ്തിഷ്കവും ഭാഷണവൃത്തിയുമായുള്ള ബന്ധത്തെപ്പറ്റി ശാസ്ത്രജ്ഞൻമാർക്ക് കൂടുതൽ അറിവ് പകർന്നത്. ഇത് ജൈവ ഭാഷാശാസ്ത്രം (Biolinguistics) എന്ന ശാസ്ത്രശാഖക്ക് ജന്മം നൽകിയിരിക്കുന്നു.

തലച്ചോറിന്റെ വലുപ്പമാണ് മനുഷ്യന്റെ വിശേഷ ബുദ്ധിയുടെ അടിസ്ഥാനം എന്ന് ഒരു കാലത്ത് വിശ്വസിച്ചിരുന്നു. മറ്റു ജീവികളെ അപേക്ഷിച്ച് ശരീരവും മസ്തിഷ്കവുമായുള്ള അനുപാതത്തിന്റെ അടിസ്ഥാനത്തിൽ, മനുഷ്യന്റെ മസ്തിഷ്കം വളരെ വലുപ്പമേറിയതും ഭാരമേറിയതുമാണ്. അതാണ് മനുഷ്യന്റെ വിശേഷ ബുദ്ധിക്ക് അടിസ്ഥാനമെന്ന് കരുതിപ്പോന്നിരുന്നു. പക്ഷേ, വസ്തുനിഷ്ഠമായ പഠനങ്ങൾ ഈ സങ്കല്പത്തിൽ യാതൊരു സത്യവുമില്ലെന്ന് തെളിയിച്ചിട്ടുണ്ട് - ചെറിയ ശരീരവും ആനുപാതികമായി വലിയ തലച്ചോറുമുള്ള ജീവികൾക്ക് ബുദ്ധിപരമായി യാതൊരു പ്രത്യേക കഴിവുമില്ല എന്നത് ഒരു യാഥാർത്ഥ്യമായി ശാസ്ത്രം കണ്ടെത്തിയതോടെ ആ വാദം പൊളിഞ്ഞു.

മസ്തിഷ്കത്തെക്കറിച്ച് കൂടുതൽ അറിയാൻ സാധിച്ചത് ഭാഷണവൈകല്യങ്ങളുമായി ബന്ധപ്പെട്ട രോഗങ്ങളുടെ പഠനത്തിൽ നിന്നാണ്. തലച്ചോറിലെ ഓരോ ഭാഗവും ഭാഷണ പ്രക്രിയയിലെ ഓരോ ഘടകവുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുവെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഭാഷണ പ്രയോഗത്തിൽ ആശയങ്ങളുടെ രൂപീകരണം, ആശയങ്ങൾക്ക് സമാനമായ ഭാഷാ മാത്രകളുടെ തിരഞ്ഞെടുപ്പ്, കൊച്ചു കൊച്ചു ഭാഷാമാത്രകളെ അനുയോജ്യമായ രീതിയിൽ സംയോജിപ്പിക്കൽ മുതലായ പ്രവൃത്തികൾ മനുഷ്യ മസ്തിഷ്കത്തിന്റെ ഇടത്തെ അർദ്ധഗോള ഭാഗമാണ് നിർവ്വഹിക്കുന്നത് എന്ന് ഫ്രഞ്ച് വൈദ്യശാസ്ത്രജ്ഞനായ പോൾ ബ്രൊാക്ക (Paul Broca) തെളിയിക്കുകയുണ്ടായി. ക്ഷതം മൂലമോ മറ്റു വൈകല്യങ്ങൾ കാരണമോ മസ്തിഷ്കത്തിന്റെ ഇടത് ഭാഗത്തെ കോശങ്ങളിൽ ഓക്സിജൻ എത്താതിരുന്നാൽ ഭാഷ സംസാരിക്കാൻ സാധിക്കാതെ വരും. മസ്തിഷ്ക സംബന്ധമായ ഈ ഭാഷാ വൈകല്യങ്ങളെയാണ് മോട്ടോർ അപേസിയ (Motor Aphasia) എന്ന് പറയുന്നത്. മസ്തിഷ്ക്കത്തിന്റെ ഓരോ കേന്ദ്രത്തേയും ആധാരമാക്കിയുള്ള ഇത്തരം സിദ്ധാന്തങ്ങളാണ് നേരത്തെ സൂചിപ്പിച്ചത്പോലെ പ്രാദേശികതാ സിദ്ധാന്തം (Localised theory) എന്ന് അറിയപ്പെടുന്നത്. മസ്തിഷ്കത്തിലെ ഭാഷാപ്രയോഗ സംബന്ധിയായ ഭാഗത്തെ അത് കണ്ടുപിടിച്ച ബ്രോക്കാസിന്റെ നാമത്തിൽ 'ബ്രോക്കാസ്

ഏരിയ' (Brocas Area) എന്നാണ് വിളിക്കുന്നത്. 'മോട്ടോർ അപേസിയ' എന്ന രോഗം തലച്ചോറുമായി ബന്ധപ്പെട്ട ഭാഷണ വൃത്തിയുടെ തടസ്സമാണെങ്കിൽ ഭാഷ ഗ്രഹിക്കുന്നത് സംബന്ധിച്ചുള്ള വൈകല്യമാണ് സെൻസറി അപേസിയ. (Sensory Aphasia - സംവേദന സംബന്ധിയായ ഭാഷണ ലോപം). മറ്റുള്ളവരുടെ ഭാഷണം ഗ്രഹിക്കാൻ സെൻസറി അപേസിയ ബാധിച്ചവർക്ക് സാധ്യമാവുകയില്ല. പക്ഷേ, സ്വയം സംസാരിക്കാനുള്ള കഴിവ് രോഗികൾക്കുണ്ടായിരിക്കും. ഈ വൈകല്യം മസ്തിഷ്കത്തിലെ മറ്റൊ രു ഭാഗത്ത് ഉണ്ടാവുന്ന തകരാറ് കൊണ്ടാണ് സംഭവിക്കുന്നത്. ഈ രോഗത്തിന് മസ്തിഷ്കവുമായുള്ള ബന്ധം കണ്ടുപിടിച്ചത് ജർമ്മൻ വൈദ്യ ശാസ്ത്രജ്ഞനായിരുന്ന കാൾ വെർനിക് (Carl Wernicke) ആണ്. അതുകൊണ്ടാണ് ഭാഷ കേട്ടു ഗ്രഹിക്കുന്ന മസ്തിഷ്ക ഭാഗത്തെ 'വെർനിക്സ് ഏരിയ' എന്ന് പറയുന്നത്. ഇങ്ങനെ ഭാഷാ സംബന്ധിയായ വ്യവഹാരങ്ങൾ മസ്തിഷ്കത്തിന്റെ ഓരോ കേന്ദ്രവുമായി ബന്ധപ്പെട്ടതാണ്. അവ പൂർണ്ണമായും സ്വതന്ത്ര ഘടകമാണെന്ന് ധരിക്കരുത്. മസ്തിഷ്കത്തിന്റെ മറ്റു ഭാഗങ്ങളുമായി പ്രതിപ്രവർത്തിച്ചുകൊണ്ടാണ് ഭാഷാവ്യവഹാരങ്ങൾ സാധ്യമാവുന്നത്.

ഭാഷണത്തിൽ രണ്ട് മുഖ്യഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. അതിൽ ആദ്യത്തേത്ത് ഭാഷണ മാത്രകളുടെ തിരഞ്ഞെടുപ്പാണ്. ഇങ്ങനെ തിരഞ്ഞെടുത്ത മാത്രകളെ സംയോജിപ്പിച്ച് സങ്കീർണ്ണ ഘടനയുള്ള ഭാഷാശബ്ദങ്ങളാക്കി മാറ്റുന്നതാണ് രണ്ടാമത്തേത്. മസ്തിഷ്കത്തിൽ ഭാഷാമാത്രകൾ തിരഞ്ഞെടുക്കുന്ന ഭാഗത്ത് തകരാറുണ്ടെങ്കിൽ അവർക്ക് ഭാഷാ മാത്രകളെ തിരഞ്ഞെടുക്കാൻ കഴിയാതെ വരുന്നു. ഈ രോഗത്തെ സാദൃശ്യ വൈകല്യം (Similarity disorder) എന്ന് പറയുന്നു. ഇത്തരം രോഗികൾക്ക് സന്ദർഭത്തോട് സംബന്ധപ്പെടുത്തി മാത്രമേ സംസാരിക്കാൻ സാധ്യമാവൂ. മുമ്പിൽ കാണുന്ന കാര്യങ്ങളോട് ഭാഷണ രൂപത്തിൽ പ്രതികരിക്കാനേ അവർക്ക് സാധ്യമാകൂ. ഭാഷണം സ്വയം ആരംഭിക്കാൻ ഇവർ ക്ക് കഴിയാറില്ല. ഭാഷാമാത്രകൾ കൂട്ടിയോജിപ്പിച്ച് സംസാരിക്കാനുള്ള കഴിവ് നഷ്ടപ്പെടുന്ന രോഗമാണ് കൂട്ടിചേർപ്പിനുള്ള വൈകല്യം (Contiguity disorder). ഈ മസ്തിഷ്ക രോഗം ബാധിച്ചവർക്ക് പദങ്ങൾ വ്യവസ്ഥാപിതമായി പ്രയോഗിക്കാൻ സാധ്യമല്ല. അതുകൊണ്ട് ഇവരുടെ സംസാരം അർത്ഥരഹിതമായ വാക്കുകളുടെ കൂമ്പാരമായിപ്പോവുന്നു. സംസാരത്തിൽ വ്യാകരണമോ ഘടനയോ ഉണ്ടാവില്ല.

അരോഗദൃഢഗാത്രരായ ചിലരുടെ തലച്ചോറുകളിൽ വിവിധ കേന്ദ്രങ്ങളിൽ ശക്തി കുറഞ്ഞ വൈദ്യുത പ്രവാഹമേൽപ്പിക്കുമ്പോൾ അവരുടെ ഭാഷണത്തിൽ ചില വൈകല്യങ്ങൾ സംഭവിക്കുന്നതായും കാണാൻ സാധിച്ചിട്ടുണ്ട്. മാഗ്നറ്റിക്ക് റിസോണൻസ് ഇമേജിംങ്ങ് (MRI) സ്കാനർ മുതലായ ആന്തരാവയവങ്ങളുടെ സ്കാനിങ്ങ് ഉപകരണങ്ങൾ ഭാഷണവൃത്തിയിൽ മസ്തിഷ്കം നിർവ്വഹിക്കുന്ന പങ്കിനെക്കുറിച്ച് ധാരാളം അറിവുകൾ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഭാഷണ വൈകല്യങ്ങളെപ്പറ്റിയുള്ള പഠനങ്ങളാണ് ഭാഷക്ക് മസ്തിഷ്കവുമായുള്ള ബന്ധത്തെപ്പറ്റിയുള്ള അറി വുകൾ അനാവരണം ചെയ്തത്.

മസ്തിഷ്കത്തിലെ ഭാഷാപ്രയോഗ നിയന്ത്രണമേഖലയെക്കുറിച്ച് ഏകദേശ ജ്ഞാനം ഇപ്പോൾ ശാസ്ത്രത്തിന് ലഭിച്ചു തുടങ്ങിയിട്ടുണ്ടെങ്കിലും ഭാഷണപ്രക്രിയയിലെ പ്രാഥമികമായ ആശയരൂപീകരണം നടക്കുന്ന മേഖല അമൂർത്തവും സൂക്ഷ്മവുമായ ഒരിടമാണെന്ന് നാം ഓർക്കണം. ഭാഷണ പ്രക്രിയ മസ്തിഷ്കത്തോടു മാത്രമല്ല ബന്ധപ്പെട്ടു നിൽക്കുന്നത്. പല ആന്തരിക നാഡികളും ഉത്തേജക പ്രവർത്തനങ്ങളും അതിന് ആവശ്യമായിട്ടുണ്ട്. അതുപോലെ മൗലികങ്ങളായ നാഡികൾ, പേശികൾ, എല്ലുകൾ ഇവയെല്ലാം ഒന്നിച്ചു പ്രവർത്തിച്ചാൽ മാത്രമേ ഭാഷണം നടക്കുകയുള്ളൂ.

(തുടരും)

---

*(10-ൽ നിന്ന് തുടർച്ച)*

അല്ലാഹു ഇക്കാലത്ത് അയച്ച വിശുദ്ധന്റെ ശബ്ദം ശ്രവിക്കുക:

***'അല്ലയോ യൂറോപ്പേ, നീ രക്ഷയില്ല. അല്ലയോ ഏഷ്യാ, നീയും സുരക്ഷിതമല്ല. അല്ലയോ ദ്വീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമിക്കപ്പെട്ട ഒരു ദൈവവും നിങ്ങളെ സഹായിക്കുകയില്ല. നഗരങ്ങൾ മറിഞ്ഞുവീഴുന്നത് ഞാൻ കാണുന്നു. ജനനിബിഢമായ സ്ഥലങ്ങൾ ജനശൂന്യങ്ങളായി ഭവിക്കുന്നത് ഞാൻ കാണുന്നു. ആ ഏകനും തനിച്ചുള്ളവനും ഒരു കാലം വരെ മൗനം പാലിച്ചു. തന്റെ കൺമുന്നിൽ വെറുക്കപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യപ്പെട്ടു. എന്നിട്ടും അവൻ നിശബ്ദത പാലിച്ചു. എന്നാൽ ഇപ്പോൾ അവൻ ഗാംഭീര്യത്തോടെ തന്റെ ശക്തി കാണിക്കും. ചെവിയുള്ളവൻ കേൾക്കട്ടെ, ആ നേരം വിദൂരമല്ല. അല്ലാഹുവിന്റെ അഭയത്തിനു കീഴെ എല്ലാവരേയും ഒരുമിച്ചുകൂട്ടാൻ ഞാൻ ശ്രമിച്ചു.' വീണ്ടും അദ്ദേഹം പറഞ്ഞു:***

അല്ലാഹു കോപമിറക്കുന്നതിൽ സാവധാനിയാണ്. അവൻ നിങ്ങളിൽ കരുണ ചെയ്യുവാൻ നിങ്ങൾ മാനസാന്തരപ്പെടുലിൻ. അല്ലാഹുവിനെ ഉപേക്ഷിക്കുന്നവൻ കീടമാണ്, അവൻ മനുഷ്യനല്ല. അവനെ ഭയപ്പെടാത്തവൻ മരിച്ചവനാണ്, ജീവനുള്ളവനല്ല'

ഈ സന്ദേശമാണ് അഹ്മദികൾ ലോകം മുഴുവനും പ്രചരിപ്പിക്കേണ്ടത്.

**(ഖുത്ബ സംഗ്രഹം :**
**മുഹമ്മദ് ഇസ്മായിൽ)**

ലേഖനം

# വിശുദ്ധ ഖുർആൻ ലക്ഷ്യസാഫല്യത്തിലേക്കുള്ള വഴികാട്ടി

മഹ്മൂദ്, കൽക്കുളം

**ദൈവത്തെ അറിയാനും ദൈവികജ്ഞാനം ആർജിക്കുവാനുമുള്ള രാജമാർഗ്ഗമാണ് വിശുദ്ധ ഖുർആൻ**

വിശുദ്ധ ഖുർആൻ ദൈവത്തിന്റെ ശാബ്ദിക വെളിപാടുകളുടെ സമുച്ചയമാകുന്നു. ദൈവത്തിൽ നിന്നും പുറപ്പെട്ട ഗീരുക്കളായതിനാൽ വിശുദ്ധ ഖുർആൻ 'കലാമുല്ലാഹ്' അഥവാ ദൈവിക വചനങ്ങളുമാണ്. പ്രക്ഷിപ്തങ്ങളില്ലാത്തതും അമാനുഷിക പരിരക്ഷയിൽ നിലകൊള്ളുന്നതുമായ ഗ്രന്ഥവുമാണ് വിശുദ്ധ ഖുർആൻ. സാമർത്ഥ്യവും കൗശലവും മുഖേന ദൈവിക വചനങ്ങളെ സമീപിക്കുന്നവർക്കു അതിലുള്ളടങ്ങിയ അന്തഃസ്സാരം ഗ്രഹിക്കാനാവുകയില്ല. നിർമ്മലചിത്തതയും സദുദ്ദേശ്യത്തിലധിഷ്ഠിതമായ സമീപനരീതിയുമാണ് ഖുർആനികജ്ഞാനങ്ങളുൾക്കൊള്ളുന്നതിനുള്ള മാനദണ്ഡങ്ങൾ. ഈ മാനദണ്ഡങ്ങൾ, വിശുദ്ധ ഖുർആൻ മഹനീയഗ്രന്ഥമാണെന്നതിനുള്ള നിദർശനവുമാകുന്നു. എന്തുകൊണ്ടെന്നാൽ, വക്രവും മലിനവുമായ മനസ്കർക്ക് പ്രാപിക്കാനാവാത്തത്രയും സമുന്നതിയിൽ നിലകൊള്ളുന്ന ഗ്രന്ഥമാണ് വി. ഖുർആൻ. "അവൻ തന്നെയാണ് നിനക്ക് ഈ ഗ്രന്ഥം ഇറക്കിയിട്ടുള്ളത്. അതിൽ ചിലത് ഖണ്ഡിതവചനങ്ങളാണ്. അവ ഗ്രന്ഥത്തിന്റെ അടിസ്ഥാനമാകുന്നു. മറ്റു ചിലത് സദൃശവചനങ്ങളുമാണ്. എന്നാൽ ഹൃദയങ്ങളിൽ വക്രതയുള്ളവർ, കുഴപ്പമുണ്ടാക്കുവാൻ ആഗ്രഹിച്ചും അതിനെ ദുർവ്യാഖ്യാനം ചെയ്യുവാനുദ്ദേശിച്ചും കൊണ്ട് അതിൽ നിന്ന് സദൃശമായതിനെ പിന്തുടരുന്നു. വാസ്തവത്തിൽ അല്ലാഹുവും അറിവിൽ അടിയുറച്ചവരുമല്ലാതെ അതിന്റെ യഥാർത്ഥ വ്യാഖ്യാനം അറിയുന്നില്ല. ഞങ്ങൾ അതിൽ വിശ്വസിച്ചിരിക്കുന്നു. എല്ലാം ഞങ്ങളുടെ നാഥനിൽ നിന്നുള്ളതാണ് എന്ന് അവർ പറയുന്നു. ബുദ്ധിമാൻമാരല്ലാതെ ആരും തന്നെ ഉപദേശം സ്വീകരിക്കുന്നില്ല.'' (വി.ഖു. 3:8) *"തീർച്ചയായായും ഇത് ആദരണീയമായ ഖുർആൻ ആകുന്നു... പരിശുദ്ധരാക്കപ്പെട്ടവരല്ലാതെ ഇത് സ്പർശിക്കുകയില്ല. സർവ്വലോകനാഥനിൽ നിന്നും അവതരിച്ചതാണിത്."* (56: 78, 80)

**കൃതികർത്താവിന്റെ തേജോവിലാസം**

ദൈവത്തിന്റെ മഹത്ത്വത്തേയും ഗുണമാഹാത്മ്യങ്ങളേയും സംബന്ധിച്ചുള്ള വ്യക്തമായ പ്രതിപാദനം വിശുദ്ധ ഖുർആനിൽ ദർശിക്കാൻ കഴിയും." *ഞാൻ അല്ലാഹു ഏറ്റവും അറിയുന്നവനും സത്യസന്ധനുമാണ്. ഇത് നിന്നിലേക്ക് ഇറക്കപ്പെട്ട ഒരു മഹത്തായ ഗ്രന്ഥമാകുന്നു"* (7: 2, 3) *"ഞാൻ അല്ലാഹു എല്ലാം അറിയുന്നവനും എല്ലാം കാണുന്നവനുമാകുന്നു. ഇത് ആ പരിപൂർണ്ണഗ്രന്ഥത്തിലെ വചനങ്ങളാണ്* (13:2)

*"തന്റെ ദാസന്, അദ്ദേഹം സർവ്വലോകത്തിനും മുന്നറിയിപ്പുകാരനാകുന്നതിനായി സത്യാസത്യവിവേചക ഗ്രന്ഥം അവതരിപ്പിച്ചവൻ അനുഗ്രഹപൂർണ്ണൻ"* (25:2) *"പരിശുദ്ധനും എല്ലാം കേൾക്കുന്നവനും മഹത്ത്വമുടയവനുമായവൻ, കാര്യങ്ങൾ വ്യക്തമായി വിവരിക്കുന്ന ഗ്രന്ഥത്തിലെ സൂക്തങ്ങളാണിവ." (26: 2, 3) "ഈ ഗ്രന്ഥാവതരണം പ്രതാപവാനും അഗാധജ്ഞനുമായ അല്ലാഹുവിൽ നിന്നാകുന്നു." (39:2) "പരമകാരുണികനും കരുണാമയനുമായവനിൽ നിന്ന് അവതരിപ്പിക്കപ്പെട്ടതാണിത്.'' (41:3) "ഞാൻ അല്ലാഹു ഏറ്റവും കൂടുതൽ അറിയുന്നവനാകുന്നു. ഇത് മഹത്തായ ഗ്രന്ഥമാണ്. ഇതിൽ യാതൊരു സംശയവുമില്ല. ദോഷബാധയെ സൂക്ഷിക്കുന്നവർക്ക് ഇത് മാർഗദർശകമാകുന്നു."* (2:1-3) ഉപര്യുധൃത വചനങ്ങളിലെല്ലാം ദൈവത്തിന്റെ മഹത്ത്വഗുണങ്ങളെ പറ്റിയുള്ള വെളിപ്പെടുത്തലുകൾക്ക്ശേഷമാണ്, വിശുദ്ധ ഖുർആനെക്കുറിച്ച്

പരിചയപ്പെടുത്തുന്നത്. അന്യൂനനും സർവ്വശക്തനും നിസ്തുലനും സർവ്വാതിശായിയുമാണ് ദൈവം. അവൻ അഖിലലോകസ്രഷ്ടാവും പാലകനുമാകുന്നു. സ്ഥലകാലപരിമിതികൾക്കതീതനും സർവ്വത്തെയും അടക്കിവാഴുന്ന സത്യസ്വരൂപനുമാണവൻ. സത്യനും നിരാശ്രയനും എല്ലാറ്റിനെയും നിലനിറുത്തുന്ന സർവ്വാധിപനും അവൻ മാത്രമാണ്. അവൻ സർവ്വഗുണങ്ങളുടെയും മൂർത്തീമദ്ഭാവവുമാകുന്നു. ചുരുക്കത്തിൽ ദൈവം അന്യൂനനും തികവുറ്റവനും സർവ്വജ്ഞനുമാണെന്നപോലെ അവന്റെ കലാമിലും ഈ യാഥാർത്ഥ്യം പ്രതിഫലിപ്പിക്കപ്പെട്ടിരിക്കുന്നു. അഥവാ ദൈവത്തിന്റെ വചനസമാഹാരമായ വിശുദ്ധ ഖുർആൻ അപാകരഹിതവും തികവുറ്റതും ജ്ഞാനവിജ്ഞാനങ്ങളുടെ കലവറയുമാകുന്നു. ദൈവത്തിന്റെ സർവ്വജ്ഞത്വമാണ് അതിൽ വെളിപ്പെട്ടിരിക്കുന്നത്. ദൈവത്തിലേക്കും ദൈവികജ്ഞാനങ്ങളിലേക്കും അത് വഴികാട്ടുകയും ചെയ്യുന്നു.

## ദൈവസൂക്തങ്ങളും അവന്റെ കർമ്മങ്ങളും

ദൈവസൂക്തങ്ങളും അവന്റെ സൃഷ്ടിപ്പും അഥവാ അവന്റെ കർമ്മങ്ങളും തമ്മിലുള്ള അപരിച് ഛേദ്യമായ പൊരുത്തത്തെസ്സംബന്ധിച്ച് പരിചിന്തനം നടത്തുവാൻ പ്രേരണ നല്കിക്കൊണ്ട് ദൈവത്തിന്റെ ഗുണമഹാത്മ്യങ്ങളെക്കുറിച്ച് വിലയിരുത്തുവാനും വിശുദ്ധ ഖുർആൻ ആഹ്വാനം നല്കുന്നുണ്ട്. വിശുദ്ധ ഖുർആൻ ദൈവത്തിന്റെ വചനങ്ങളാണ്. അതേപ്രകാരം പ്രപഞ്ച സംവിധാനങ്ങളും അതിൽ വ്യാപിച്ചുകിടക്കുന്ന പരകോടി സൃഷ്ടിജാലങ്ങളും ദൈവത്തിന്റെ പ്രകടമായ സൃഷ്ടികർമ്മങ്ങളുമാകുന്നു. അതിനാൽ, വിശുദ്ധ ഖുർആനിൽ ന്യൂനതയോ പോരായ്മയോ കണ്ടെത്താൻ സാധിക്കാത്തതുപ്പോലെ പ്രപഞ്ചസംവിധാനങ്ങളിലും സൃഷ്ടികർമ്മങ്ങളിലും യാതൊരപാകവും ചൂണ്ടിക്കാട്ടുവാൻ സാധിക്കുന്നതല്ല. അഥവാ ദൈവത്തിന്റെ വചനങ്ങളും അവന്റെ കർമ്മങ്ങളും വിളിച്ചറിയിക്കുന്നന്നത് ദൈവം അന്യൂനനാണെന്ന യാഥാർത്ഥ്യം തന്നെയാണ്. വിശുദ്ധ ഖുർആൻ ഇപ്രകാരം വിളംബരം ചെയ്യുന്നു. *"പരമകാരുണികനായ അല്ലാഹുവിന്റെ സൃഷ്ടികർമ്മത്തിൽ ഒരുക്രമക്കേടും നീ കാണുകയില്ല. നീ വീണ്ടും നോക്കുക. വല്ല വിടവും കാണുന്നുണ്ടോ? ഇനിയും രണ്ടു പ്രാവശ്യം കണ്ണോടിച്ചു നോക്കുക. കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ചുകൊണ്ട് നിന്നിലേക്ക് തിരിച്ചുവരും."* (67:4, 5) "ആകാശങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും രാവും പകലും മാറി വരുന്നതിലും മനുഷ്യർക്ക് പ്രയോജനപ്രദമായ വസ്തുക്കളും കൊണ്ട് കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിലും മേഘങ്ങളിൽ നിന്നു അല്ലാഹു വെള്ളമിറക്കി ഭൂമിയെ, അത് നിർജീവമായി കിടന്ന ശേഷം, സജീവമാക്കുകയും അ തിൽ എല്ലാത്തരം ജീവജാലങ്ങളെയും വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതിലും, കാറ്റുകളുടെ ഗതിവിഗതികളിലും ആകാശഭൂമികൾക്കിടയിൽ അധീനമാക്കപ്പെട്ടിട്ടുള്ള മേഘങ്ങളിലും ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് നിശ്ചയമായും പലവിധ ദൃഷ്ടാന്തങ്ങളുമുണ്ട്" (2:165) *"ഭൂമിയിലുള്ള വൃക്ഷങ്ങളെല്ലാം പേനകളും സമുദ്രം (മഷിയും) ആവുകയും അതിന് പുറമെ ഏഴു സമുദ്രങ്ങൾ മഷിയായി അതിനെ പോഷിപ്പിക്കുകയും ചെയ്താൽപ്പോലും അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ എഴുതിത്തീരുകയില്ല. തീർച്ചയായും അല്ലാഹു പ്രതാപവാനും യുക്തിജ്ഞനുമാണ്." (31:28) "അവർ ഖുർആനെപ്പറ്റി ചിന്തിച്ചു നോക്കുന്നില്ലേ? അത് അല്ലാഹു അല്ലാത്തവരിൽ നിന്നും ഉള്ളതായിരുന്നുവെങ്കിൽ തീർച്ചയായും അവരതിൽ വളരെയധികം വൈരുദ്ധ്യങ്ങൾ കണ്ടെത്തുമായിരുന്നു." (4:83)* ദൈവികവചനങ്ങളെയും പ്രപഞ്ചപ്രതിഭാസങ്ങളെയും സൂചിപ്പിക്കുവാൻ ദൃഷ്ടാന്തം എന്നർത്ഥമുള്ള 'ആയത്ത്' എന്ന പദം ഖുർആനിൽ പ്രയുക്തമായിരിക്കുന്നതും ചിന്തനീയമാണ്. അവ രണ്ടും ദൈവത്തിന്റെ അത്ഭുതദൃഷ്ടാന്തങ്ങൾ തന്നെയാകുന്നു.

## യാഥാർത്ഥ്യജീവിതത്തിലേക്കുള്ള വഴികാട്ടി

ഈ ലോകം ഒരു താൽക്കാലിക ഗേഹം മാത്രമാണെന്നും, യഥാർത്ഥവും സനാതനവുമായിട്ടുള്ളത് പരലോകജീവിതമണെന്നും നിരവധി സൂക്തങ്ങളിലൂടെ വിശുദ്ധ ഖുർആൻ ഊന്നിപ്പറയുന്നുണ്ട്. അഥവാ ഈ ഐഹിക ജീവിതം അദൃശ്യമായ ആ യഥാർത്ഥ ലോകത്തിന്റെ ഛായാപടം മാത്രമാണ്. പാരത്രിക ജീവിതത്തെ മുൻനിറുത്തിയുള്ള കർമ്മാനുഷ്ഠാനങ്ങളിലൂടെയാണ്, ഈ ലോകജീവിതത്തെ അന്വർത്ഥമാക്കാൻ മനുഷ്യന് സാധിക്കുന്നത്. ഭൗമിക ലോകം മനുഷ്യന്റെ ജന്മസാഫല്യത്തിലേക്കുള്ള കർമ്മഭൂമിയാണെന്ന് വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നു. 'ഈ ലോകം പരലോകത്തിന്റെ കൃഷിയിടമാണെന്ന' നബിവാക്യം ഈ സത്യത്തെയാണ് അനാവരണം ചെയ്യുന്നത്. എന്നാൽ, കേവലം ഐഹികജീവിതത്തെ ലക്ഷ്യമാക്കുന്നവർക്ക് ഒടുവിൽ എല്ലാം നഷ്ടപ്പെടുന്നു. ഇതു സംബന്ധിച്ച് വിശുദ്ധ ഖുർആൻ ഇപ്രകാരം ജാഗ്രതപ്പെടുത്തുന്നു: *"ഈ ഐഹികജീവിതം വിനോദവും കളിയും മാത്രമാണ്. പാരത്രിക ജീവിതം തന്നെയാണ് യഥാർത്ഥ ജീവിതം. അവർ അറിയുന്നവരായിരുന്നെങ്കിൽ" (29:65) "എന്റെ ജനമേ, ഈ ഐഹിക ജീവിതം താൽക്കാലിക സുഖാനുഭൂതി മാത്രമാണ്. പരലോകം തന്നെയാണ് ശാശ്വതജീവിതത്തിനുള്ള വീട്. ആരെങ്കിലും ഒരു തിന്മ പ്രവർത്തിച്ചാൽ തത്തുല്യമായ പ്രതിഫലം മാത്രമേ അവന് ലഭിക്കുകയുള്ളൂ. ആരെങ്കിലും അയാൾ ആണോ പെണ്ണോ ആവട്ടെ സത്യവിശ്വാസിയായിരിക്കെ സൽകർമ്മം ചെയ്യുന്നതായാൽ അയാൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവിടെ അവർക്ക് ഒരു കണക്കും കൂടാതെ അനുഗ്രഹങ്ങൾ നല്കപ്പെടുകയും ചെയ്യും."* (40:40, 41)

*"നിങ്ങൾക്ക് എന്തൊന്ന് നല്കപ്പെട്ടിട്ടുണ്ടോ അത് ഐഹികജീവിത*

*ത്തിന്റെ താൽക്കാലിക വിഭവങ്ങൾ മാത്രമാണ്. എന്നാൽ വിശ്വസിക്കുകയും (തങ്ങളുടെ കാര്യങ്ങൾ) തങ്ങളുടെ നാഥനിൽ അർപ്പിക്കുകയും ചെയ്യുന്നവർക്ക് അല്ലാഹുവിന്റെയടുക്കൽ ഉള്ളതാണ് ഏറ്റവും ഉത്തമവും ശാശ്വതവുമായിട്ടുള്ളത്" (42:37) "നിങ്ങൾ അറിഞ്ഞുകൊള്ളുക, ഐഹികജീവിതം ഒരു കളിയും വിനോദവും അലങ്കാരവും നിങ്ങൾ പരസ്പരം വമ്പു നടിക്കലും ധനത്തിലും സന്തതികളിലും പെരുമ കാണിക്കലും മാത്രമാണ്. ഇതൊരു മഴപോലെയാണ്. അതുമൂലം ഉണ്ടായ സസ്യലതാദികൾ കർഷകനെ ആനന്ദിപ്പിക്കുന്നു. പിന്നെ അത് ഉണങ്ങിപ്പോകുന്നു. അപ്പോൾ നിനക്കതിനെ മഞ്ഞനിറമുള്ളതായി കാണാം. പിന്നെ അത് ചവറായിത്തീരുന്നു. പരലോകത്ത് നിഷേധികൾക്ക് കഠിനശിക്ഷയും വിശ്വാസികൾക്ക് അല്ലാഹുവിൽ നിന്നുള്ള പാപമോചനവും അവന്റെ സംതൃപ്തിയും ലഭിക്കുന്നതാണ്. ഐഹികജീവിതം വഞ്ചനയുടെ വിഭവങ്ങൾ മാത്രമാണ്." (57:21) "ഐഹിക ജീവിതത്തിന്റെ ഉപമ ഇപ്രകാരം തന്നെയാണ്. നാം മേഘത്തിൽ നിന്ന് ജലം ഇറക്കി. എന്നിട്ട് മനുഷ്യരും കന്നുകാലികളും ഭക്ഷിക്കുന്ന ഭൂമിയിലെ ഉൽപന്നങ്ങൾ അതുമായികൂടിച്ചേർന്നു. അങ്ങനെ ഭൂമി അതിന്റെ അലങ്കാരം കൈകൊള്ളുകയും അത് മനോഹരമായിത്തീരുകയും അതിന്റെ ഉടമസ്ഥർ തങ്ങൾ തികച്ചും അതിന്മേൽ അധികാരസ്ഥരാണെന്ന് ധരിക്കുകയും ചെയ്തപ്പോൾ, രാത്രിയോ പകലോ നമ്മുടെ വിധി അതിന് വന്നെത്തുന്നു. അങ്ങനെ ഇന്നലെ അത് അവിടെ ഉണ്ടായിരുന്നില്ല എന്ന് തോന്നുമാറ് നാം അതിനെ കൊയ്തെടുക്കപ്പെട്ടതാക്കിത്തീർത്തു. ചിന്തിക്കുന്ന ജനങ്ങൾക്ക് ഇപ്രകാരം നാം ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുന്നു"* (10:25)

ഹ്രസ്വമായ ഈ ലോകജീവിതത്തിനിടയിൽ യഥാർത്ഥമായ മറ്റൊരു ജീവിതമുണ്ടെന്ന കാര്യം വിസ്മരിച്ചുപോകരുതെന്ന ജാഗരണമാണ് മേൽസൂക്തങ്ങളിൽ നല്കപ്പെട്ടിരിക്കുന്നത്.

## ദൈവത്തിലേക്കുള്ള വിളിയാളം

ദൈവസംപ്രീതിയാണ്, മനുഷ്യന്റെ ജീവിതലക്ഷ്യം. ദൈവസാക്ഷാൽക്കാരത്തിനുള്ള മാർഗത്തിലൂടെ അവിരാമം പരിശ്രമിക്കുമ്പോൾ മനുഷ്യന്റെ സൃഷ്ടിയുദ്ദേശ്യം അർത്ഥപൂർണ്ണമാകുന്നു. ദിവ്യവെളിപാടുകളുടേയും ആത്മീയാനുഗ്രഹങ്ങളുടേയും നിർവ്വിഘ്നതയാണ്, മതലോകത്ത് ജീവത്തായ ഒരവസ്ഥ സംജാതമാക്കുന്നത്. ദിവ്യവെളിപാടുകൾ, മനുഷ്യജീവിതത്തിന്, നേരായ ദിശാബോധം നല്കുന്നു. ആസ്തിക്യബോധത്തെ, അത് ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു. ദൈവികമതത്തിന്റെ പരമപ്രധാനമായ അടയാളവും ഇതുതന്നെയാണ്. എന്നാൽ, ദിവ്യബോധനങ്ങളും സ്വർഗ്ഗീയാനുഗ്രഹങ്ങളും കേവലം പുരാണങ്ങളായിമാറുകയും ആത്മീയമായ സജീവത ചോർന്നുപോകുകയും ചെയ്ത മതങ്ങൾ ചേതന നശിച്ച മതങ്ങളാകുന്നു. ദൈവസാമീപ്യത്തിന്റേയും ദിവ്യഭാഷണസൗഭാഗ്യത്തിന്റേയും അനുഗ്രഹപൂർണ്ണതയിലേയ്ക്ക് വഴിനയിക്കുന്നു എന്നത് ഇസ്‌ലാം അക്ഷയമായ, സത്യമതമാണെന്നതിനുള്ള അനിഷേധ്യസാക്ഷ്യം കൂടിയാണ്. എല്ലാകാലത്തും സൽഫലം നൽകുന്ന ഒരു ശുഭവൃക്ഷത്തോടാണ് ഇസ്‌ലാമിനെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത്. വിശുദ്ധ ഖുർആൻ ഇപ്രകാരം പറയുന്നു; *"നമ്മുടെ കാര്യത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ തീർച്ചയായും നാം നമ്മുടെ മാർഗങ്ങളിൽ വഴി നയിക്കുന്നതാണ്" (29:70) "തന്റെ നാഥന്റെ സ്ഥാനത്തെ ഭയപ്പെടുന്നവനാരോ അവന് രണ്ട് ആരാമങ്ങളുണ്ട്." (55:47) "അല്ലാഹുവിനേയും ഈ ദൈവദൂതനേയും അനുസരിക്കുന്നതാരോ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ് വൃത്തന്മാർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ." (4:70) "ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തരായി നിലകൊള്ളുകയും ചെയ്തവരാരോ അവരുടെയടുക്കൽ മലക്കുകൾ ഇറങ്ങും. (ആ മലക്കുകൾ പറയും) നിങ്ങൾ ഭയപ്പെടേണ്ട, വ്യസനിക്കുകയും വേണ്ട. നിങ്ങൾക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന സ്വർഗം ലഭിച്ചതിൽ സന്തുഷ്ടരാവുക."* (41:31) ചുരുക്കത്തിൽ, ദൈവസാക്ഷാൽക്കാരത്തിന്റെ അമൂല്യമായ രാജവീഥിയിലേക്കുള്ള മാർഗദർശനമാണ് വിശുദ്ധ ഖുർആന്റെ അന്തഃസ്സാരം. ഇതുസംബന്ധമായി വാഗ്ദത്ത മസീഹി(അ)ന്റെ വിശദീകരണത്തിൽ നിന്നും അല്പഭാഗം ഇവിടെ കുറിക്കുന്നു.

*"വിശുദ്ധ ഖുർആനെ പിൻപറ്റുക നിമിത്തം വിശ്വാസികളുടെ ഹൃദയങ്ങളിൽ അനുഗ്രഹം വർഷിക്കപ്പെടുമെന്നത് ലക്ഷോപലക്ഷം ഭക്തന്മാർ തങ്ങളുടെ വ്യക്തിപരമായ അനുഭവങ്ങളിലൂടെ അറിഞ്ഞുകഴിഞ്ഞതാണ്. സർവ്വശക്തനായ ദൈവവുമായി അത്ഭുതകരമായ ഒരു ബന്ധം സ്ഥാപിക്കപ്പെടുന്നു. അവന്റെ പ്രചോദനങ്ങളും വെളിപാടുകളും ഭക്തഹൃദയങ്ങളിൽ വർഷിക്കപ്പെടുന്നു. അവർ മഹത്തായ ജ്ഞാനവും തീക്ഷ്ണബുദ്ധിയും ഉൾക്കൊള്ളുന്ന വാക്കുകൾ സംസാരിച്ചു തുടങ്ങുന്നു. അവർക്കു വിസ്മയനീയവും അചഞ്ചലവുമായ ദൈവഭക്തിയും വിശ്വാസവും പ്രദാനം ചെയ്യപ്പെടുന്നു. സ്രഷ്ടാവ് അവരിലേക്ക് വളരെയധികം അടുക്കുന്നതുകൊണ്ട് അവനോടവർക്ക് വിചിത്രരീതിയിലുള്ള ഒരു സ്നേഹം അനുഭവപ്പെടുന്നു. അവരുടെ പ്രാർത്ഥനകൾ അവൻ കേൾക്കുന്നു. അവർ അവനോട് സഹായം തേടുമ്പോൾ, അവൻ അവരെ സഹായിക്കാൻ പാഞ്ഞെത്തുന്നു. അവരുടെ മാതാപിതാക്കളെക്കാളും അവൻ അവരോട് കരുണ കാണിക്കുകയും ചെയ്യുന്നു."* (സുർമ ചശ്മയെ ആര്യ)

●

ലേഖനം

# ഇസ്‌ലാമിക് ബാങ്കിങ്ങ്

**ഹാഷിം അഹ്മദ്**

## ആഗോള അഹ്മദി യുവജനസംഘടനയായ ഖുദ്ദാമുൽ അഹ്മദിയ്യായുടെ "Professionals' Journal എന്ന പ്രസിദ്ധീകരണത്തിൽ വന്ന ലേഖനത്തിന്റെ രണ്ടാം ഭാഗം

മുതൽ മുടക്കുന്ന നിക്ഷേപകനും ബിസിനസ് സംരംഭകനും തമ്മിലുള്ള ഉടമ്പടിയിലൂടെ രൂപം കൊള്ളുന്ന കച്ചവടം അഥവാ ***മുദാറബ*** രീതിയിലുള്ള ബിസിനസ്സിന് ആധുനിക കാലത്തുള്ള ഒരു വെല്ലുവിളി പണം മുടക്കാൻ തയ്യാറുള്ള നിക്ഷേപകനേയും (Investor) കച്ചവടം നടത്തുന്ന ഏജന്റിനേയും അഥവാ സംരംഭകനേയും ഒരുമിച്ചുകൂട്ടുക എന്നതാണ്. ഇത് ഇസ്‌ലാമിക വ്യവസ്ഥിതിയിൽ എങ്ങനെ സാധ്യമാക്കാം എന്നതാണ് പ്രശ്നം. ഇക്കാലത്ത് നടക്കുന്ന രീതിയിലുള്ള സ്റ്റോക്ക് മാർക്കറ്റ് സമ്പ്രദായം ഇസ്‌ലാം അംഗീകരിക്കുന്നില്ല.

ആധുനിക സ്റ്റോക്ക് മാർക്കറ്റ് സമ്പ്രദായം നിക്ഷേപകനേയും സംരംഭകനേയും ഫലപ്രദമായി ഒന്നിപ്പിക്കുന്നുവെങ്കിലും അവയിൽ ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ അദ്ധ്യാപനങ്ങൾക്ക് യോജിക്കാത്ത ധാരാളം ഘടകങ്ങൾ അടങ്ങിയിട്ടുണ്ട്. ഓഹരിയുടെ ഹ്രസ്വകാല വിപണനം, മാർജിൻ വിപണനം, ഭാവി വിപണനം (Future Trading), ഹ്രസ്വകാല വിപണത്തിന്നായുള്ള പലിശക്ക് കടമെടുക്കൽ മുതലായ സമ്പ്രദായങ്ങളൊന്നും ഇസ്‌ലാമിൽ അനുവദനീയമല്ല. ഇതിന്നുള്ള പരിഹാരം നിക്ഷേപകന്റേയും (Investor) അൽ മുദാറബ (ബിസിനസ് ഏജൻറ് / ബിസിനസ് സംരംഭകൻ)യുടേയും ഇടയിൽ മദ്ധ്യവർത്തിയായി ഒരു സാമ്പത്തിക സ്ഥാപനത്തിന്റെ രൂപീകരണമാണ്, അതായത് ഇസ്‌ലാമിക രീതിയിലുള്ള ഒരു ബാങ്കിന്റെ രൂപീകരണം. ബാങ്ക് മുദാറബകളിലും മുശാറക്കകളിലും (പാർട്ട്ണർഷിപ്പ്) പണം നിക്ഷേപിക്കാവുന്നതാണ്. ബാങ്കിന്റെ വീക്ഷണകോണിലായിരിക്കണം ഈ സ്ഥാപനത്തിൽ പണം നിക്ഷേപിക്കേണ്ടത്. അത് പാശ്ചാത്യ രീതിയിലുള്ള ഇക്വിറ്റി പണനിക്ഷേപത്തിന്നു സമാനമായ ഒരു സമ്പ്രദായമായിരിക്കും.

റസൂൽ തിരുമേനി (സ) തന്റെ പ്രവാചകവാദത്തിന് മുമ്പ് അറബികൾക്കിടയിൽ 'അൽ അമീൻ' എന്നായിരുന്നു അറിയപ്പെട്ടിരുന്നത്. അതിന് കാരണം അവിടുത്തെ അനിതരസാധാരണമായ വിശ്വസ്തതയും സത്യസന്ധതയുമായിരുന്നു. ആളുകൾ ദീർഘയാത്രകൾ പോവുമ്പോൾ അവരുടെ പക്കലുള്ള പണവും മുതലുകളും (അമാനത്ത്) ഭാവിയിൽ ആവശ്യപ്പെട്ടാൽ തിരിച്ചുതരണമെന്ന വ്യവസ്ഥയിൽ റസൂൽ തിരുമേനി(സ)യെ സൂക്ഷിക്കാനേൽപിക്കാറുണ്ടായിരുന്നു. അപ്രകാരം അവർ എപ്പോഴാണ് ആവശ്യപ്പെട്ടിരുന്നത് അപ്പോഴെല്ലാം യാതൊരു വിഘ്നവും കൂടാതെ റസൂൽ തിരുമേനി(സ) അവരുടെ പണവും മുതലുകളും അവർക്ക് തിരിച്ചേൽപ്പിച്ചിരുന്നു. മുതലുകൾ സൂക്ഷിക്കുകയും അവ ആവശ്യപ്പെടുമ്പോൾ തിരിച്ചേൽപ്പിക്കുകയും ചെയ്യുന്ന അങ്ങേയറ്റം വിശ്വസ്തതയും സത്യസന്ധതയും പുലർ ത്തുന്ന ഒരാൾക്ക് ലഭിക്കുന്ന അത്യപൂർവ്വവും അത്യുന്നതവുമായ ബഹുമതിയാണ് 'അൽ അമീൻ' എന്ന സ്ഥാനം.

പലിശരഹിതമായ വ്യവസ്ഥയിലാണ് ഇസ്‌ലാമിക ബാങ്ക് പ്രവർത്തിക്കുക. 'അമീന്റെ' പണം സൂക്ഷിപ്പ് ചുമതലയും അതുപോലെ കച്ചവടസംരംഭങ്ങളിലെ 'നിക്ഷേപകന്റെ' ചുമതലയും നിർവ്വഹിക്കുന്ന പണം സൂക്ഷിപ്പിന്റേയും നിക്ഷേപത്തിന്റേയും ലളിതമായ ഒരു ഘടനയിലാണ് ഇസ്‌ലാ മിക് ബാങ്ക് പ്രവർത്തിക്കുക. പണം സൂക്ഷിക്കാൻ വേണ്ടി നിക്ഷേപിക്കുന്നവരും (Depositors) ബിസിനസ്സിൽ നിക്ഷേപിക്കുന്നവരും (Investors) ഉൾക്കൊള്ളുന്ന ഒരു സാമ്പത്തിക സ്ഥാപനമാണ് ബാങ്ക്.

### ഏ. പണം സൂക്ഷിപ്പി (ഡപ്പോസിറ്റ്)നു വേണ്ടിയുള്ള നിക്ഷേപകർ

തങ്ങളുടെ വരുമാനം, ശമ്പളം മുതലായവ സൂക്ഷിക്കാൻ വേണ്ടി ബാങ്കിനെ ഉപയോഗപ്പെടുത്തുന്നവരാണ്

ഡപ്പോസിറ്റേഴ്സ് അഥവാ പണം സൂക്ഷിപ്പിനുവേണ്ടി നിക്ഷേപിക്കുന്നവർ. അത്തരം ആളുകൾ ഒരു വർഷത്തിനുള്ളിൽ അവരുടെ പണം പല ആവശ്യങ്ങൾക്കായി തിരിച്ചുവാങ്ങുന്നവരായിരിക്കും.

## ബി. ബിസിനസ് സംരംഭങ്ങളിലെ നിക്ഷേപകർ (ഇൻവെസ്റ്റ്മെന്റ്)

സക്കാത്ത് നിരക്കിനേക്കാൾ ഉയർന്ന തോതിൽ ലാഭം പ്രതീക്ഷിച്ചുകൊണ്ട് തങ്ങളുടെ അധിക മൂലധനം നിക്ഷേപിക്കുന്ന വ്യക്തികളാണ് ബാങ്കിലെ നിക്ഷേപകരായി കണക്കാക്കപ്പെടുന്നത്. ബാങ്ക് സ്ഥാപിക്കാൻ വേണ്ടി അടിസ്ഥാന മൂലധനമിറക്കുന്ന നിക്ഷേപകനും 'നിക്ഷേപകൻ' അഥവാ 'ഇൻവെസ്റ്റർ' ആയിട്ടായിരിക്കും പരിഗണിക്കപ്പെടുക. അയാൾക്ക് യാതൊരു വിധത്തിലുള്ള പ്രത്യേകാവകാശങ്ങളോ മറ്റു പരിഗണനകളോ ഉണ്ടായിരിക്കുകയില്ല. നിക്ഷേപങ്ങൾ സ്ഥിരാടിസ്ഥാനത്തിലുള്ളതോ, നിശ്ചിത ദീർഘകാലാടിസ്ഥാനത്തിലുള്ളതോ (Fixed Long term) ഇടക്കാലത്തിലുള്ളതോ (Medium term) ഹ്രസ്വകാലാടിസ്ഥാനത്തി (Short term) ലുള്ളതോ ആയിരിക്കും.

## സേവനങ്ങൾ

മറ്റു പൊതുസേവനങ്ങൾ കൂടാതെ ബാങ്ക് അതിന്റെ പണം താഴെ കാണുന്ന രണ്ട് രീതിയിൽ നിക്ഷേപിക്കുന്നു.

**ഖർദുൽ ഹസൻ:** അടിയന്തിരാവശ്യങ്ങൾക്കും മറ്റുമായി യാതൊരു അധികം തിരിച്ചടവുമില്ലാതെ വ്യക്തികൾക്ക് നൽകുന്ന വായ്പയാണ് ***ഖർദുൽ ഹസൻ.*** ഇത് ഒരു പേർഷ്യൻ പദത്തിന്റെ അറബി രൂപമാണ്. പെട്ടെന്നുണ്ടാകുന്ന അടിയന്തിരാവശ്യങ്ങൾക്ക് വ്യക്തികൾക്ക് നൽകുന്ന വായ്പയാണിത്. കടം വാങ്ങുന്നയാൾ വായ്പയായി സ്വീകരിച്ച പണം മാത്ര മേ തിരിച്ചടക്കേണ്ടതുള്ളൂ. വായ്പയായി വാങ്ങിയ തുകയേക്കാൾ കൂടുതലായി വായ്പ വാങ്ങിയയാൾക്ക് തിരിച്ചു നൽകാവുന്നതാണ്. പക്ഷേ, അത് തികച്ചും വായ്പ വാങ്ങിയയാളുടെ ഇഷ്ടപ്രകാരമായിരിക്കും. യാതൊരു നിർബന്ധവും പാടില്ല.

## 2. സാമ്പത്തികസ്ഥാപനേതര നിക്ഷേപങ്ങൾ

ഈ രീതിയിലുള്ള നിക്ഷേപം ബാങ്കിന്റെ 'നിക്ഷേപകനിധിയിൽ' (ഇൻവെസ്റ്റ്മെന്റ് ഫണ്ട്) നിന്നായിരിക്കും പണമെടുത്ത് മുതൽമുടക്കുന്നത്. നേരത്തെ സൂചിപ്പിച്ച ബി. ടൈപ്പ് നിക്ഷേപകരി(ഇൻവെസ്റ്റേഴ്സ്)ൽ നിന്നു സമാഹരിച്ച മൂലധനത്തിൽ നിന്നായിരിക്കും ഈ നിക്ഷേപം നടത്തുക. മുദാറബ, മുശാറക്ക / മുഫാവദ എന്നീ ഇനങ്ങളിലുള്ള ബിസിനസ് സംരംഭങ്ങളിലായിരിക്കും പണം മുടക്കുക. ഏത് തരത്തിലുള്ള ബിസിനസ് സ്ഥാപനമാവട്ടെ, ബാങ്കിന് ആ സ്ഥാപനത്തിൽ നൂറുശതമാനവും ഉടമസ്ഥാവകാശമില്ലാത്തതാണെങ്കിൽ അത്തരം ബിസിനസ് സ്ഥാപനങ്ങളിൽ ബാങ്ക് വളരെ സൈഥര്യമുള്ളതും നിർണ്ണായകവുമായ ഒരു ഓഹരിയുടമയായിരിക്കും. ബാങ്കിന്റെ നിക്ഷേപങ്ങൾ ഉചിതംപോലെ സ്ഥിര/ദീർഘകാല/ഹ്രസ്വകാല സ്വഭാവത്തോടുകൂടിയതുമായിരിക്കും.

## ലാഭനഷ്ട പങ്കാളിത്തം

ബാങ്ക് വിവിധ ബിസിനസ് സംരംഭങ്ങളിൽ വിവധ രീതിയിലുള്ള നിക്ഷേപങ്ങൾ നടത്തുകയും ഒരു നിശ്ചിതകാലത്തിനുശേഷം ലാഭനഷ്ടങ്ങളുടെ കണക്കുകൾ പരിശോധിക്കുകയും ചെയ്യും. ബാങ്കിന്റെ ഭരണപരവും പ്രവർത്തനപരവുമായ ചിലവുകൾ കഴിച്ച് ബാക്കി ലാഭം നിക്ഷേപകരുടെ ഓഹരി മൂലധനത്തിന്റെ അനുപാതമനുസരിച്ച് വീതിക്കുന്നു. നഷ്ടമാണെങ്കിൽ ആ നഷ്ടത്തിന്റെ അനുപാതത്തിൽ വീതിക്കുന്നു. നഷ്ടമാണെങ്കിൽ അത് മൂലധനത്തിന്റെ മൂല്യത്തിൽ കുറവ് വരുത്തുകയും ചെയ്യുന്നു. സാധാരണയായി ബാങ്ക് പണം മുടക്കിയ സംരംഭകന് അഥവാ ബാങ്കിന്റെ ഏജന്റിന് മുൻകരാർ പ്രകാരമാണ് ബാങ്കുമായി ലാഭം വീതിക്കുക.

## ലാഭം പങ്കുവെക്കൽ

ബാങ്കിന് ലഭിക്കുന്ന ലാഭം അഥ വാ അറ്റാദായം നിക്ഷേപകർക്കിടയിൽ ഡിവിഡന്റായി വീതിക്കുന്നു. നിക്ഷേപകരുടെ ഇഷ്ടമനുസരിച്ച് അത് ക്യാഷ് ആയോ നിക്ഷേപ ഓഹരിയായോ അല്ലെങ്കിൽ മുൻകൂട്ടി വല്ല കരാറുമുണ്ടെങ്കിൽ അത് പ്രകാരമോ ബാങ്ക് നൽകുന്നു. ഇസ്‌ലാമിക വ്യവസ്ഥക്ക് കീഴിലുള്ള ബാങ്കോ അല്ലെങ്കിൽ ഏതെങ്കിലും ഒരു ബിസിനസ് സ്ഥാപനമോ യാതൊരു കാരണവശാലും നിക്ഷേപകന്റെ ലാഭം പിടിച്ചുവെക്കാൻ പാടുള്ളതല്ല. നിക്ഷേപകന്റെ സമ്മതമുണ്ടെങ്കിൽ മാത്രമേ അപ്രകാരം ചെയ്യാൻ പാടുള്ളൂ. അങ്ങനെ ലാഭം കൈയ്യിൽ സൂക്ഷിക്കുന്ന സാഹചര്യത്തിൽ ലാഭവിഹിതത്തിനനുസരിച്ചുള്ള തങ്ങളുടെ ഓഹരികൾ നിക്ഷേപകന് യഥാക്രമം ആ ബിസിനസ് സ്ഥാപനം രേഖാമൂലം നൽകിയിരിക്കണം. നിക്ഷേപകർക്കിടയിൽ പ്രത്യേക അവകാശമുള്ളവർ ഉണ്ടാവാൻ പാടില്ല. ഓഹരിയുടമകൾക്കെല്ലാവർക്കും തുല്യ അവകാശവും തുല്യബാദ്ധ്യതകളുമായിരിക്കണം ഉണ്ടാവേണ്ടത്. അവരുടെ നിക്ഷേപങ്ങളുടെ അനുപാതത്തിലുള്ള അന്തരങ്ങളൊഴികെ മറ്റു യാതൊരു വ്യത്യാസങ്ങളും അസമത്വങ്ങളും അംഗീകരിക്കില്ല.

## ബാങ്കിന്റെ മറ്റു പ്രവർത്തനങ്ങൾ

പാശ്ചാത്യ നാടുകളിലെ ഇൻഷൂറൻസ് കമ്പനികൾ, വെൽഫയർ ഫണ്ട്, മ്യൂച്ചൽ ഫണ്ട് മുതലായ ധനകാര്യ കമ്പോളത്തിലെ സ്ഥാപനങ്ങളെ പ്പോലെയുള്ള സാമ്പത്തിക സ്ഥാപനങ്ങളെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. ഈ സ്ഥാപനങ്ങളെല്ലാം തന്നെ പലിശയുടെ അടിസ്ഥാനത്തിൽ പ്രവർ ത്തിക്കുന്നവയാണ്. ഇത്തരം സ്ഥാപനങ്ങളുടെ ഒരു ഇസ്‌ലാമിക ബദലാണ് 'അൽ-തകഫുൽ' (Al-Takaful). വ്യത്യാസം ഇത്ര മാത്രമാണ്. അൽ-തകഫുൽ പ്രത്യേകമായ അസ്ഥിത്വമുള്ള ഒരു സ്ഥാപനമല്ല. അത് ഇസ് ലാമിക ബാങ്കിന്റെ അവിഭാജ്യമായ ഘടകമായിരിക്കും. 'തകഫുൽ'

എന്നാൽ മുസ്‌ലിം കൾ തമ്മിലുള്ള ഐക്യദാർഢ്യത്തിന്റെ പരസ്പരസഹായത്തെയാണ് അത് അർത്ഥമാക്കുന്നത്.

ഇസ്‌ലാമിക ബാങ്കുകൾ ഒരു മാനേജ്മെന്റ് കമ്പനി പോലെയാണ് പ്രവർത്തിക്കുക. അതിൽ പങ്കെടുക്കുന്നവർ ഓഹരികളായി പണം നൽകുകയും അവ സമാഹരിച്ച് ബിസിനസ്സുകളിൽ നിക്ഷേപങ്ങൾ നടത്തുകയു മാണ് ബാങ്ക് ചെയ്യുന്നത്. ബാങ്കിന്റെ ഓഹരി ഉടമകളുടെ മുടക്ക് ധനവും അതിന്റെ ലാഭവും കൂട്ടി, ഭരണച്ചെലവുകൾ, മാനേജ്മെന്റ് ചിലവുകൾ, അപ്രതീക്ഷിതമായി സംഭവിക്കുന്ന നഷ്ടങ്ങൾ എന്നീ എല്ലാ ചെലവുകളും കഴിച്ചുള്ള ലാഭം ഓഹരി ഉടമകൾക്കിടയിൽ വീതിക്കുന്നു. ഒരു വർഷത്തെ പ്രവർത്തനത്തിനിടയിൽ ചെലവുകൾ നടത്തുവാൻ മതിയായ വരുമാനും ലഭ്യമല്ലെങ്കിൽ ഓഹരിയുടമകളെ വിളിച്ചുചേർത്ത് വരവ് ചെലവുകളിലുള്ള വ്യത്യാസം അറിയിക്കുകയും അത് നികത്തുവാൻ സഹകരിക്കണമെന്ന് ബാങ്ക് അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള രീതികൾ നിക്ഷേപകർക്കും ബാങ്കിന്നുമിടയിൽ ഐക്യദാർഢ്യവും സഹകരണവും വളർത്തുവാൻ സഹായിക്കും.

## ബാങ്കിന്റെ കോർപറേറ്റ് ഭരണം

ഇസ്‌ലാമിക സമ്പദ് ഘടന സമ്പത്തിന്റെ വിപുലമായ വിതരണം ഉറപ്പ് വരുത്തുന്നു. അത് അല്പം ചിലരുടെ കൈകളിൽ പണം കുന്നുകൂടുന്നതിനെ നിരുത്സാഹപ്പെടുത്തുന്നു. ലോകത്തിലെ സകലജനതകളുടേയും സാമ്പത്തികവും സാമൂഹികവുമായ ക്ഷേമം ഉറപ്പ് വരുത്തുകയും ചെ യ്യുന്നു.

മൂലധനം അങ്ങനെ സമാഹരിക്കപ്പെട്ടാൽ ആ മൂലധനം ലോകജനസമൂഹത്തിനിടയിൽ വിഭജിച്ച് അംശീകരിച്ച് വിതരണം ചെയ്യേണ്ടതാണ്. അവ ഉപയോഗിക്കാൻ വേണ്ടി ഒരു മദ്ധ്യവർത്തി സ്ഥാപനം രൂപീകരിക്കപ്പെടണം. ആ മൂലധനം സമ്പദ്‌വ്യവസ്ഥയിൽ എവിടെ, എപ്രകാരം ഏറ്റവും ഫലപ്രദമായി നിക്ഷേപിക്കാൻ കഴിയും എന്ന് ഈ സ്ഥാപനത്തിന് അറിവുണ്ടായിരിക്കണം. ഈ സ്ഥാ പനം ആദ്യം മൂലധനം സമാഹരിക്കും. പിന്നീട് വിവിധ ഉൽപാദക രംഗങ്ങളിൽ അത് വിനിയോഗിക്കും. ഈ സ്ഥാ പനം നാം നേരത്തെ ചർച്ച ചെയ്തത് പോലെ രണ്ട് രീതിയിൽ മുദാരിബ് (ഏജന്റ്) ആയി പ്രവർത്തിക്കുന്നു. അത് നിക്ഷേപം സ്വീകരിച്ച് ജനങ്ങൾക്ക് വേണ്ടിയുള്ള മുദാരിബും ഉൽപാദന മേഖലയിൽ നിക്ഷേപമിറക്കുന്ന മുദാരിബും ആയിരിക്കും. ഈ സമ്പ്രദായം നിരവധി ബാങ്കുകളുടെ രൂപീകരണത്തിലേക്ക് നയിക്കും. പക്ഷേ, അവയുടെ അസ്ഥിത്വവും വിജയവും, സത്യസന്ധതയിലും വിശ്വസ്തതയിലും അധിഷ്ഠിതമായിരിക്കും. അങ്ങനെ വരുമ്പോൾ അത് സ്ഥിരനിക്ഷേപകരുടെ വമ്പിച്ച സ്രോതസ്സുകൾ സൃഷ്ടിക്കുകയും ബാങ്കിൽ അവർക്കുള്ള താല്പര്യം ദീർഘകാലാടിസ്ഥാനത്തിലുള്ളതുമായിത്തീരുന്നു.

ഏത് രൂപത്തിലായാലും ഏത് നാമത്തിൽ അവ നില നിന്നാലും ശരി, ഇസ്‌ലാമിക സമ്പദ് വ്യവസ്ഥയിൽ ഇസ്‌ലാമിക് ബാങ്കിന് ബിസിനസ്സിലും, കോർപറേറ്റ് മാനേജ്മെന്റിലും വളരെ കേന്ദ്രീയവും നിർണ്ണായകവുമായ പങ്ക് വഹിക്കാൻ കഴിയും. ഈ യർത്ഥത്തിൽ ഇസ്‌ലാമിക വ്യവസ്ഥ ജർമ്മനിയിലേയും ജപ്പാനിലേയും വ്യവസ്ഥകളോട് വളരെയേറെ സാമ്യമുള്ളതാണ്. ബാങ്കിനെ ധനകാര്യ ഇടപാടുകൾ നടത്തുന്ന സ്ഥാപനമായി അവർ കാണുന്നില്ല. അവരെ സംബന്ധിച്ചേടത്തോളം ബാങ്കുകൾ അവർക്ക് മൂലധനം സ്വരൂപിക്കാനുള്ള ഏറ്റ വും വലിയ സ്രോതസ്സാണ്. ജർമ്മൻ, ജപ്പാൻ ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി ഇസ്‌ലാമിക ബാങ്കുകൾ നിക്ഷേപങ്ങൾ വായ്പകളായോ(Debt) ഇക്വിറ്റിയായോ വേർതിരിച്ചു കണക്കാക്കുകയില്ല എന്ന് മാത്രം. ഒരു ദിവസത്തെ നിക്ഷേപമായാൽ പോലും ആ നിക്ഷേപങ്ങളെല്ലാം ഇക്വിറ്റിഷെയറുകളായി മാത്രമാണ് കണക്കാക്കപ്പെടുക. അതായത് ലാഭത്തിലും നഷ്ടത്തിലും ഒരുപോലെ പങ്കാളിത്തമുള്ള ഇക്വിറ്റി ഷെയറുകളായിട്ടായിരിക്കും അവ കണക്കാക്കപ്പെടുക. കടപ്പത്രരൂപത്തിലുള്ള പലിശയുടെ അടിസ്ഥാനത്തിലുള്ള വായ്പകൾ വഴി ഇസ്‌ലാ മിക ബാങ്കുകൾ ഒരിക്കലും പണം സമാഹരിക്കുകയില്ല. പലിശയുടെ എല്ലാ രൂപങ്ങളേയും അത് നിരാകരിക്കുന്നു. മുതലാളിത്തവ്യവസ്ഥയിൽ എല്ലാ സ്ഥാപനങ്ങളും പലിശയുടെ അടിസ്ഥാനത്തിലായിരിക്കും. ഇത്തരം സാമ്പത്തിക സ്ഥാപനങ്ങളാണ് മുതലാളിത്തത്തെ രൂപപ്പെടുത്തുന്നത്. ജർമ്മനിയുടെ യൂണിവേഴ്സൽ ബാങ്ക് (Universal Bank) ഇസ്‌ലാമിക ബാങ്കുമായി താരതമ്യപ്പെടുത്താവുന്നതാണ്. പക്ഷേ, വിപുലമായ അർത്ഥത്തിൽ അത് ഒരു ജർമ്മൻ സങ്കല്പത്തിലുള്ള സ്ഥാപനം തന്നെയാണ്.

കോർപറേറ്റ് ഭരണത്തിന്റെ വീക്ഷണകോണിൽ ബാങ്കുകളും അതിന്റെ കക്ഷികളും തമ്മിലുള്ള ബന്ധത്തെ വിലയിരുത്തിക്കൊണ്ട് വിൽസൺ എന്ന സാമ്പത്തിക വിദഗ്ധൻ നടത്തിയ വ്യക്തമായ നിരീക്ഷണം ശ്രദ്ധിക്കുക.

'മുസ്‌ലിം രാജ്യങ്ങളിലെ നിരവധി കുടുംബ ബിസിനസ്സുകൾ പൊതുജനങ്ങളിൽ നിന്നും മൂലധനം സ്വീകരിക്കാൻ ഭയപ്പെടുന്നു. ഒരുപക്ഷേ, അവരുടെ ഭീതിക്ക് കാരണം ബിസിനസ്സിൽ അവർക്കുള്ള നിയന്ത്രണം നഷ്ടപ്പെടുമോ എന്ന ആശങ്കയാണ്. അങ്ങനെ ബിസിനസ്സിന്റെ വിപുലീകരണത്തിനുള്ള ധനസമാഹരണം തടയപ്പെടുകയും അവരുടെ രീതി കാരണം ബിസിനസ്സ് ചെറുതായി തുടരുകയും ചെയ്യുന്നു. 'മുദാറബ' ധനനിക്ഷേപ പദ്ധതിയിലൂടെ ഈ വെഞ്ചർ മൂലധന*(Venture Capital)ത്തിന്റെ വിടവ് ഇസ്‌ലാമിക ബാങ്കുകൾക്ക് നികത്തിക്കൊടുക്കാൻ

*(ശേഷം 28-ൽ)*

* **വെഞ്ചർ കാപിറ്റൽ:** പുതിയ ബിസിനസ് മേഖലകളിലോ, ഇത് വരെ ആരും കടന്നുചെന്നിട്ടില്ലാത്ത അല്പം സാഹസികതയുള്ള ബിസിനസ് സംരംഭങ്ങൾക്കോ മൂലധന കമ്മി അനുഭവപ്പെടുന്ന ഇടപാടുകാർക്ക് ദീർഘകാലാടിസ്ഥാനത്തിൽ നൽകുന്ന മൂലധന വായ്പയാണ് വെഞ്ചർ ക്യാപിറ്റൽ. റിസ്ക് ക്യാപിറ്റൽ (Risk Capital) എന്നും ഇത് അറിയപ്പെടുന്നു. (വിവ:)

# വാഗ്ദത്ത മസീഹിന്റെ ജീവിതചിത്രം

ഏ. ക്യു മഹ്ദി

## ബഹാറീനെ അഹ്മദിയ്യ, ഹദ്റത്ത് അഹ്മദി (അ)ന്റെ ഒരു ദിവ്യദർശനം

മുഹമ്മദ് നബി(സ)ക്കു ശേഷം ഇസ്ലാം മതം ഏറ്റവും ഗുരുതരമായ പ്രതിസന്ധി നേരിടുന്ന ഒരു കാലഘട്ടമായിരുന്നു അത്. ഇസ്ലാമിനു നേരെ ശത്രുക്കൾ ആഞ്ഞടിച്ച സമയം. അതിശക്തമായ ആക്ഷേപങ്ങൾ അവർ പുറപ്പെടുവിക്കുകയും അവയെ നേരിടാൻ മുസ്ലിം മത പണ്ഡിതന്മാർക്കു കഴിയാതിരിക്കുകയും ചെയ്ത ദയനീയ അവസ്ഥ.

മുസ്ലിം പണ്ഡിതന്മാരാകെ പരിഭ്രാന്തരാവുകയും നിരാശാജനകമായ ഈ സ്ഥിതിവിശേഷത്തിന് പരിഹാരം കാണാൻ ജ്ഞാനിയായ ഒരു മാർഗദർശകന്റെ ആവിർഭാവം കാത്തിരിക്കുകയും ചെയ്യുന്ന ഒരു സാഹചര്യം നിലവിലിരുന്ന സമയം.

ഒരു ഭാഗത്ത് ആര്യസമാജികൾ, മറു ഭാഗത്ത് ക്രിസ്ത്യാനികൾ, ബ്രഹ്മസമാജികൾ മറ്റൊരു വശത്ത്, ഒപ്പം പ്രകൃതിവാദികളും നാസ്തികളും ഒക്കെ ചേർന്ന് ഇസ്ലാം മത വിശ്വാസത്തെ ചെന്നായ്ക്കളെപ്പോലെ ചുറ്റുംനിന്ന് കടിച്ചുകീറുകയായിരുന്നു. ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) തന്റെ ഒരു കവിതയിൽ പറഞ്ഞതുപോലെ "ശത്രുക്കൾ യസീദിന്റെ പട്ടാളത്തെപ്പോലെ സംഹാരരുദ്രരായി ഇരച്ചു കയറുകയും ഇസ്ലാം സൈനുൽ ആബിദീനെപ്പോലെ നിസ്സഹായമായ അവസ്ഥയിൽ രോഗശയ്യയിൽ കഴിഞ്ഞുകൂടുകയും ചെയ്തിരുന്നതിനു സമാനമായ കാലം."

ആര്യ സമാജികൾ ഘോഷിച്ചത്, വേദങ്ങളുടെ ആവിർഭാവത്തിനു ശേഷം ദൈവികവെളിപാടുകൾ നിലച്ചുപോയിരിക്കുകയാണെന്നാണ്. അതുകൊണ്ടുതന്നെ വൈദിക മതത്തിനു ശേഷമുണ്ടായിട്ടുള്ള എല്ലാ മതങ്ങളും വ്യാജവും ഖുർആൻ ഒരസത്യ ഗ്രന്ഥവുമാണെന്നവർ വാദിച്ചു. എല്ലാ സത്യപ്രവാചകന്മാരേയും വിശിഷ്യാ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുവമേനിയെ നീചമായ ഭാഷയിൽ അവർ അധിക്ഷേപിക്കുകയും നബിമാരെല്ലാം കപടന്മാരായിരുന്നുവെന്ന് സമർത്ഥിക്കാൻ ശ്രമിക്കുകയും ചെയ്തു. ക്രിസ്ത്യാനികളാകട്ടെ, ഇസ്ലാമിനെ രൂക്ഷമായി വിമർശിക്കുകയും തിരുനബിയെ ആക്ഷേപിക്കുകയും ചെയ്തു. അനേകം മുസ്ലിംകൾ ക്രിസ്തുമതം സ്വീകരിക്കുകയും അവരിൽ ചിലർ പാതിരിമാരായി ഇസ്ലാമിനെ അവഹേളിക്കുകയും ചെയ്തിരുന്നു. വെളിപാടുകളെത്തന്നെ നിഷേധിക്കുന്ന ബ്രഹ്മ സമാജത്തിലാകട്ടെ, ഉയർന്ന മുസ്ലിം കുടുംബങ്ങളിൽപെട്ടവർ കൂട്ടംകൂട്ടമായി ചേർന്നുകൊണ്ടിരുന്നു. ഒരു വിഭാഗം മുസ്ലിംകൾ യുക്തിവാദികളും നാസ്തികന്മാരുമായി മാറി. ഇസ്ലാമിന്റെ അടിസ്ഥാന പ്രമാണങ്ങളൊക്കെ ഇക്കൂട്ടരാൽ ചോദ്യം ചെയ്യപ്പെട്ടു തുടങ്ങി. സാധാരണക്കാരായ മുസ്ലിംകൾ ആരെ പിന്തുടരണമെന്നറിയാതെ അതീവ ചിന്താക്കുഴപ്പത്തിലായി. മുസ്ലിം മതപണ്ഡിതന്മാർ ഈ ആക്രമണങ്ങളുടെ നേരെ നിസ്സഹായരോ ഉദാസീനരോ ആയിക്കഴിഞ്ഞിരുന്നു. സത്യദൃഷ്ടാന്തങ്ങൾ കൊണ്ടും ദിവ്യജ്ഞാനങ്ങളെക്കൊണ്ടും മാത്രം മറുപടി നൽകാവുന്ന ആക്രമണങ്ങളായിരുന്നു ശത്രുക്കളുടേത്. ഈ ശത്രുലോകത്തെ മുഴുവൻ ആഹ്വാനം ചെയ്യാൻ കഴിവുള്ള ഒരു മഹാത്മാവിനെ, ഒരു മഹാജ്ഞാനിയെയാണ് ആ കാലഘട്ടം ആവശ്യപ്പെട്ടിരുന്നതും തിരഞ്ഞുകൊണ്ടിരുന്നതും.

ആ അജ്ഞാതമായ ആശാകേന്ദ്രം, ഹദ്റത്ത് മിർസാഗുലാം അഹ്മദ് (അ) മാത്രമായിരുന്നു. ആ ഇസ്ലാമിക സിംഹത്തിന്റെ വീരഗർജനം ലോകമതാന്തരീക്ഷത്തെയാകെ ശബ്ദായമാനമാക്കി.

ആദ്യകാലങ്ങളിൽ പത്രങ്ങളിൽ ലേഖനങ്ങൾ എഴുതിയിരുന്ന ഹദ്റത്ത് അഹ്മദ് (അ), പിന്നീട് മത ശത്രുക്കളുടെ ആക്രമണം നേരിടാൻ, അതു മാത്രം കൊണ്ടുപോരാ എന്നു തീരുമാനിച്ചു. ആര്യസമാജ സ്ഥാപകനായ പണ്ഡിറ്റ് ദയാനന്ദ സരസ്വതിയുടേയും മറ്റും ഗ്രന്ഥങ്ങളും ഇസ്ലാമിനെതിരെയുള്ള വിഷലിപ്തമായ മറ്റുചില കൃതികളും കാരണം അവർക്കും മറ്റെല്ലാ ശത്രുക്കൾക്കും അടിസ്ഥാനപരവും ശാശ്വതവുമായ മറുപടിയായി ഒരു ഗ്രന്ഥം രചിക്കാൻ ആ പുണ്യാത്മാവ് തീരുമാനിച്ചു.

അതൊരു അസാധാരണ പുസ്തകമായിരുന്നു; ഒരമൂല്യഗ്രന്ഥം. 'ബറാഹീനെ അഹ്മദിയ്യ' എന്നായിരുന്നു പുസ്തകത്തിന്റെ പേര്. 'അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആനിന്റെയും മുഹമ്മദീ നുബുവ്വത്തിന്റെയും സത്യ

ത്തിലേയ്ക്കുള്ള അഹ്മദിയ പ്രമാണങ്ങൾ' എന്നാണ് ഗ്രന്ഥത്തിന്റെ മുഴുവൻ പേര്.

ആദ്യകാലത്തുണ്ടായ ഒരു ദിവ്യദർശനമാണ് ഈ ഗ്രന്ഥ രചനയുടെ പ്രേരണയും പ്രചോദനവും.

ഹദ്റത്ത് അഹ്മദ് (അ) ഒരു ദർശനത്തിൽ നബി (സ) തിരുമേനിയെ കാണുകയുണ്ടായി. ദർശനത്തിൽ കണ്ടപ്പോൾ തന്റെ കൈയിൽ താൻ തന്നെ രചിച്ചതെന്നു തോന്നിയ ഒരു ഗ്രന്ഥവുമുണ്ടായിരുന്നു. റസൂൽ (സ) അതുവാങ്ങി പരിശോധിച്ചു. പുസ്തകം നബിതിരുമേനിയുടെ തിരുകരങ്ങളിൽ എത്തിയ ഉടൻ, അത് മനോഹരമായ ഒരു മധുരഫലമായി മാറി.

മധുരമൂറുന്ന ആ പഴം മുറിക്കുന്നതിന് തിരുമേനി (സ) ആഗ്രഹിച്ചപ്പോൾ അതിൽ നിന്ന് തേൻ കിനിയാൻ തുടങ്ങി. നബി തിരുമേനിയുടെ കൈകളിലൂടെ ആ തേൻ ഊറി ഒഴുകി. അപ്പോൾ ഒരു മൃതദേഹം പുനർജീവിച്ച് ഹദ്റത്ത് അഹ്മദിന്റെ പിന്നിൽ വന്നു നിൽക്കുന്നതുപോലെ തോന്നി. ഇതോടെ ദർശനത്തിൽ നിന്ന് അദ്ദേഹം ഉണർന്നു.

വിശുദ്ധ ഖുർആന്റേയും നബി തിരുമേനിയുടേയും സത്യത്തിലേക്ക് മുന്നൂറ് പ്രബലങ്ങളായ തെളിവുകൾ ഉന്നയിച്ചുകൊണ്ടുള്ള അതി ബൃഹത്തായ ഒരു ഗ്രന്ഥം രചിച്ച്, അതു കുറേശ്ശെയായി തുടർപ്രസിദ്ധീകരണം നടത്താണ് ഹദ്റത്ത് (അ) ഉദ്ദേശിച്ചിരുന്നത്. ഈ ഗ്രന്ഥത്തിന്റെ ഒരു ഭാഗം മാത്രം, 1879ൽ എഴുതി പൂർത്തിയാക്കിയപ്പോൾ ആ ദിവ്യാത്മാവ് പത്രങ്ങളിൽ ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തി.

വിശുദ്ധ ഖുർആന്റെ സത്യത്തെയും ഔൽകൃഷ്ട്യത്തേയും മുഹമ്മദ് നബി (സ) തിരുമേനിയുടെ പ്രവാകത്വത്തേയും നിഷേധിക്കാൻ തയ്യാറാവുന്നവർ താൻ പ്രസിദ്ധപ്പെടുത്തുവാൻ പോകുന്ന ഗ്രന്ഥത്തിൽ ഉന്നയിച്ചിട്ടുള്ളതുപോലുള്ള സത്യസാക്ഷ്യങ്ങളുടെ ചെറിയൊരംശമെങ്കിലും തങ്ങളുടെ മതത്തിൽ തൽദൃഷ്ടാന്തമായി അവരുടെ ദിവ്യഗ്രന്ഥങ്ങളിൽ നിന്നെടുത്തു കാണിക്കുകയോ, അതല്ലെങ്കിൽ ഈ പുസ്തകത്തിൽ താൻ ഉന്നയിക്കുന്ന തെളിവുകളെ ഖണ്ഡിക്കുകയോ ചെയ്യുകയാണെങ്കിൽ അവർക്ക് പതിനായിരം ഉറുപ്പിക വിലയുള്ള തന്റെ സ്വത്തുക്കൾ എഴുതിക്കൊടുക്കുന്നതാണെന്ന് അദ്ദേഹം തന്റെ വിജ്ഞാപനത്തിലൂടെ ഉറപ്പുനൽകി. എന്നാൽ, അത് മൂന്ന് നിഷ്പക്ഷ ജഡ്ജിമാരുടെ വിധി നിർണ്ണയത്തിനു വിധേയമായിരിക്കണമെന്നുമാത്രം ഒരു നിബന്ധനയും വെച്ചു.

'ബറാഹീനെ അഹ്മദിയ്യാ' എന്ന മഹൽ ഗ്രന്ഥത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങൾ 1880-ൽ പ്രസിദ്ധപ്പെടുത്തി.

രണ്ടു മൗലികമായ വാദങ്ങളാണ് വിശുദ്ധ ഖുർആന്റെ ദിവ്യത്വത്തിലേയ്ക്കും നബിതിരുമേനിയുടെ സത്യത്തിലേയ്ക്കും ഗ്രന്ഥത്തിലൂടെ ഉന്നയിക്കപ്പെട്ടത്.

ഒന്ന്, ഒരു ദൈവിക ഗ്രന്ഥം അതിന്റെ സത്യത്തിലേയ്ക്ക് സാക്ഷ്യമായി അത് ദൈവത്തിൽ നിന്നുള്ളതാണെന്ന് സ്വയം അവകാശപ്പെടുകയും അതിനുള്ള തെളിവ് സ്വയം നൽകുകയും ചെയ്യേണ്ടതാണ്.

രണ്ട്, ദൈവിക ഗ്രന്ഥത്തിന്റേയും സത്യവാനായ ഒരു സജീവ പ്രവാചകന്റേയും അനുഗ്രഹങ്ങൾ എല്ലാ കാലത്തും വെളിപ്പെട്ടുകൊണ്ടിരിക്കേണ്ടതും അത്തരം ആത്മീയ അനുഗ്രഹങ്ങൾക്ക് അവകാശികളായിരിക്കുന്നവർ ലോകത്തിന് നവംനവങ്ങളായ സജീവ ദൃഷ്ടാന്തങ്ങൾ നൽകിക്കൊണ്ടിരിക്കാൻ സാധിക്കുമാറ് എല്ലാ കാലത്തും ഉണ്ടായിരിക്കേണ്ടതുമാണ്.

ഈ രണ്ട് മൗലികമായ ന്യായവാദങ്ങളുടേയും അടിസ്ഥാനത്തിൽ ഹദ്റത്ത് അഹ്മദ് ഖാദിയാനി (അ) 'ബറാഹീനെ അഹ്മദിയ്യ'യിൽ പരിശുദ്ധ ഖുർആന്റെയും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) തിരുമേനിയുടേയും രേഖകളും പ്രമാണങ്ങളും ഉന്നയിക്കുകയും അവയെ പരീക്ഷിക്കാൻ മതലോകത്തെ ക്ഷണിക്കുകയുമാണ് ചെയ്തത്.

മാത്രമല്ല, തനിക്കു ലഭിച്ചിട്ടുള്ള ആത്മീയ ദർശനങ്ങളേയും വെളിപാടുകളെയും മറ്റു ദിവ്യാനുഭവാനുഗ്രഹങ്ങളേയും പ്രസ്തുത ജീവൽ സത്യങ്ങളുടെ സജീവ ദൃഷ്ടാന്തങ്ങളേന്നോണം എടുത്തുകാണിക്കുകയും അത്തരം ദൃഷ്ടാന്തങ്ങൾ വഴി സ്വമതങ്ങളുടെ സത്യത തെളിയിച്ചുകാട്ടുവാൻ മറ്റു മതസ്ഥരെ ആഹ്വാനം ചെയ്യുകയും ചെയ്തിരുന്നു.

ഈ വിജ്ഞാപനം പ്രസിദ്ധം ചെയ്യപ്പെട്ടപ്പോൾ ശത്രുകേന്ദ്രങ്ങളിൽ വലിയൊരു തിരയിളക്കമുണ്ടായി. ഗ്രന്ഥത്തിന് തങ്ങൾ മറുപടി എഴുതുന്നതാണെന്നും ന്യായവാദങ്ങൾ ഖണ്ഡിക്കുന്നതാണെന്നും അവരിൽ ചിലർ അത്യാവേശപൂർവം വിളംബരപ്പെടുത്തി. പല ആര്യ, ക്രൈസ്തവ പത്രങ്ങളിലും ഹദ്റത്ത് അഹ്മദിനെതിരായ പ്രത്യാഹ്വാനങ്ങളും പ്രഖ്യാപനങ്ങളുമുണ്ടായി. സത്യസാക്ഷ്യങ്ങൾ ഉന്നയിക്കുന്നതിനു മുമ്പ്, തങ്ങൾ ഗ്രന്ഥത്തിൽ സൂചിപ്പിക്കപ്പെട്ട തെളിവുകളെയും സത്യസാക്ഷ്യങ്ങളെയും ഖണ്ഡിക്കുന്നതാണെന്നുള്ള എതിരാളികളുടെ നിഷേധാത്മക വീരവാദങ്ങളും ചിലരിൽ നിന്നും തികച്ചും നിന്ദ്യമായ ശകാരസാഹിത്യവും പുറത്തുവന്നപ്പോൾ ഹസ്രത്ത് അഹ്മദ് (അ), തന്റെ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗ മുഖവുരയിൽ അവരെ നിശബ്ദരാക്കുമാറ് ഇപ്രകാരം മറുപടി നൽകി:

'ഞാൻ എല്ലാ മാന്യന്മാരോടും സത്യം ചെയ്തു പറയുന്നു. എനിയ്ക്കെതിരിൽ അല്പവും സങ്കോചം കാണിക്കേണ്ടതില്ല. ആവശ്യമെങ്കിൽ നിങ്ങൾ ഒരു പ്ലേറ്റോ ആയിക്കൊൾവിൻ. വേണമെങ്കിൽ ബേക്കന്റെ അവതാരവും എടുക്കാം. അരിസ്റ്റോട്ടിലിന്റെ ദർശനവും ചിന്തകളും അവതരിപ്പിക്കാം. അതുമല്ലെങ്കിൽ നിങ്ങളുടെ കൃത്രിമ ദൈവങ്ങളുടെ മുമ്പിൽ മുട്ടുകുത്തി സഹായമഭ്യർത്ഥിച്ചോളൂ, എന്നിട്ടു ശ്രദ്ധിക്കുക, വിജയശാലിയാവുന്നത് തന്റെ ദൈവമോ അതോ നിങ്ങളുടെ കൃത്രിമ ദൈവങ്ങളോ എന്ന്.'

ഇത്രയും ശക്തിമത്തായ ആഹ്വാനം ഉണ്ടായിരിക്കേ, ഇതിനു മറുപടി പറയാൻ, എഴുതാൻ ശ്രമിക്കേണ്ടത് സ്വന്തം മതത്തിൽ വിശ്വാസവും അഭിമാനവും ഉള്ള ഏതൊരു മതസ്ഥന്റേയും കടമയായിരുന്നു. എന്നാൽ, ബറാഹീൻ അഹ്മദിയ്യാ പ്രസിദ്ധീകരിക്കപ്പെട്ട ശേഷം മൂന്നുകൊല്ലക്കാലം കൂടി സ്വാമി ദയാനന്ദ സരസ്വതി ജീവിച്ചിരുന്നിട്ടും പ്രസ്തുത ഗ്രന്ഥത്തിന് ഖണ്ഡനം എഴുതാൻ തുനിയുകയോ ഒരു മറുപടിയെങ്കിലും നൽ കാൻ മുതിരുകയോ ചെയ്തില്ല. ക്രി സ്തീയ മത പണ്ഡിതന്മാരും മൗനത്തിന്റെ മാളങ്ങളിൽ ഒളിച്ചു. ബ്രഹ്മ സമാജികരും പ്രകൃതിവാദികളും രംഗത്തു വന്നില്ല.

ഒരാൾ മാത്രം ഒരു വിപധിധൈര്യം കാട്ടി. അത് ആര്യസമാജത്തിന്റെ ഒരു ചെറിയ ഘടകത്തിന്റെ നേതാവായ പണ്ഡിറ്റ് ലേഖ്റാം 'തക്ദീബെ ബറാഹീനെ അഹ്മദിയ്യാ' എന്ന പേരിൽ ഒരു ശകാരസമാഹാരം പ്രസിദ്ധപ്പെടുത്തി. വിഷലിപ്തമായ വാക്കുകളും? ആണ് അയാളുടെ പുസ്തകത്തിലുടനീളം ഉണ്ടായിരുന്നത്. ഒരിക്കലും മറുപടി അർഹിക്കാത്ത കുറേ ജല്പനങ്ങൾ മാത്രം. എങ്കിലും ഹദ്റത്ത് അഹ്മദിന്റെ ചില ശിഷ്യൻമാർ അതിനു പ്രത്യാഖ്യാനമെഴുതി. തങ്ങളുടെ സത്യമതത്തിന്റെ ഉൽകൃഷ്ടത തെളിയിച്ചുകൊടുത്തു. എന്നിട്ടും വിധി അതായിരുന്നു, ലേഖ്റാമിനെ നേരിടാൻ പോകുന്ന ഒരു ദൈവിക ശിക്ഷ. അയാൾ, ഹദ്റത്ത് അഹ്മദുമായുള്ള ഒരാത്മീയ പോരാട്ടത്തിനു ധൈര്യപ്പെട്ടു. അത് അയാൾക്കെന്തു ദുരന്തമാണു സമ്മാനിച്ചത്? ഒടുവിൽ ഇസ്ലാമിന്റെ സത്യത്തിലേയ്ക്കുള്ള ഒരു ദൃഷ്ടാന്തമെന്ന നിലയിൽ അയാൾ ദൈവകോപത്തിനിരയായി ഏതോ ഒരു ശക്തിയുടെ കരത്താൽ കൊല്ലപ്പെട്ടു. ഒരു വ്യക്തിയുടെ കൈയ്യാലാണോ കൊല നടന്നതെങ്കിൽ ഇന്നോളം അങ്ങനെയൊ രു കൊലയാളിയെ ആരും, അന്വേഷണ ഉദ്യോഗസ്ഥരോ പോലീസോപോലും കണ്ടിട്ടില്ല.

അജ്ഞാതമായ ദൈവിക ഹസ്തങ്ങളാൽ അയാളാ ശിക്ഷ ഏറ്റുവാങ്ങുകയായിരുന്നു. ●

---

*(25-ൽ നിന്ന് തുടർച്ച)*

സാധിക്കും. ഇത്തരം സാഹചര്യത്തിൽ ബാങ്കും ബാങ്കിനെ സമീപിക്കുന്ന കക്ഷിയും ചേർന്ന് പുതിയ ഒരു ബിസിനസ് ആരംഭിക്കും. ബിസിനസ്സിൽ പങ്കാളിയാവുന്ന കക്ഷിക്ക് തന്റെ തനത് ബിസിനസ്സിന്റെ നിയന്ത്രണം നഷ്ടപ്പെടുമെന്ന ഭീതിയില്ലാതെ തന്നെ പുതിയ സംരംഭം ഇസ്ലാമിക ബാങ്കുമായി സഹകരിച്ച് തുടങ്ങാവുന്നതാണ്. തീർച്ചയായും 'മുദാറബ' സാമ്പത്തിക നിക്ഷേപങ്ങൾ അത്തരം സന്ദർഭങ്ങളിൽ ഏറ്റവും മാതൃകാപരമാണ്. മുശാറക്ക (പാർട്ണർഷിപ്പ്) സംവിധാനത്തിലും കമ്പനിയുടെ നിയന്ത്രണമേറ്റെടുക്കാതെ ലാഭം കിട്ടുമെന്ന പ്രതീക്ഷയിൽ ഇസ്ലാമിക ബാങ്കിന്ന് പണം നിക്ഷേപിക്കാവുന്നതാണ്. (5)

ഇത് തികച്ചും സത്യവും സംഭവിച്ചുകൊണ്ടിരിക്കുന്ന യാഥാർത്ഥ്യവുമാണ്. മുൻകാലങ്ങളിൽ ബ്രിട്ടന്റെ ഭരണത്തിനുകീഴിലോ അമേരിക്കൻ സ്വാധീനത്തിലോ ഉള്ള മുസ്ലിം രാജ്യങ്ങളിൽ ഇത്തരം സംരംഭങ്ങൾ ഇപ്പോൾ നടന്നുവരുന്നു. ഇത്തരം സംരംഭങ്ങളിൽ ബാങ്ക് പരമ്പരാഗതമായ രീതിയിൽ ബിസിനസ്സിന്റെ ഭരണകാര്യങ്ങളിൽ ഉദാസീനമായ നിലപാടാണ് സ്വീകരിക്കുക. ബാങ്കിന്റെ കക്ഷികളുമായുള്ള ബന്ധം കൈയെ ത്തും ദൂരത്ത് നിർത്തിക്കൊണ്ടാണ് ഇത്തരം ഉദാസീന സമീപനം സ്വീകരിക്കുന്നത്. ബാങ്ക് ഓഫ് പാകിസ്താൻ (Bank of Pakistan) ദുബായ് ഇസ്ലാമിക് ബാങ്ക് (Dubai Islamic Bank - UAE), ഫൈസൽ ഇസ്ലാമിക് ബാങ്ക് (Faisal Islamic Bank - Saudi Arabia) അൽ റയാൻ, അൽ ശരീഫ്, അൽ മിസ്ർ (Al-Rayan, Al-Sharif, Al-Misr Egypth), നാഷനൽ ബാങ്ക് ഓഫ് അബുദാബി (National Bank of Abudhabi - UAE), അൽ ബറാക്ക ഇസ്ലാമിക ഇൻവെസ്റ്റ്മെൻറ് ബാങ്ക് (Al Baraka Islamic Investment Bank - Saudi Arabia), കുവൈത്ത് ഫിനാൻസ് ഹൗസ് (Kuwait Finance House - Kuwait) മുതലായവയാണ് ഇപ്പോഴത്തെ ഇസ്ലാമിക ബാങ്കിങ്ങ് സ്ഥാപനങ്ങൾക്ക് ഉദാഹരണങ്ങൾ.

മുമ്പ് സൂചിപ്പിച്ചതുപോലെ, നിക്ഷേപകർ അവരുടെ മൂലധനം 'മുദാറബ'യെ (ഏജന്റ്/മാനേജർ) ചില വ്യവസ്ഥകളോടെയാണ് ഏല്പിക്കുന്നത്. ഇത് ഇസ്ലാമിന്ന് മുമ്പ് തന്നെ അറബികളുടെ ഇടയിലുണ്ടായിരുന്ന സമ്പ്രദായമാണ്. റസൂൽ തിരുമേനി(സ) ആ സമ്പ്രദായം അംഗീകരിക്കുകയും അത് മുസ്ലിംകളിൽ തുടരുകയുമാണ് ചെയ്തത്. ഉടമസ്ഥാവകാശവും നടത്തിപ്പും വേറെ വേറെയായി വിഭജിക്കപ്പെട്ടു കിടിക്കുന്ന ഒരു ബിസിനസ്സ് സ്ഥാപനത്തിന്റെ ഉടമയായ നിക്ഷേപകന് ബിസിനസ്സിൽ ഇടപെടാനുള്ള വഴി തീർച്ചയായും ഈ വ്യവസ്ഥയിലൂടെ ലഭ്യമാകുന്നു. അതിനാൽ വിൽസന്റെ വാദങ്ങളോട് പൂർണമായും യോജിക്കാൻ സാധ്യമല്ല. അതായത് മുദാറബയിൻ ഇസ്ലാമിക് ബാങ്ക് ഒരു ഉറങ്ങുന്ന പങ്കാളിയെപ്പോലെ (Sleeping Partner) വർത്തിക്കുന്നുവെന്ന വിൽസന്റെ നിരീക്ഷണം ശരിയല്ല. മുൻകൂർ കരാറുണ്ടെങ്കിൽ അത് ചിലപ്പോൾ ഉറങ്ങുന്ന പാർട്ട്ണറെപ്പോലെയാവാം അല്ലാതെയുമാവാം. (തുടരും) ●

**വിവ: ഏ.എം.**

## കുന്നുകൂടുന്ന പാപം

നബിതിരുമേനി (സ) അരുൾ ചെയ്യുന്നു. "നിസ്സാരമായി ഗണിക്കപ്പെടുന്ന പാപങ്ങളെ നിങ്ങൾ സൂക്ഷിക്കുവീൻ, കാരണം അവ മനുഷ്യനിൽ ഒരുമിച്ചു കൂട്ടി അവസാനം അവനെ അത് നാശത്തിലകപ്പെടുത്തുന്നതാണ്."

(അഹ്മദ്)

ലേഖനം

# അബദ്ധജടിലമായ വിശ്വാസപ്രചാരണം

**അൻവർ, പാലക്കാട്**

**യേശുവിന്റെ കുരിശുമരണത്തിൽ വിശ്വസിക്കാത്തവരെല്ലാം പാപികളാണെന്ന് കരുതുന്ന ക്രിസ്തീയ മിഷണറിമാർ തങ്ങളുടെ പ്രചാരണത്തിലെ യുക്തിഭംഗങ്ങളും പരസ്പര വൈരുദ്ധ്യവും ശ്രദ്ധിക്കുമോ?**

ഏതാനും ചില ഇസ്‌ലാമികാദ്ധ്യാപനങ്ങളെ വളച്ചൊടിക്കുന്നതും ക്രിസ്തീയ വിശ്വാസത്തെ പരിചയപ്പെടുത്തുന്നതുമായ പ്രസിദ്ധീകരണങ്ങൾ ന്യൂ ഹോപ് മിഷൻ, വെസ്റ്റ്ഹിൽ, കാലിക്കറ്റ് എന്ന അഡ്രസിൽ വന്നത് ഈയ്യടുത്ത് കാണുകയുണ്ടായി. ഇസ്‌ലാമിനെക്കുറിച്ച് തെറ്റിദ്ധാരണയും ആശയക്കുഴപ്പവും സൃഷ്ടിക്കാനുള്ള കരുതിക്കൂട്ടിയുള്ള ഒരു ശ്രമമാണ് ആ ലഘുലേഖകളിൽ വ്യക്തമാവുന്നത്. പത്രപരസ്യങ്ങളിലൂടെ മേൽവിലാസങ്ങൾ ശേഖരിച്ച് ഇവർ ഇത് സൗജന്യമായി അയച്ച് കൊടുക്കുന്നു. പ്രസ്തുത കൃതിയോടുള്ള പ്രതികരണമാണ് ഈ ലേഖനം.

### യേശുവിന്റെ കുരിശ് മരണം – ശരിയോ? തെറ്റോ?

കുരിശ്ബലി വിശ്വാസം മാനവന്റെ പാപമോചനത്തിനും രക്ഷയ്ക്കുമാണെന്നുള്ളതാണ് ഇവരുടെ പ്രചാരണത്തിന്റെ മുഖ്യ ഉദ്ദേശ്യവും ഈ കൃതികളുടെ സംഗ്രഹവും. ക്രിസ്തു യഥാർത്ഥത്തിൽ കുരിശു മരണം വരിച്ചെന്ന് ആധികാരികമായി സ്ഥാപിക്കുന്നതിന് ഇവരുടെ പക്കലുള്ള തെളിവെന്താണ്?

യേശുവിന്റെ ഈ പ്രവചനത്തിലൂടെ മനസ്സിലാകുന്നത്, അദ്ദേഹം കുരിശിൽ മരിക്കാതെ ജീവനോടുകൂടിത്തന്നെയാണ് കല്ലറയിൽ പ്രവേശിപ്പിക്കപ്പെട്ടതും അതിനുള്ളിൽ കഴിച്ചുകൂട്ടിയതുമെന്നാണല്ലോ യോനാ പ്രവാചകൻ അഥവാ യൂനുസ് നബി(അ) തിമിംഗലത്തിന്റെ വയറ്റിൽ പ്രവേശിച്ചതും താമസിച്ചതും പുറത്തു വന്നതും ജീവനോടുകൂടിയായിരുന്നെന്ന കാര്യം നമുക്കെല്ലാം വ്യക്തമാണ്. പിന്നെയെങ്ങനെ അദ്ദേഹം കുരിശിൽ മരിച്ചു എന്നു പറയുന്നത് ന്യായമാകും? അങ്ങനെ യേശു കൃത്യമായി 3 രാവും 3 പകലും കല്ലറയ്ക്കുള്ളിലിരുന്നതായി ക്രിസ്ത്യാനികളും വിശ്വസിക്കുന്നു. ആ നിലയ്ക്ക് യോനാ പ്രവാചകന്റെ സംഭവത്തോട് യേശുവിന്റെ സംഭവത്തിനുള്ള സാദൃശ്യം യോന തിമിംഗലത്തിന്റെ വയറ്റിൽ കഴിച്ചുകൂട്ടിയപോലെ യേശു ഭൂമിയുടെ വയറ്റിലും (കല്ലറ) ജീവനോടെ താമസിച്ചു എന്നല്ലേ? അല്ലെങ്കിൽ യേശു തന്നെ പ്രവചിച്ച ഈ കാര്യം കളവാണെന്ന് സമ്മതിക്കേണ്ടി വരില്ലേ? അങ്ങനെ സമ്മതിക്കാൻ ക്രിസ്ത്യാനികൾ തയ്യാറാവുമോ?

കുരിശിൽ ബലിയാവുന്നതു പോയിട്ട് കുരിശിലേറുന്നതുപോലും യേശു ഇഷ്ടപ്പെട്ടിട്ടില്ലെന്നാണ് ബൈബിളിൽ നിന്നും മനസ്സിലാകുന്നത്. കുരിശു മരണത്തിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി കുരിശിലേറുന്നതിനുമുൻപും കുരിശിൽ കിടന്നും കണ്ണീരൊലിപ്പിച്ചും സങ്കടപ്പെട്ടും പ്രാർത്ഥിച്ചതായി സുവിശേഷത്തിൽ കാണാം. അതിപ്രകാരമാണ്. യേശു കനത്ത മുറവിളിയോടെ കണ്ണുനീരൊഴുക്കി കൊണ്ട് 'ആബാ പിതാവേ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകേണമേ' എന്ന് സ്വയം പ്രാർത്ഥിക്കുകയും തന്റെ ശിഷ്യഗണത്തോട് പ്രാർത്ഥിക്കാനാവശ്യപ്പെടുകയും ചെയ്തതായി മാർക്കോസും കുരിശിൽ തറക്കപ്പെട്ടതിനുശേഷം കുരിശിൽ കിടന്ന് അതീവ സങ്കടത്തോടെ ആവലാതിപ്പെട്ട് *'ഏലി, ഏലി ലമ്മാ ശബക്താനി'* – അഥവാ എൻ ദൈവമേ, എൻ ദൈവമേ, നീ എന്നെ കൈവിട്ടതെന്തേ? എന്ന് പരിതപിച്ചതായി മത്തായിയും രേഖപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയൊക്കെ ദൈവത്തോട് അർത്ഥന നടത്തിയ യേശുവിനെ ദൈവം

രക്ഷിച്ചില്ലെന്നാണോ? ഈ പ്രാർത്ഥനയെല്ലാം ദൈവത്തിന്റെ ബധിരകർണങ്ങളിലാണോ ചെന്ന് പതിച്ചിട്ടുണ്ടാവുക? പുണ്യാത്മാക്കളുടെ പ്രാർത്ഥന ദൈവം സ്വീകരിക്കുന്നതാണെന്നും ബൈബിൾ പ്രസ്താവിക്കുന്നു. ദൈവം അവന്റെ ദാസന് മതിയായവനല്ലേ? അബ്രഹാം, മോശെ, നോഹ, യോന എന്നീ പ്രവാചകന്മാരെ അവരുടെ ജനതയുടെ നിഷ്ഠൂര ചെയ്തികളിൽ നിന്നും രക്ഷപ്പെടുത്തിയ ദൈവം യേശുവിനെയും യഹൂദരുടെ ആക്രമണങ്ങളിൽ നിന്നും രക്ഷപ്പെടുത്തി എന്ന് വിശ്വസിക്കുന്നതല്ലേ യുക്തിയും ശരിയും? സത്യാത്മാവായ യേശുവിന്റെ പ്രാർത്ഥന ദൈവം കേട്ടില്ലെങ്കിൽ യേശുവിന്റെ അനുയായികൾ എന്നവകാശപ്പെടുന്ന ആധുനിക ക്രിസ്ത്യാനികളുടെ പ്രാർത്ഥന ഏത് ദൈവമാണ് കേൾക്കുക? മനുഷ്യരുടെ പാപപരിഹാരത്തിനായി തന്നെ ബലിയാക്കുന്ന കാര്യം ദൈവം തന്റെ പ്രിയ ദാസനായ (ക്രിസ്തീയ വിശ്വാസ പ്രകാരം പ്രിയപുത്രനായ) യേശുവിനെ മുൻകൂട്ടി അറിയിക്കുമായിരുന്നില്ലേ? മനുഷ്യകുലത്തിനാകമാനം ഗുണപ്രദമായ ഈ കുരിശ് മരണം യേശുവിന് മുൻപ് കഴിഞ്ഞുപോയ മഹാത്മാക്കളൊന്നും പ്രവചിക്കാതിരുന്നതെന്തുകൊണ്ടാ ണ്? ഇതിൽ നിന്നും യേശു കുരിശിൽ മരിച്ചിട്ടില്ലെന്നല്ലേ മനസ്സിലാകുന്നത്?

അദ്ദേഹം കുരിശിൽ മൂർഛിതനായി കാണപ്പെട്ടതിനാൽ മരിച്ചുപോയതായി സംശയിക്കപ്പെടുകയാണുണ്ടായതെന്നും യഥാർത്ഥത്തിലദ്ദേഹം മരിച്ചിട്ടില്ലെന്നും വിശ്വസിക്കാത്തവർ അദ്ദേഹത്തിന്റെ പ്രാർത്ഥന വ്യർത്ഥമായി കലാശിച്ചുവെന്നും അദ്ദേഹം ഒരു പുണ്യാത്മാവായിരുന്നില്ലെന്നും *‘ഭയഭക്തി നിമിത്തം അദ്ദേഹത്തിന്റെ പ്രാർത്ഥന സ്വീകരിക്കപ്പെട്ടു’* എന്ന സുവിശേഷ പ്രസ്താവന തെറ്റാണെന്നും സമ്മതിക്കേണ്ടതല്ലേ?

യേശു കുരിശുമരണം വരിക്കാൻ ഇഷ്ടപ്പെട്ടിരുന്നില്ലെങ്കിൽ സ്വമേധയാ അതീവ സന്തോഷത്തോടുകൂടി ജൂതന്മാരോട് തന്നെ കുരിശിലേറ്റുവാൻ (അല്ലെങ്കിൽ തന്റെ ശിഷ്യഗണത്തോട്) ആവശ്യപ്പെടുമായിരുന്നില്ലേ? പക്ഷേ, സംഭവിച്ചതാകട്ടെ, യഹൂദികൾ യേശുവിനെ കുരിശിലേറ്റാനായി തിരഞ്ഞു നടക്കുകയും ഒടുവിൽ അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപ്പെട്ട യൂദാ ഇസ്കാരിയോത്ത 30 വെള്ളിക്കാശ് കൈക്കൂലി വാങ്ങി കാണിച്ചുകൊടുക്കുകയുമാണുണ്ടായത്. അങ്ങനെ യഹൂദികൾ തങ്ങളുടെ പക വീട്ടാൻ വേണ്ടി അന്യായമായ നിലയിൽ ആ മഹാത്മാവിനെ ബലാൽക്കാരമായി കുരിശിച്ചു ശപ്തനാക്കിത്തീർക്കുവാൻ ശ്രമിക്കുകയല്ലേ ഉണ്ടായത്? കുരിശിൽ മരിക്കുന്നവർ ശപ്തരാണെന്ന് ബൈബിൾ (ഗലാത്യർ) പ്രസ്താവിക്കുന്നു. വാസ്തവത്തിൽ ഇതിന്റെ യൊക്കെ വല്ല ആവശ്യവുമുണ്ടായിരുന്നോ? ഈ സംഗതികളെല്ലാം യഹൂദികളെ കുരങ്ങുകളിപ്പിക്കാനായിരുന്നുവോ? ഈ യാഥാർത്ഥ്യം സുവിശേഷത്തിൽ നിന്നു തന്നെ വ്യക്തമാകുന്നുണ്ടായിരിക്കെ പാപപരിഹാരാർത്ഥം യേശു കുരിശ് മരണം വരിച്ചെന്നതു സത്യമായിരിക്കുന്നതെങ്ങനെ?

യേശു കുരിശിൽ നിന്ന് രക്ഷപ്പെട്ട് സുഖം പ്രാപിച്ച വിവരം അറിയാമായിരുന്ന ശിഷ്യന്മാർ ജൂതരുടെ പിന്നീടുള്ള ആക്രമണത്തെ ഭയന്ന് അങ്ങനെ പ്രചരിപ്പിച്ചതാകാം. അല്ലാതെ യഥാർത്ഥത്തിൽ ആകാശത്ത് കേറിപ്പോയെങ്കിൽ യേശുവിന് അതിനുമുമ്പായി വായുവിൽ നിന്ന് ജൂതന്മാരെ വെല്ലുവിളിക്കാമായിരുന്നു. നിങ്ങൾ ഇങ്ങനെയൊക്കെ ചെയ്തിട്ടും താനിതാ രക്ഷപ്പെട്ടു ആകാശത്തേക്ക് പോവുകയാണെന്നും വല്ലതും ചെയ്യുന്നെങ്കിൽ ഇപ്പോൾ ചെയ്യ് എന്നും പറയാവുന്നതാണ്. എങ്കിൽ ആ ജൂതന്മാർ ഒന്നടങ്കം യേശുവിന്റെ സത്യാവസ്ഥ ബോധ്യപ്പെട്ട് വിശ്വാസികളായേനെ. പക്ഷേ, ഇന്നും ലോകത്ത് ജീവിച്ചിരിക്കുന്ന ഏതാണ്ട് 60 ലക്ഷത്തോളം ജൂതർ വിശ്വസിക്കുന്നത് തങ്ങൾ യേശുവിനെ കുരിശിൽ തറച്ചുകൊന്നെന്നും തങ്ങൾക്ക് വരാനുള്ള ഏലിയാവ് വന്നിട്ടില്ലെന്നുമാണ്.

ഇനി നമുക്ക് ക്രിസ്തീയ വിശ്വാസപ്രകാരമുള്ള യേശുവിന്റെ കുരിശ് മരണത്തിലൂടെ മാനവകുലത്തിന് ഇവർ പറയുന്ന പ്രകാരമുള്ള പാപമോചനം കൈവന്നിട്ടുണ്ടോ എന്ന് നോക്കാം.

ആദം ചെയ്ത പാപം അദ്ദേഹത്തിന്റെ സന്താനപരമ്പരയിൽ സംക്രമിക്കുകയും അങ്ങനെ അവരും പാപികളായിത്തീരുകയും ചെയ്തതിനാൽ ആ പാപങ്ങളെല്ലാം പരിഹരിക്കപ്പെടുന്നതായിട്ടാണ് യേശു ബലിയായതെന്നും അതിനാൽ കുരിശ് മരണത്തിൽ വിശ്വസിക്കുന്നവരുടെ പാപം പരിഹരിക്കപ്പെടുമെന്നുമുള്ള ക്രിസ്തീയ വിശ്വാസം ശരിയാണെങ്കിൽ ആ പാപത്തിന്റെ ശിക്ഷയായി, പുരുഷന്മാർ അദ്ധ്വാനിച്ച് ജീവിക്കുകയും സ്ത്രീകൾ വേദനിച്ച് പ്രസവിക്കുകയും ചെയ്ക എന്ന ദൈവിക ശിക്ഷയിൽ നിന്ന് വിശ്വാസികളായ ക്രിസ്ത്യാനികളെങ്കിലും മോചിതരാകേണ്ടതല്ലേ? എന്തുകൊണ്ടെന്നാൽ യേശുവിന്റെ ബലിയിൽ വിശ്വസിച്ചതിന്റെ ഫലമായി അവർ ചെയ്ത കുറ്റം പരിഹരിക്കപ്പെട്ടിരിക്കയാണ്. എന്നാൽ പുരുഷന്മാരായ ക്രിസ്ത്യാനികൾ അദ്ധ്വാനിക്കാതെ ജീവിക്കുകയും സ്ത്രീകൾ വേദനകൂടാതെയുമാണോ പ്രസവിക്കുന്നത്? അല്ലെന്നാണെങ്കിൽ യേശുവിന്റെ ബലിയിൽ വിശ്വസിച്ച ക്രിസ്തീയരുടെ പാപം തന്നെയും പരിഹരിക്കപ്പെട്ടില്ലെന്നും അവരിന്നും ശിക്ഷയനുഭവിച്ചുകൊണ്ടിരിക്കുകയുമാണെന്നല്ലേ വ്യക്തമാകുന്നത്?

ആദാമും ഹവ്വയും ചെയ്ത പാപത്തിന്റെ ശിക്ഷയായിട്ടാണല്ലോ ബൈബിൾ പ്രസ്താവിക്കുന്നതുപോലെ പുരുഷന്മാർ വിയർപ്പൊലിക്കുമാറ് അദ്ധ്വാനിച്ച് ജീവിതം നയിക്കണമെന്നും സ്ത്രീകൾ വേദനയോടുകൂടി പ്രസവിക്കണമെന്നും ദൈവം വിധിച്ചത്. ഇതിൽ നിന്നും വ്യക്തമാകുന്നത് അവർ ചെയ്ത കുറ്റത്തിനുള്ള തക്ക ശിക്ഷ നൽകപ്പെട്ടുവെന്നല്ലേ? പിന്നെ ദൈവപുത്രൻ പാപപരിഹാരാർത്ഥം ബലിയായി എന്നു പറയുന്നത് ന്യായമാകുന്നതെങ്ങനെ? ഒരിക്കൽ മതിയായ ശിക്ഷ നൽകിയിട്ടും ദൈവത്തിന്റെ

കോപത്തിന് ശമനം വരാഞ്ഞിട്ടാണോ സ്വന്തം പുത്രനെ കൂടി ബലി ചെയ്തത്? ഒരാൾ ചെയ്ത കുറ്റത്തിന് തക്ക ശിക്ഷ നൽകി പിന്നെയും ശിക്ഷിക്കുന്നത് എന്ത് നീതിയും കാരുണ്യവുമാണ്?

ദൈവം പാപികളായ തന്റെ കുഞ്ഞുങ്ങളെ ശിക്ഷിക്കാതിരിക്കുമാറ് കാരുണ്യവാനായതുകൊണ്ടാണ് പുത്രനായി ജനിച്ച് സ്വയം ബലി ആയതെങ്കിൽ പ്രസ്തുത ബലിയിൽ വിശ്വസിച്ചവർക്കേ പാപപ്പൊറുതി ഉണ്ടാവുകയുള്ളൂ എന്നു പറയുന്നത് ദൈവത്തിന്റെ കാരുണ്യത്തിന് നിരക്കുന്നതെങ്ങനെ? ദൈവത്തിന് ഇതിലെന്തോ സ്വാർത്ഥതയുണ്ടെന്നും ദൈവം കുരിശിൽ ബലിയായത് കാരുണ്യം കൊണ്ടല്ലെന്നും അല്ലേ ഇതിൽ നിന്നും മനസ്സിലാകുന്നത്? കാരുണ്യം കൊണ്ടാണെങ്കിൽ സകലരുടെയും പാപപ്പൊറുതിക്കായി ബലിയായിട്ടും എല്ലാവരുടെയും പാപം പരിഹരിക്കപ്പെട്ടില്ലെന്നാണോ? യേശു ബലിയായത് മനുഷ്യജാതിയുടെ മുഴുവനും പാപപരിഹാരാർത്ഥമല്ലേ? ഇനി ആണെങ്കിൽ മനുഷ്യരുടെയെല്ലാം പാപം പരിഹരിക്കപ്പെട്ടുകഴിഞ്ഞുവല്ലോ? എങ്കിൽ പിന്നെ കുരിശ് മരണത്തിൽ വിശ്വസിക്കുന്നവരുടെ പാപം മാത്രമേ പരിഹരിക്കപ്പെടുകയുള്ളൂ എന്ന് പറയുന്നത് യുക്തിസഹമാകുന്നതെങ്ങനെ? വിശ്വസിക്കുന്നവരുടെ പാപം മാത്രമേ പരിഹരിക്കപ്പെടുകയുള്ളൂ എന്നാണെങ്കിൽ അദ്ദേഹം മനുഷ്യജാതിയുടെ മുഴുവൻ പാപപ്പൊറുതിക്കായിട്ടല്ല ബലിയായത് എന്ന് സമ്മതിക്കേണ്ടി വരില്ലേ? മാത്രമല്ല തന്നിൽ വിശ്വസിച്ചിട്ടില്ലാത്തവരുടെ പാപം പരിഹരിക്കുന്നതിനായി അദ്ദേഹം ഒരിക്കൽ കൂടി അവതരിച്ച് വീണ്ടും കുരിശ് മരണം വരിക്കേണ്ടതാണെന്നും സമ്മതിക്കേണ്ടി വരും.

ഇങ്ങനെ ലോകത്തിന്റെ മുഴുവനും പാപപരിഹാരത്തിനായാണ് ക്രിസ്തു സ്വയം ശിക്ഷയേററ് മരിച്ചതെന്നാകുമ്പോൾ കുരിശ് മരണത്തിൽ വിശ്വസിച്ചവരുടെയും അല്ലാത്തവരുടെയുമെല്ലാം പാപം പരിഹരിക്കപ്പെട്ടു എന്നു സിദ്ധിക്കുന്നു. അങ്ങനെയിരിക്കേ വിശ്വസിച്ചവർക്കേ പാപപ്പൊറുതിയുള്ളൂ എന്ന് പറയുന്നത് ന്യായമാകുന്നതെങ്ങനെ?

പാപികളായ മനുഷ്യരെ ശിക്ഷിക്കുന്നതിനു പകരം പാപരഹിതനായ യേശു ആ ശിക്ഷയേറ്റതെന്തിന്? പാപികളെ ശിക്ഷിക്കുക അല്ലെങ്കിൽ അവർക്ക് മാപ്പു നൽകുക ഇതല്ലേ നീതി? ദൈവം നീതിമാനായതുകൊണ്ട് പാപികളെ ശിക്ഷിക്കാനും കാരുണ്യവാനായതുകൊണ്ട് ശിക്ഷിക്കാതിരിക്കാനും വയ്യാത്തതുകൊണ്ടാണ് യേശു കുരിശിൽ ബലിയായി മനുഷ്യരുടെ പാപം ചുമന്ന്, ശപ്തനാകേണ്ടിവന്നതെങ്കിൽ ദൈവത്തിന് ഒരു നിർബന്ധിതാവസ്ഥ അഥവാ അവശനില നേരിട്ടു എന്നായിരിക്കുമല്ലോ അതിനർത്ഥം. അങ്ങനെ കരുതുന്നത് ദൈവത്തിന് നിരക്കുന്നതാണോ?

പാപികളെ ശിക്ഷിക്കുന്നതിനു പകരം പാപരഹിതനായ യേശു ആ ശിക്ഷയ്ക്കു പാത്രമായത് ദൈവത്തിന്റെ നീതിക്കും കാരുണ്യത്തിനും ഘടകവിരുദ്ധമാണെന്നല്ലേ തെളിയുന്നത്? പാപമില്ലാത്ത ഒരാളെ ശിക്ഷിക്കുന്നത് നീതിയും കരുണയുമാണോ? അത് തികഞ്ഞ അനീതിയും ക്രൂരതയുമാണെന്നാർക്കാണറിഞ്ഞുകൂടാത്തത്? അങ്ങനെ നീതിമാനും കാരുണ്യവാനും ആയതുകൊണ്ട് പാപികളെ ശിക്ഷിക്കാൻ മനസ്സില്ലാത്ത ദൈവം പിന്നെ ചെയ്തത് കടുത്ത അനീതിയും ക്രൂരതയും ആണെന്നല്ലേ ഇത് മനസ്സിലാക്കിത്തരുന്നത്? അപ്പോൾ യേശു കുരിശിൽ ബലിയായത് പാപികളായ മനുഷ്യരുടെ പാപപരിഹാരാർത്ഥമാണെന്ന് കരുതാവതെങ്ങനെ?

ആടുമാടുകൾ തുടങ്ങിയ മൃഗങ്ങൾ വേദനപ്പെട്ടു പ്രസവിക്കുന്നവയാണല്ലോ. കാള, പോത്ത് തുടങ്ങിയ മൃഗങ്ങൾക്ക് ഉപജീവനാർത്ഥം വിയർപ്പൊലിച്ച് അദ്ധ്വാനിക്കേണ്ടിയും വരുന്നു. ഏത് പാപത്തിന്റെ ഫലമായാണ് ഇവറ്റകൾ ഈ ശിക്ഷയനുഭവിക്കുന്നത്? ഇനി ഈ ജന്തുക്കളുടെ പൂർവ്വപിതാക്കളും വല്ല പാപവും ചെയ്തതിന്റെ ഫലമാണോ? അല്ലെങ്കിൽ പിന്നെ ഇവ ഈ ശിക്ഷയനുഭവിക്കുന്നതെന്തിന്?

യേശു സ്വന്തം നിലയിൽ പാപം ചെയ്യാത്തതുകൊണ്ട് അദ്ദേഹം പാപി അല്ല എന്നു പറയുന്നുവെങ്കിൽ ആദം ചെയ്ത പാപം നിമിത്തം മനുഷ്യരാസകലം പാപികളായിത്തീർന്നു എന്ന സിദ്ധാന്തം തെറ്റാണെന്നല്ലേ തെളിയുന്നത്? പാപം ചെയ്യാത്ത ആരം തന്നെ ഉണ്ടായിട്ടില്ലെന്നും യേശു വല്ലാത്ത മറ്റെല്ലാവരും പാപികളാണെന്നുമാണോ ക്രിസ്ത്യാനികളുടെ വിശ്വാസം? യേശുവിന് ജ്ഞാനസ്നാനം ചെയ്യിച്ച യോഹന്നാനും അദ്ദേഹത്തിന്റെ മാതാവും വല്ല പാപവും ചെയ്തിരുന്നതായി തെളിയുന്നുണ്ടോ? ഇങ്ങനെ പലരും പാപരഹിതരായുണ്ടെന്ന് ബൈബിൾ തന്നെ പ്രസ്താവിക്കുമ്പോൾ യേശു മാത്രമാണ് പാപരഹിതനെന്നും അതുകൊണ്ട് അദ്ദേഹം പാപപരിഹാരാർത്ഥം ബലിയായി എന്നു പറയുന്നത് ന്യായമാകുന്നതെങ്ങനെ? പാപരഹിതൻ കൊല്ലപ്പെടും എന്നതുകൊണ്ട് പാപികളായ മനുഷ്യരുടെ പാപങ്ങൾ നീങ്ങുമെന്നാണെങ്കിൽ പാപരഹിതനായ ഹാബേൽ വധിക്കപ്പെട്ടത് മനുഷ്യരുടെ പാപപരിഹാരാർത്ഥമാണെന്ന് കരുതുന്നത് ന്യായമാകില്ലേ? എന്തെന്നാൽ അദ്ദേഹം ആദാമിന്റെ ആദിപുത്രനാകയാൽ പിന്നീട് വരുന്ന എല്ലാ തലമുറകളെയും പാപത്തിന് പരിഹാരമായി ബലിയർപ്പിച്ചത് അദ്ദേഹമാണെന്നല്ലേ കരുതേണ്ടത്?

യേശു കുരിശിക്കപ്പെട്ടത് 2000 കൊല്ലങ്ങൾ മുൻപ് മാത്രമാണ്. അദ്ദേഹം കുരിശിൽ മരിക്കുന്നതിന് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുൻപ് മരിച്ചുപോയ തലമുറകളുടെ പാപം പരിഹരിക്കപ്പെടുന്നതെങ്ങനെ? അന്ന് യേശു കുരിശിക്കപ്പെടുകയോ ആ സംഗതി ലോകം അറിയുകയോ അതിൽ വിശ്വസിക്കുകയോ ചെയ്തിരുന്നില്ലല്ലോ? യേശു കുരിശിക്കപ്പെട്ടതിനുശേഷവും ആ സംഗതി അറിയാത്ത കോടിക്കണക്കിന് മനുഷ്യരുണ്ട്.

*(ശേഷം 39-ൽ)*

ലേഖനം

# ദാവീദിന്റെ നക്ഷത്രം: സത്യവും മിഥ്യയും

മാഇദാ അഹ്മദ്

**ജൂതന്മാർ തങ്ങളുടെ മതപരവും രാഷ്ട്രീയവുമായ സത്തയുടെ പ്രതീകമായി ഉപയോഗിക്കുന്ന ദാവീദിന്റെ നക്ഷത്രത്തിന്റെ ചരിത്രവും പ്രമാണികതയും ലേഖകൻ പരിശോധിക്കുന്നു.**

ആറ് കോണുകളുള്ള പരസ്പരം കൂടിചേർന്ന രണ്ട് ത്രികോണങ്ങളാണ് ദാവീദിന്റെ നക്ഷത്രം എന്ന് അറിയപ്പെടുന്നത്. ജൂതമതത്തിന്റേയും ജൂതായിസത്തിന്റേയും സാർവ്വത്രികമായി അംഗീകരിക്കപ്പെട്ട പ്രതീകമാണിത്. ദാവീദിന്റെ നക്ഷത്രം എന്നറിയപ്പെടുന്ന ഈ ചിഹ്നം ഹിബ്രുവിൽ 'മാഗൻ ഡേവിഡ്' എന്നാണ് അറിയപ്പെടുന്നത്. 'ദാവീദിന്റെ പരിച' എന്നാണിതിന്റെ അർത്ഥം. വളരെ കൂലങ്കഷമായി പരിശോധിക്കുമ്പോൾ ദാവീദിന്റെ നക്ഷത്രത്തിന് ജൂതമതത്തിന്റെ ഔദ്യോഗികചിഹ്നത്തിന്റെ പദവി രണ്ട് നൂറ്റാണ്ടുകൾക്ക് മുമ്പ് മാത്രമാണ് കൈവന്നത്. അതിനുമുമ്പ് ഇത് വളരെ അപൂർവ്വമായി മാത്രമേ ജൂതസാഹിത്യത്തിൽ കാണപ്പെട്ടിട്ടുള്ളൂ. വാസ്തവത്തിൽ ഈ ചിഹ്നം ജൂതമതത്തിന് മാത്രമായി ഉപയോഗിക്കപ്പെട്ടിരുന്ന ഒന്നല്ല. ചരിത്രത്തിലുടനീളം ഇത് മറ്റ് മതങ്ങളുടേയും സംഘടനകളുടേയും സാഹിത്യത്തിലും വാസ്തുശില്പകലയിലും ഉപയോഗിക്കപ്പെട്ടതായി കാണാവുന്നതാണ്.

ഈ ചിഹ്നത്തിന്റെ ഉത്ഭവത്തെക്കുറിച്ചുള്ള ചില സിദ്ധാന്തങ്ങളാണ് ഈ ലേഖനത്തിൽ ചർച്ച ചെയ്യുന്നത്. അതുകൊണ്ട് ഈ ലേഖനത്തിനും ചില പ്രധാന പ്രശ്നങ്ങൾ ചർച്ച ചെയ്യേണ്ടതുണ്ട്. അതായത് ഈ ചിഹ്നത്തിന് പൊതുവായ ഒരു ഉത്ഭവകേന്ദ്രമുണ്ടോ? ഈ ചിഹ്നം മഹാനായ ഇസ്രായേൽ രാജാവ് ദാവീദുമായി ബന്ധപ്പെട്ടതാണോ? ഈ ചിഹ്നത്തിന്റെ ലളിതവും ആകർഷകവുമായ ജ്യാമിതീയരൂപം കാരണം മറ്റു മതസ്ഥരും സംഘടനകളും ഈ രൂപം ഉപയോഗിച്ചിട്ടുണ്ടോ? ഇതിനെപ്പറ്റിയൊന്നും സുനിശ്ചിതമായ അഭിപ്രായം പറയുവാൻ സാധ്യമല്ല. ഈ ലേഖനം സാർവ്വത്രികമായി ഉപയോഗിക്കപ്പെട്ട ഈ ചിഹ്നത്തെപ്പറ്റി ഒരു ആമുഖ പരിചയം മാത്രമാണ് നൽകുന്നത്.

## ആറുകോൺ നക്ഷത്രം ജൂതചിഹ്നം എന്ന നിലയിൽ

ആധുനിക യുഗത്തിൽ ദാവീദിന്റെ നക്ഷത്രം ജൂതന്മാരുടെ പ്രാഥമികചിഹ്നമായി അംഗീകരിക്കപ്പെട്ടു. അത് ജൂതരാഷ്ട്രമായ ഇസ്രായേലിന്റെ പതാകയിലും റെഡ് ക്രോസിന്ന് സമാന്തരമായി മേഗൻ ഡേവിഡ് ആദോം (ദാവീദിന്റെ ചുകപ്പ് നക്ഷത്രം) എന്നും അറിയപ്പെട്ടു. എന്നാൽ പ്രധാന ചോദ്യമിതാണ്. ഏറ്റവും പൗരാണികരേഖകളിൽ ദാവീദിന്റെ നക്ഷത്രത്തിന്റെ ഉപയോഗമെന്തായിരുന്നു?

ഈ നക്ഷത്രചിഹ്നത്തിന്റെ അഥവാ ഷഡ്കോൺ നക്ഷത്രചിഹ്നത്തിന്റെ പൗരാണികമായ ഉപയോഗം പുരാതന ഇസ്രായേലിലെ ഒരു മുദ്ര എന്ന നിലയ്ക്കായിരുന്നു. (ക്രി. മുമ്പ് 6-ാം നൂറ്റാണ്ടിനു) എട്ട് നൂറ്റാണ്ടുകൾക്ക് ശേഷം കോപർനോമിലെ ഒരു സിനഗോഗിലും കാണപ്പെട്ടു. എന്നാൽ ഈ ആറുകോൺ ചിഹ്നത്തിന് ഒരു വാസ്തുശില്പ പ്രാധാന്യമേ ഉണ്ടായിരുന്നില്ല. മത്സരമായ യാതൊരു പ്രാധാന്യവും അതിനുണ്ടായിരുന്നില്ല. ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്ന വസ്തുതയെന്തെന്നാൽ ഈ ആറുകോൺ നക്ഷത്രചിഹ്നം ജൂതസിനഗോഗുകളിലും ജൂതമതാചാരങ്ങളിലും കൂടാതെ ചർച്ചുകളിലും മറ്റു മതങ്ങളുടേയും മതങ്ങളുടേതല്ലാത്തതുമായ കെട്ടിടങ്ങളിലും വ്യാപകമായി ഉപയോഗിച്ചിട്ടുണ്ട് എന്നതാണ്. നവോത്ഥാന

ദിന്റെ പുത്രനായ സോളമനെ തിന്മയുടെ ശക്തികളിൽ നിന്നും രക്ഷിച്ചു നിർത്തുന്നത് ഈ മാന്ത്രികവലയമാണ്. ഇത് മുസ്‌ലിംകൾ സുലൈമാന്റെ മുദ്ര എന്ന പേരിൽ ചില രാജ്യങ്ങളിലും ദേശങ്ങളിലും ഉപയോഗിക്കാറുണ്ട്. ഒരു കലാശിയുപോലെ കെട്ടിടങ്ങളിലും മറ്റും അവർ ഇത് ചിത്രണം ചെയ്ത് അലങ്കരിക്കാറുണ്ട്. ചില മുസ്‌ലിം സമൂഹങ്ങളിൽ ഈ മുദ്ര 'സുലൈമാന്റെ ചിഹ്നം' എന്ന പേരിൽ വ്യാപകമായി ഉപയോഗിക്കുന്നു. മോറോക്കോയുടെ പതാകയിന്മേലും അവരുടെ സൈനികരുടെ കൊടിയിലും ഈ ചിഹ്നം കാണാം.

ഈ രൂപത്തിന്റെ ഉത്ഭവത്തെ സ്സംബന്ധിച്ച മറ്റൊരു സിദ്ധാന്തം ഹിബ്രുവിൽ എഴുതുമ്പോൾ മൂന്നക്ഷരങ്ങളുള്ള 'ദാവീദ്' എന്ന പദത്തിലെ ആദ്യത്തെ രണ്ട് അക്ഷരം, പഴയകാലത്ത് ഏകദേശം ത്രികോണാകൃതിയിലാണ് എഴുതുക, ഗ്രീക്കിലെ 'ഡെൻറ്റ' എന്ന അക്ഷരം എഴുതുന്നതുപോലെ. ഈ പദത്തിലെ ത്രികോണാകൃതിയിലുള്ള അക്ഷരങ്ങൾ ചേർത്തുവെച്ചാൽ ചില ഗവേഷകന്മാരുടെ അഭിപ്രായപ്രകാരം 'ദാവീദിന്റെ നക്ഷത്രം' അദ്ദേഹത്തിന്റെ ജനനസമയത്തേയോ രാജാഭിഷേകസമയത്തേയോ ജ്യോതിഷപരമായ നക്ഷത്രരാശികളുടെ നിലകളുടെ സൂചനയാണെന്നാണ്. എന്തായിരുന്നാലും ഈ അവകാശവാദങ്ങൾക്കൊന്നും വ്യക്തമായ തെളിവുകളില്ല.

## ദാവൂദ് നബി(അ) വിശുദ്ധ ഖുർആനിൽ

ദാവൂദ് (അ) എന്ന രാജാവിനെക്കുറിച്ച് വളരെയധികം പറഞ്ഞ മറ്റൊരു മതമാണ് ഇസ്‌ലാം. ഖുർആൻ ദാവൂദ് നബി(അ)ക്ക് ഉണ്ടായ വമ്പിച്ച വിജയങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നു. പക്ഷേ, അദ്ദേഹത്തിന്റെ മാന്ത്രികപരിചയയെപ്പറ്റി ഖുർആൻ ഒന്നും പറയുന്നില്ല.

27-ാം അദ്ധ്യായത്തിൽ 16-ാം വചനത്തിൽ ഖുർആൻ പറയുന്നു:

ക്കപ്പെട്ടത്.

1897ൽ സിയോണിസ്റ്റ് പ്രസ്ഥാനം തങ്ങളുടെ ചിഹ്നമായി ഷഡ്കോൺ നക്ഷത്രം തിരഞ്ഞെടുത്തതോടെയാണ് 'മാജിയൻ ദാവീദ്' വളരെ പ്രശസ്തമായത്. അതിനുപുറമെ ഈ ഷഡ്കോൺ താരകത്തിന് യാതൊരു മതവുമായി ബന്ധമില്ലാത്തതുകൊണ്ടു കൂടിയാണ് സിയോണിസത്തിന്റെ പിതാവായ തിയോഡർ ഹെർഡ്സ് അവരുടെ ചിഹ്നമായി തിരഞ്ഞെടുത്തത്. ഇന്ന് അത് ഇസ്രയേൽ പതാകയുടെ മദ്ധ്യത്തിൽ കാണപ്പെടുന്നുണ്ട്. ഈ ചിഹ്നം ഇങ്ങനെ ഉപയോഗിക്കുന്നതിനെക്കുറിച്ച് ഒരുപാടു ചർച്ചകൾ നടന്നിട്ടുണ്ട്.

ജൂതന്മാർ ഷഡ്കോൺ നക്ഷത്രം ദാവീദിന്റെ നക്ഷത്രം എന്ന് പറഞ്ഞ് അവരുടേതായി ഉപയോഗിക്കുമ്പോൾ മറ്റുമതങ്ങളിലും അതിന്റെ ഉപയോഗമുള്ളതായി കാണുന്നു. അങ്ങനെ വരുമ്പോൾ ആ ചിഹ്നത്തിന് 'ദാവീദിന്റെ നക്ഷത്രം' എന്ന പേരുവിളിക്കാൻ കാരണമെന്തെന്ന് നാം അന്വേഷിക്കേണ്ടിയിരിക്കുന്നു. അതായത്, അത് പ്രവാചകനായ ദാവീദു (അ)മായി എങ്ങനെ ബന്ധിപ്പിച്ചു എന്ന് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു.

## ദാവീദുമായുള്ള അഷ്ടകോൺ നക്ഷത്രത്തിന്റെ ബന്ധം

അതിന്റെ പേര് സൂചിപ്പിക്കുന്നതുപോലെ ദാവീദുമായി ഈ ചിഹ്നത്തിനുള്ള ബന്ധം കണ്ടുപിടിക്കാൻ യത്നിക്കുന്നതിൽ പണ്ഡിതന്മാരുടെ യാതൊരു കുറവും വന്നിട്ടില്ല. ജൂത ഇതിഹാസങ്ങളിൽ ദാവീദ് രാജാവിനെ ശത്രുക്കളിൽ നിന്നും സംരക്ഷിക്കുന്ന ഒരു മാന്ത്രികപരിചയെക്കുറിച്ചുള്ള പരാമർശമുണ്ട്. മറ്റു ഇതിഹാസകഥകൾ ക്രിസ്ത്യൻ ഇസ്‌ലാം പാരമ്പര്യങ്ങളിൽ നിന്നും എടുത്തതാണ്. അത് അഞ്ച് കോണുകളും ചിലപ്പോൾ ആറു കോണുകളുമുള്ള സോളമൻ രാജാവിന്റെ ഒരു മാന്ത്രികവലയത്തെക്കുറിച്ചാണ്. ഈ കഥകൾ പ്രകാരം ദാവീ

കാലത്തിന് മുമ്പ് വരെ (ക്രി. വ. 1600 വരെ) ഏഴു ശാഖകളുള്ള 'മെനോറ' എന്ന മെഴുകുതിരി വിളക്കാണ് ജൂത ചിഹ്നമായി പരക്കെ ഉപയോഗിച്ചിരുന്നത്, ആറുകോൺ നക്ഷത്രമായിരുന്നില്ല.

വളരെ കൗതുകകരമായ ഒരു കാര്യം ഒരു ചിഹ്നമെന്ന നിലക്ക് 'മെനോറ'യുടെ ഉപയോഗം ബൈബിളിൽ വരെ രേഖപ്പെടുത്തിയതാണ് എന്നാണ്. അതിന്റെ രൂപഘടനക്കായുള്ള നിർദ്ദേശം പുറപ്പാട് 25: 31-40 വരെ വചനങ്ങളിൽ രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അങ്ങനെയൊരു പരാമർശം ആറുകോൺ നക്ഷത്രത്തെപ്പറ്റി ദാവീദ് രാജാവിന്റെ ചിഹ്നമായി ബൈബിളിൽ രേഖപ്പെടുത്തിയിട്ടില്ല.

വളരെ സൂക്ഷ്മമായ പരിശോധനയിൽ നമുക്ക് കാണാൻ കഴിയുന്നത്, പുരാതന ജൂതമതത്തിൽ അങ്ങനെയൊരു ചിഹ്നത്തെക്കുറിച്ചുള്ള തെളിവ് ബൈബിൾ നൽകുന്നില്ല എന്നാണ്. യഥാർത്ഥത്തിൽ ജൂതമതവീക്ഷണപ്രകാരം ദൈവത്തിന്റെ യാതൊരു പ്രതിരൂപത്തേയും അത് അനുവദിക്കുന്നില്ല. ദൈവത്തിന്റെ പ്രതീകമായി യാതൊന്നിനേയും ഉപയോഗിക്കാൻ ബൈബിളോ തൽമൂദോ അനുവദിക്കുന്നില്ല. അതിൽ കൂടുതലായി ദാവീദ് ദൈവത്തിന്റെ ശക്തനായ പോരാളിയായിരിക്കേ അത്തരത്തിൽ പ്രത്യേകമായൊരു പരിചയെപ്പറ്റിയുള്ള പരാമർശം ബൈബിളിൽ കാണുന്നില്ല.

യഥാർത്ഥത്തിൽ 17-ാം നൂറ്റാണ്ടിൽ ഫ്രഞ്ച് വിപ്ലവത്തിന് ശേഷം ജൂതന്മാർ അടിമത്തത്തിൽ നിന്നും മോചിതരായതിനുശേഷം മാത്രമാണ് ജൂതസമൂഹം ക്രിസ്ത്യാനികൾക്ക് കുരിശെന്നപോലെ തങ്ങൾക്കായി ദാവീദിന്റെ നക്ഷത്രം (Star of David) എന്ന പേരിൽ ഒരു പ്രതീക ചിഹ്നം തിരഞ്ഞെടുത്തത്. ഈ കാലഘട്ടത്തിൽ തന്നെയാണ് ജൂതസിനഗോഗുകളുടെ മുൻവശത്ത് ഷഡ്കോൺ നക്ഷത്രം വെയ്ക്കുന്ന പതിവ് യഹൂദന്മാർ ആരംഭിച്ചത് 'പ്രാഥമികമായി ഇത് തിരിച്ചറിയാനുള്ള ഒരുപാധിയായാണ് സ്വീകരി

"നാം ദാവൂദിനും സുലൈമാനും ജ്ഞാനം നൽകി. തന്റെ സത്യവിശ്വാസികളായ ദാസന്മാരിൽ നിന്ന് അധികമാളുകളേക്കാളും തങ്ങളെ ശ്രേഷ്ഠരാക്കിയ അല്ലാഹുവിനാണ് സർവ്വ സ്തുതിയും എന്ന് അവർ രണ്ടുപേരും പറഞ്ഞു." (27:16)

തീർച്ചയായും ദാവൂദ് നബി(അ) അല്ലാഹുവിന്റെ ഒരു സത്യപ്രവാചകനായിരുന്നു. വാസ്തവത്തിൽ വിശുദ്ധ ഖുർആൻ നമ്മോട് പറയുന്നത്, അദ്ദേഹം മഹാനായ ഒരു പടയാളിയും രാഷ്ട്രനേതാവുമായിരുന്നെന്നാണ്. അദ്ദേഹമാണ് ജൂതരാഷ്ട്രത്തിന്റെ സ്ഥാപകൻ. അദ്ദേഹത്തിന്റെ ഭരണകാലത്താണ് ഇസ്രയേൽ രാഷ്ട്രം അതിന്റെ മഹത്തായ ശക്തിയുടേയും പ്രതാപത്തിന്റേയും ഉച്ചിയിലെത്തിയത്. ഖുർആനിലെ മറ്റൊരു അദ്ധ്യായത്തിൽ മലകളും പക്ഷികളും ദാവൂദിന്ന് (അ) വിധേയമാക്കി എന്ന് ഖുർആൻ പറയുന്നു. അതിന്റെ അക്ഷരാർത്ഥത്തിലുള്ള ദാവൂദ് നബി(അ)യുടെ മാന്ത്രികശക്തിയെക്കൂടാതെ ഈ വചനത്തിന് നൽകപ്പെട്ട ഒരു വ്യാഖ്യാനം ഇപ്രകാരമാണ്: ദാവൂദ് ധാരാളം പ്രാകൃതരും രണശൂരരുമായ പർവ്വതവാസി ഗോത്രങ്ങളെ തന്റെ അധീനതയിലാക്കിയിരുന്നു. തീർച്ചയായും അദ്ദേഹത്തിന്റെ ഭരണത്തിന്നുകീഴിൽ എല്ലാ ഇസ്രയേൽ ഗോത്രങ്ങളും ഏകീകരിക്കപ്പെടുകയുണ്ടായി.

മറ്റൊരു ഖുർആൻ വചനത്തിൽ ഇങ്ങനെ കാണാം: 'നാം ദാവൂദിന്റെ കൂടെ മല നിവാസികളെ അധീനപ്പെടുത്തിക്കൊണ്ടു നിങ്ങളെ യുദ്ധത്തിൽ നിന്ന് സംരക്ഷിക്കുവാൻ വേണ്ടി നിങ്ങൾക്കായി ഒരു തരം വസ്ത്രം നിർമ്മിക്കാൻ നാം അദ്ദേഹത്തിന് പഠിപ്പിച്ചുകൊടുത്തു.' (21:80-81) ഈ വചനം ദാവൂദി(അ)ന്റെ സൈനികശക്തിയെ സൂചിപ്പിക്കുന്നു. അദ്ദേഹത്തിന് സൈനികവസ്ത്രങ്ങളും യുദ്ധോപകരണങ്ങളും നിർമ്മിക്കാനുള്ള പാടവത്തേയും പറ്റി പ്രതിപാദിക്കുന്നു. പ്രവാചകനായ ദാവൂദ് (അ) പല വിധത്തിലുള്ള യുദ്ധോപകരണങ്ങളും കണ്ടുപിടിക്കുകയും വികസിപ്പിക്കുകുയം ചെയ്തു. അത് മുഖേന അദ്ദേഹം വമ്പിച്ച സൈനികവിജയങ്ങൾ സ്വായത്തമാക്കി.

ഈ വിവരണം കുറേക്കൂടി വിശദീകരിച്ചുകൊണ്ട് ഖുർആൻ ഇങ്ങനെ പ്രതിപാദിക്കുന്നു 'തീർച്ചയായും നാം നമ്മുടെ പക്കൽ നിന്ന് ദാവൂദിന് അനുഗ്രഹം നൽകിയിട്ടുണ്ട്... നാം അദ്ദേഹത്തിന് ഇരുമ്പിനെ മയപ്പെടുത്തിക്കൊടുക്കുകയും ചെയ്തു' (34:11) ദാവൂദ് നബി(അ)യുടെ യുദ്ധപാടവത്തേയും യുദ്ധോപകരണ നിർമ്മാണവൈദഗ്ധ്യത്തേയും പറ്റി സൂചിപ്പിക്കുന്നു. അതുകൊണ്ട് അദ്ദേഹം ത്രികോണാകൃതിയിലുള്ള എന്തെങ്കിലും യുദ്ധകവചം നിർമ്മിച്ചിരിക്കാനുള്ള സാധ്യതയുണ്ടോ?

എന്ത് തന്നെയായിരുന്നാലും, ഈ അതിക്രമങ്ങളെല്ലാം ശരിയാണെങ്കിൽ ദാവീദ് രാജാവ് (അ) യുദ്ധകവചം നിർമ്മിക്കുന്ന കാര്യത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. അതിന് ചിത്രരൂപത്തിലും വരപ്പ് രീതിയിലും നിർമ്മാണത്തെപ്പറ്റിയുള്ള നിരവധി തെളിവുകളുണ്ട്. ലോകത്തിലെ മൂന്ന് മതങ്ങളും സൈനികപരമായി ദാവീദ് രാജാവിനെ ബന്ധിപ്പിക്കുന്നുണ്ട്.

## ഈ പ്രതീകത്തിന്റെ അർത്ഥം

ഈ പ്രതീകത്തിന്റെ വിശദീകരണവും നിലവിലുണ്ട്. അത് ജൂതമതത്തിന് മാത്രം ബാധകമായിട്ടുള്ളതല്ല.

ഷഡ്കോൺ നക്ഷത്രത്തെസ്സംബന്ധിച്ച ഒരാശയം അതിലെ ആറു കോണുകളും നടുവിലെ കേന്ദ്രത്തിൽ നിന്നാണ് സത്തയും രൂപവും സ്വീകരിച്ചിരിക്കുന്നത്. നടുഭാഗം ആത്മീയ ഭാവത്തെയാണ് പ്രതിനിധീകരിക്കുന്നത്. ഇത് പ്രപഞ്ചത്തിന്റെ ആറു ദിക്കുകളുടെ നേർക്കുള്ള കോണുകളാണ്. ആറുകോണുകളെസ്സംബന്ധിച്ച മറ്റൊരു ആശയം പ്രപഞ്ചത്തിനു ആറുദിക്കിനുമീതെയുള്ള ദൈവത്തിന്റെ ഭരണമാണ്. അതായത് വടക്ക് തെക്ക് കിഴക്ക്, പടിഞ്ഞാറ് മുകൾഭാഗം, താഴ് ഭാഗം.

നരവംശ ശാസ്ത്രജ്ഞന്മാർ പറയുന്നത്, താഴെ കോണുള്ള ത്രികോണം സ്ത്രീയുടെ ലൈംഗികതയേയും മുകളിൽ കോണുള്ള ത്രികോണം പുരുഷന്റെ ലൈംഗികതയേയും സൂചിപ്പിക്കുന്നു എന്നാണ്. അവ രണ്ടിന്റേയും സംയോജനം ഐക്യത്തിന്റെ രമ്യതയേയും പ്രതിനിധാനം ചെയ്യുന്നു.

## ഷഡ്കോൺ നക്ഷത്രത്തിന്റെ ലോകവ്യാപകമായ ഉപയോഗം

വിവിധ ജനങ്ങൾ വിവിധ ആശയങ്ങൾ ആരോപിച്ചുകൊണ്ടാണ് ഈ ചിഹ്നം ഉപയോഗിക്കുന്നത്. ഒരു കാര്യം വളരെ സുനിശ്ചിതമാണ്. ഷഡ്കോൺ നക്ഷത്രം. ജൂതമതത്തിന് മുമ്പ് തന്നെ ലോകത്ത് നിലനിന്നിരുന്നു. അത് ജൂതമതത്തിന് മാത്രം അവകാശപ്പെട്ട ഒന്നല്ല. അത് ലോകവ്യാപകമായി ചരിത്രത്തിലുടനീളം പൊതുവെ കാണപ്പെട്ടിരുന്നു. അത് പൗരാണികമായ ഇന്ത്യൻ ക്ഷേത്രങ്ങളിൽ കാണപ്പെടുന്നുണ്ടു. ഹിന്ദുമതം, ബുദ്ധമതം, ജൈനമതം എന്നീ മതങ്ങളുടെ പ്രപഞ്ച ചിത്രീകരണങ്ങളിൽ ആറുകോൺ നക്ഷത്രങ്ങൾ കാണുന്നുണ്ടു. ഹിന്ദുമതത്തിൽ ആറുകോണുകളെ ഷഡ്കോണുകൾ എന്നാണ് വിളിക്കുന്നത്. അഗ്നിയുടെ ആറ് ധാതുക്കൾ ചേർന്നതാണ് അത്. ജ്യോതിഷത്തിൽ ആറുകോണിനെ 'രാജനക്ഷത്രം' എന്നു വിളിക്കുന്നു. സെറോസ്ട്രിയൻ മതത്തിൽ ഇത് വളരെ പ്രധാനപ്പെട്ടതാണ്.

മതപരമല്ലാത്ത അർത്ഥത്തിൽ ഷഡ്കോൺ (Hexagram) എല്ലാ നിഗൂഢാത്മക ചിഹ്നങ്ങളേക്കാളും ശക്തിമത്താണ്. അത് മാന്ത്രികവിദ്യയുമായും പിശാചുമായും ബന്ധപ്പെട്ടതാണ്. ആഭിചാരക്രിയയിൽ പിശാചുക്കളെ വിളിച്ചുവരുത്താനാണ് അത് ഉപയോഗിക്കുക. വാസ്തവത്തിൽ Hex എന്ന പദത്തിന് 'ശപിക്കുക' 'ക്ഷുദ്രവിദ്യ' എന്നീ അർത്ഥങ്ങളാണുള്ളത്.

### ഉപസംഹാരം

മതസാഹിത്യങ്ങളിൽ തെളിവുകളില്ലാത്തതിനാൽ ഈ പ്രതീകത്തെ

***(ശേഷം 41- ൽ)***

# പ്രസിദ്ധീകരണരംഗത്തെ മുന്നേറ്റം

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)

ഇപ്രകാരം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മിഷൻഹൗസുകളും സെന്ററുകളും സ്ഥാപിച്ചുവരുന്ന മറ്റൊരുപാട് രാഷ്ട്രങ്ങളുമുണ്ട്.

## പ്രിന്റിംഗ് പ്രസ്സ്

റഖീം പ്രസ്സ് ഇവിടെയും ഇതേപേരിൽ ആഫ്രിക്കൻ രാഷ്ട്രങ്ങളിലും പ്രവർത്തിച്ചുവരുന്നുണ്ട്. യു.കെയിലെ പ്രസ്സിന്റെ മേൽനോട്ടത്തിലാണ് ഇവയുടെ പ്രവർത്തനം നടക്കുന്നത്. എട്ടു രാഷ്ട്രങ്ങളിൽ ഈ പ്രസ്സ് ഇപ്പോൾ സ്ഥാപിതമായിക്കഴിഞ്ഞു. ഘാന, നൈജീരിയ, തൻസാനിയ, സിറാലിയോൺ, ഐവറികോസ്റ്റ്, കെനിയ, ഗാമ്പിയ, ബുർക്കിനാഫാസോ. ഇതിൽ ഒരിടത്ത് ഇപ്പോൾ പ്രസ്സ് സ്ഥാപിച്ചുവരുന്നു. മറ്റുള്ള എല്ലായിടത്തും തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിന്റെ സാഹിത്യങ്ങളെല്ലാം അച്ചടിക്കുന്നത് നമ്മുടെ പ്രസ്സിൽത്തന്നെയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: മറ്റു ജനങ്ങളും അച്ചടിശാലകൾ പ്രയോജനപ്പെടുത്താറുണ്ട്. പക്ഷേ, അവരുടെ ഉദ്ദേശ്യം ഭൗതികവും നിലനില്ക്കാത്തതുമാണ്. എന്നാൽ, നമ്മുടേത് ദീനീപരമായ ഉദ്ദേശ്യങ്ങളാണ്. അതുകൊണ്ട് ഇക്കാലത്തെ അത്ഭുതങ്ങളിൽപ്പെട്ട ഈ അച്ചടിശാലകൾ വാസ്തവത്തിൽ നമുക്കുവേണ്ടിയുള്ള സേവകരാണ്."

വിവിധ സ്ഥലങ്ങളിൽ അച്ചടിശാലകൾ നടത്താൻ അല്ലാഹു നമുക്ക് സൗഭാഗ്യം നല്കി. ബുർക്കിനാഫാസോയിൽ പുതിയതായി തുടങ്ങിയ പ്രസ്സിന്റെ പേര് നൂറുൽ ഇസ്‌ലാം പ്രിന്റിംഗ് പ്രസ്സ് എന്നാണ്. അവിടുത്തെ പ്രിന്റിംഗ് വളരെ നല്ല നിലവാരത്തിലുള്ളതാണ്. അതുകൊണ്ട് മറ്റു കമ്പനിക്കാർ അവരുടെ അച്ചടിജോലികളും ഈ പ്രസ്സിൽനിന്ന് ചെയ്യിക്കാൻ തുടങ്ങിയിരിക്കുന്നു. ഫ്രാൻസിന്റെ ഒരു കമ്പനിയായ എയർഫ്രാൻസ് ഡയരക്ടർ ജമാഅത്തിനയച്ച ഒരു കത്തിൽ എഴുതി: "ബുർക്കിനാഫാസോയിൽ ഈ നിലവാരത്തിലുള്ള അച്ചടി ജോലി നടക്കുമെങ്കിൽ, ഇനി ഞങ്ങൾക്ക് പാരീസിൽ പോകേണ്ട ആവശ്യമില്ല.'' ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരുടെ എല്ലാ ജോലികളും നമ്മുടെ പ്രസ്സിൽനിന്നാണ് ചെയ്യിക്കുന്നത്. ഇതുമുഖേന ബന്ധങ്ങളും വർദ്ധിക്കുന്നു. അത്തഖ്‌വായും, ഫ്രഞ്ചുഭാഷയിലുള്ള റിവ്യൂ ഓഫ് റിലീജിയൻസും ഇവിടെനിന്നാണ് പ്രസിദ്ധീകരിക്കുന്നത്. ഘാനയിൽ, പ്രസ്സിന്റെ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി. പുതിയ പ്രിന്റിംഗ് മിഷ്യൻ വന്നുകഴിഞ്ഞു. ഗാമ്പിയായിലും പ്രസ്സ് പ്രവർത്തിച്ചുവരുന്നു. സിറാലിയോണിലെ നമ്മുടെ പ്രസ്സിൽനിന്ന് യുനിസെഫ് കുട്ടികൾക്കായുള്ള നിരവധി പുസ്തകങ്ങൾ അച്ചടിച്ചു. ഐവറികോസ്റ്റിലെ പ്രസ്സും മാശാഅല്ലാഹ്, രാജ്യത്തിന്റെ അവസ്ഥ മോശമായിട്ടും വളരെ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. ഫ്രഞ്ചുഭാഷയിലുള്ള റിവ്യൂ ഓഫ് റിലീജ്യൻസ് ഇവിടെനിന്നുമാണ് പ്രസിദ്ധീകരിക്കുന്നത്. അബീജാനിൽ രസകരമായ ഒരു സംഭവം നടന്നു. "ക്രിസ്ത്യാനി നടത്തുന്ന വലിയൊരു പ്രസ്സുണ്ടിവിടെ. ലെൻതരേ എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹം എന്തോ ജോലിയാവശ്യാർത്ഥം നമ്മുടെ പ്രസ്സിൽ വന്നു. ആ നേരത്ത് നമ്മുടെ പ്രസ്സിൽ Where did Jesus die എന്ന പുസ്തകത്തിന്റെ ഫ്രഞ്ചുഭാഷയിലുള്ള വിവർത്തനത്തിന്റെ പ്രിന്റിംഗ് നടന്നുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം ആ വിഷയം ഒന്ന് ഓടിച്ചുനോക്കി. പിന്നീട്, മാൻസ്ക്രിപ്റ്റ് വായിക്കാൻ ആഗ്രഹം പ്രകടിപ്പിച്ചു. അതു മുഴുവനും വായിച്ചു. എന്നിട്ട് പറഞ്ഞു: ഈ പുസ്തകം അച്ചടിക്കാനുള്ള പേപ്പർ മാത്രം നിങ്ങളെടുത്താൽമതി, ബാക്കിവരുന്ന ചെലവുകളെല്ലാം ഞാൻ വഹിക്കുന്നതാണ്. ഞാനിത് അയ്യായിരം കോപ്പി പ്രസിദ്ധപ്പെടുത്താനാണ് ആഗ്രഹിക്കുന്നത്; എന്റെ ക്രിസ്തീയ സുഹൃത്തുക്കളെ ഇതിലൂടെ കൊല്ലാൻ ഞാനാഗ്രഹിക്കുന്നു. നൈജീരിയായിലെ പ്രസ്സും അഭിവൃദ്ധിപ്പെട്ടിട്ടുണ്ട്.

## പ്രസിദ്ധീകരണങ്ങൾ

പ്രസിദ്ധീകരണവിഭാഗത്തിന്റെ പ്രവർത്തനഫലമായി നടപ്പുവർഷം ബുർക്കിനാഫാസോയിലെ 'വേരെ' ഭാഷയിൽ വിശുദ്ധഖുർആന്റെ തർജമ പ്രസിദ്ധീകരിക്കാൻ അല്ലാഹു സൗഭാഗ്യം നല്കി. ഇപ്രകാരം ഗാമ്പിയായിലെ മൂന്നു ഭാഷകളിലും വിശുദ്ധ ഖുർആൻ പ്രസിദ്ധീകരിച്ചു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൊത്തം 64 ഭാഷകളിൽ നാം വിശുദ്ധഖുർആന്റെ തർജമ പുറത്തിറക്കിക്കഴിഞ്ഞു. 'വേരെ' ഭാഷയിൽ ആദ്യത്തെ ഖുർആൻ വിവർത്തനമാണ് നമ്മൾ പ്രസിദ്ധീകരിച്ചത്. ഇത് പൂർത്തിയാക്കാൻ 10,12 വർഷം വേണ്ടിവന്നു. ബുർക്കിനാഫാസോയിലെ ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിൻസിപ്പാൾ പുനഃപരിശോധന നടത്തുകയും

അങ്ങനെ ഇതിൽ ഒരുപാട് സഹായി ക്കുകയും ചെയ്തു. ഇപ്രകാരംതന്നെ വിദ്രാഗു കരീം സാഹിബ്, അൽഹാജ് വിദ്രാഗു ജിബ്‌രായീൽ സാഹിബ്, സോനു സൽഫ്സാഹിബ്, സോൻസു സയീഫുൻ സാഹിബ്, അബ്ദുർറ സ്സാഖ് സാഹിബ്, അൽഹാജ് ഖാസിം സാൻഫുസാഹിബ് തുടങ്ങിയവ രെല്ലാം ഈ തർജമ പുറത്തിറക്കാൻ വലിയ സഹായമാണ് ചെയ്തത്.

ഇൻഡോനേഷ്യൻ ഭാഷയായ ജാഗനീസിൽ, ആദ്യത്തെ പത്തു ജുസുവിന്റെ തർജമയടങ്ങുന്ന ഒന്നാം വാള്യവും തായ്‌ലാന്റിലെ ഭാഷയായ തായിയിൽ ആദ്യത്തെ 20 ജുസുവിന്റെ തർജമയടങ്ങുന്ന രണ്ടാംവാള്യവും പ്രസിദ്ധീകരിച്ചുകഴിഞ്ഞു. മ്യാൻമാറിലെ ഭാഷയായ ബൊർമിയിൽ ആദ്യത്തെ പത്തു ജുസുവിന്റെ തർജമ ഇറങ്ങിക്കഴിഞ്ഞു. ഇതിനുപുറമെ 18 ഭാഷകളിൽ വിശുദ്ധഖുർആന്റെ തർജമ തയ്യാറായിട്ടുണ്ട്. വിവിധ ഘട്ട ങ്ങളിലൂടെ അത് കടന്നുവരുന്നു. ചില തിന്റെ പുനഃപരിശോധന നടക്കുന്നു. അറബിമൂലം തുടങ്ങിയവ പേസ്റ്റു ചെയ്തുവരുന്നു. ഇൻശാഅല്ലാഹ് ഇവ എത്രയും വേഗം പ്രസിദ്ധീകരി ക്കുന്നതാണ്. ഇതിനുപുറമെ, 11 ഭാഷ കളിൽ വിശുദ്ധഖുർആന്റെ തർജമ നട ന്നുവരുന്നു. നടപ്പുവർഷം വിശുദ്ധഖുർ ആന്റെ റഷ്യൻഭാഷയിലുള്ള വിവർത്ത നവും പുനഃപ്രസിദ്ധീകരിച്ചിരുന്നു. മുമ്പേ ഈ തർജമ പ്രസിദ്ധീകരിച്ചിരു ന്നതാണ്. പക്ഷേ, ഇപ്പോൾ ഖലീഫ ത്തുൽ മസീഹ് റാബി(റഹ്)ന്റെ തർജ മയിൽനിന്നും ചിലതെടുത്തു ചേർത്തി ട്ടുണ്ട്. മുബല്ലിഗ് സാഹിബിനോടൊപ്പം നമ്മുടെ റഷ്യൻ മുഅല്ലിം റുസ്തം ഹസാദ് ഒലി സാഹിബും, റാവേൽ ബുഖാരി സാഹിബും ഇതിനുവേണ്ടി പ്രവർത്തിക്കുന്നു.

ഇപ്രകാരംതന്നെ വിവിധ ഭാഷ കളിൽ സാഹിത്യങ്ങളും ലഘുലേഖ കളും പ്രസിദ്ധീകരിച്ചു. അൽവസിയ്യ ത്തിന്റെ തർജമ, നോർവീജിയൻ ഭാഷ യിലും ബർവി ഭാഷയിലും പ്രസിദ്ധീ കരിച്ചു. പത്തുഭാഷകളിൽ ഇപ്പോൾ അൽവസിയ്യത്തിന്റെ തർജമ പുറത്തു വന്നുകഴിഞ്ഞു.

ബയ്അത്ത് നിബന്ധനകളെക്കു റിച്ച് ഞാൻ ചെയ്ത ഖുത്ബകൾ ഈ വർഷം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ ഇംഗ്ലീഷ് തർജമയും പൂർത്തിയായിക്ക ഴിഞ്ഞു. ഫ്രഞ്ചുഭാഷയിലും ഇപ്പോൾ പ്രസിദ്ധീകരിക്കുന്നു.

ഡാനിഷ് പത്രങ്ങളിലും എന്റെ ഖുത്ബകൾ വന്നിരുന്നു. അതിന്റെ തർജമയും അറബി, ഫ്രാൻസീസി, ഫ്രഞ്ച് ഭാഷകളിൽ പ്രസിദ്ധീകരിച്ചു.

എസ്സൻസ് ഓഫ് ഇസ്‌ലാം, വാള്യം 5, ദാവൂദ് അഹ്മദ് സാഹിബ് തയ്യാറാക്കിയ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ) സ്വന്തം തൂലികയിലൂടെ എന്ന ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് തർജമയാണിത്. ഈ വാള്യ ത്തിൽ മുഅ്ജിസാത്, ദൃഷ്ടാന്തങ്ങൾ, പ്രവചനങ്ങളെക്കുറിച്ചുള്ള ഉദ്ധരണി കൾ ചേർത്തിരിക്കുന്നു. ഇത് ഇംഗ്ലീ ഷിലേക്ക് ഭാഷാന്തരം ചെയ്തത് ഡാക്ടർ സലീമുർറഹ്മാനാണ്. ചൗദ്രി മുഹമ്മദ് അലി സാഹിബിന്റെ മേൽനോട്ടത്തിലാണ് ഇതിന്റെ പുനഃ പരിശോധന നടന്നത്. ഉടനെ പ്രസി ദ്ധീകരിക്കുന്നതാണ്.

ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ ഗ്രന്ഥമായ 'ലക്ചർ സിയാൽക്കോട്ട്' എന്ന ഉർദു ഗ്രന്ഥത്തിന്റെ ഇംഗ്ലീഷ് തർജമ പ്രസിദ്ധീകരിച്ചു. 1904 നവം ബർ 2-ന് സിയാൽക്കോട്ടിലെ ഹിന്ദു ക്കളും മുസ്‌ലിംകളും പങ്കെടുത്ത ഒരു യോഗത്തിൽ വായിക്കപ്പെട്ടതാണ് ഈ ഗ്രന്ഥം. ഇസ്‌ലാമിനെ മറ്റു മതങ്ങളു മായിട്ട് താരതമ്യം ചെയ്തുകൊണ്ടുള്ള ഗ്രന്ഥമാണിത്.

ഹദ്റത്ത് മസീഹ് മൗഊദി (അ) ന്റെ ഗ്രന്ഥങ്ങളായ സരൂരത്തുൽ ഇമാം, എക് ഗല്തീ കാ ഇസാല, മിഅ്യാ റുൽ മദാഹിബ്, ബർക്കാത്തുദ്ദുആ എന്നിവയുടെ ഇംഗ്ലീഷ് പരിഭാഷ പൂർത്തിയായികഴിഞ്ഞിരിക്കുന്നു. പേ ഗാമെ സുൽഹ് എന്ന ഗ്രന്ഥം പുനഃ തർജമ ചെയ്തുകഴിഞ്ഞിരിക്കുന്നു. ഇസ്‌ലാം റെസ്പോൺസ് ടു കണ്ട മ്പ്രറി ഇഷ്യൂസ് നാലാംപതിപ്പ് മനോ ഹരമായ നിലയിൽ പ്രസിദ്ധീകരിച്ചിരി ക്കുന്നു. ഈ മേശപ്പുറത്തിരിക്കുന്ന എല്ലാ ഗ്രന്ഥങ്ങളും ഈ വർഷം പ്രസി ദ്ധീകരിച്ചതാണ്.

അഹ്മദിയ്യാ ജമാഅത്തിന്നെതി രിൽ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങൾക്ക് ഹദ്റത്ത് ഖലീഫത്തുൽ റാബിഅ് (റഹ്) ഖുത്ബകളിലൂടെ കൊടുത്ത മറുപടിയാണ് 'ഖിർതാസെ അബ്യള്' എന്ന് പേരിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഇതിന്റെ ഇംഗ്ലീഷ് പരിഭാഷ നടന്നു കൊണ്ടിരിക്കുകയാണ്. ഇതിന്റെ കുറച്ച് ഭാഗം മുമ്പേ പ്രസിദ്ധീകരിച്ചി ട്ടുള്ളതാണ്. ഇപ്പോൾ നാല് ഖുത്ബ കളുടെ പരിഭാഷകൂടി പുറത്തിറക്കി. അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തും ഇന്ത്യയിലെ മുസ്‌ലിംകളും, അഹ്മ ദിയ്യ മുസ്‌ലിംജമാഅത്തും കാശ്മീരി ന്റെയും പാലസ്തീനിന്റെയും സ്വാത ന്ത്ര്യവും തുടങ്ങിയത് അതിൽ ചില താണ്. ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ഉർദു ഗ്രന്ഥ മായ 'ഹമാരാ ഖുദാ'യുടെ ഇംഗ്ലീ ഷ്തർജമ പ്രസിദ്ധീകരിച്ചു, Our God. ഇതിന്റെ തർജമ അത്ര നിലവാരം പുലർത്തുന്നതല്ല. തല്ക്കാലം നമ്മൾ പ്രസിദ്ധീകരിച്ചുവെന്നേയുള്ളൂ. ഇതി ന്റെ പുനഃപരിശോധന നടന്നുവരു ന്നുണ്ട്. അത് തീർന്നാൽ വീണ്ടും പ്രസിദ്ധീകരിക്കുന്നതാണ്. ദൈവാ സ്തികൃത്തിനുള്ള തെളിവുകളും നിരീ ശ്വരവാദത്തെ ഖണ്ഡിച്ചുകൊണ്ടുള്ള ബുദ്ധിപരമായ തെളിവുകളുമാണ് ഇതിൽ നല്കപ്പെട്ടിട്ടുള്ളത്. ചെറുപ്പ ക്കാർക്ക് അത്യാവശ്യമായിട്ടുള്ള കാര്യ ങ്ങളാണിതിലുള്ളത്. ഈ ഗ്രന്ഥം തീരെ കഴിഞ്ഞുപോയിരുന്നു. അതാ ണിപ്പോൾ പുനഃപ്രസിദ്ധീകരിച്ചത്.

സൽമാൻ റുഷ്ദിയുടെ സാത്താ നിക് വേർസസിന് മറുപടി Rushdi haunted by his unholy verse ഒരു അധ്യായത്തിന്റെ വർദ്ധനവോടെ പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)ന്റെ റെവലേശൻ എന്ന ബൃഹ ത്ഗ്രന്ഥത്തിന്റെ ഉർദു തർജമ, 'ഇൽ ഹാം അഖൽ ഇൽമ് ഔർ സച്ചായി' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതും വായിച്ചിരിക്കേണ്ട ഗ്രന്ഥമാണ്.

**Revelation Rationality Knowledge and Truth**

**വിവ: മുഹമ്മദ് ഇസ്മായിൽ എച്ച്.എ.**

ലേഖനം

(കഴിഞ്ഞലക്കത്തിൽ നിന്ന് തുടർച്ച)

# ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് (റ)

**മൗലാനാ അത്താഉൽ മുജീബ് റാശിദ്**

**ലണ്ടൻ പള്ളി ഇമാം.**

**ബോ**ംബെയിൽ നിന്ന് കപ്പൽ കയറിയ ഉടനെത്തന്നെ അദ്ദേഹം തന്റെ പ്രചാരണപ്രവർത്തനമാരംഭിച്ചു. ഒരു ഇംഗ്ലീഷുകാരൻ മൂന്നു ദിവസങ്ങൾകൊണ്ടുതന്നെ ഇസ്‌ലാം സ്വീകരിച്ചു. അദ്ദേഹത്തിന്റെ കപ്പൽയാത്രയ്ക്കിടയിൽ വേറെയും 'ബൈഅത്തു' കളുണ്ടായി: ആത്മാർത്ഥതയുള്ള ഓരോ 'ദായീ ഇലല്ലാഹ്' യേയും (ദൈവത്തിലേക്ക് വിളിക്കുന്ന ആൾ) അല്ലാഹുവിന്റേ ദൃഷ്ടാന്തങ്ങളും വിജയവും പിന്തുണയ്ക്കുന്നു. ഹദ്റത്ത് മുഫ്തി സാഹിബ് ജീവിതം മുഴുവൻ ഇത്തരം ദൃഷ്ടാന്തങ്ങൾക്ക് സാക്ഷിയായിരുന്നു. കപ്പൽ യാത്രയ്ക്കിടയിൽ ഹദ്റത്ത് മുഫ്തി സാഹിബിന് പണത്തിന്റെ ആവശ്യം നേരിട്ടു. അല്ലാഹുവല്ലാതെ മറ്റൊരു സുഹൃത്തും അദ്ദേഹത്തിന്റെ സഹായത്തിന് കപ്പലിൽ ഉണ്ടായിരുന്നില്ല. അടുത്ത തുറമുഖത്തെത്തിയപ്പോൾ ഒരഹ്മദീ സുഹൃത്ത് പെട്ടെന്ന് അദ്ദേഹത്തെ കാണാൻ വരികയും തിരിച്ചുപോകുന്നതിനു മുമ്പ് കുറച്ചു പണം അദ്ദേഹത്തിന്റെ കീശയിലിടുകയും ചെയ്തു. അത് ഹദ്റത്ത് മുഫ്തി സാഹിബിനാവശ്യമായ കൃത്യം തുകയായിരുന്നു.

യാത്രയുടെ തുടക്കത്തിൽ തന്നെ താൻ ലക്ഷ്യസ്ഥാനത്ത് സുരക്ഷിതനായി എത്തുമെന്ന സുവിശേഷം മുഫ്തി സാഹിബിന് അറിയിക്കപ്പെട്ടിരുന്നു. അദ്ദേഹം യാത്ര ചെയ്തിരുന്ന കപ്പൽ മുങ്ങാൻ പോകയാണെന്ന മുന്നറിയിപ്പുണ്ടായി. കപ്പലിനകത്ത് വിലാപങ്ങൾ മുഴങ്ങി. ഓരോ യാത്രക്കാരനും ദുഃഖപരവശനായി. ചെറിയ സുരക്ഷാബോട്ടുകളിൽ സീറ്റു നൽകുന്നതിൽ ആർക്കാണ് മുൻഗണന വേണ്ടതെന്ന കാര്യത്തിൽ തർക്കമുണ്ടായി. സുരക്ഷാബോട്ടിൽ തനിക്ക് നൽകപ്പെട്ട സീറ്റ് ഹദ്റത്ത് മുഫ്തി സാഹിബ് മറ്റൊരാൾക്ക് നൽകുകയും ഓരോ യാത്രക്കാരനേയും സാന്ത്വനപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തു. വാഗ്ദത്ത മസീഹി(അ)ന്റെ ഒരെളിയ ദാസൻ കപ്പലിൽ യാത്ര ചെയ്യുന്നതിനാൽ കപ്പൽ മുങ്ങിപ്പോകുകയില്ലെന്ന് ദൈവം തന്നോടു പറഞ്ഞിരിക്കുന്നുവെന്നും അതിനാൽ ആരും ഭയപ്പെടേണ്ടതില്ലെന്നും ഹദ്റത്ത് മുഫ്തി സാഹിബ് എല്ലാവരേയും അറിയിച്ചു. ഇസ്‌ലാമിനനുകൂലമായ വ്യക്തമായ ഒരു ദൃഷ്ടാന്തമായിരുന്നു അത്, അതേപോലെ തബ്‌ലീഗിനുവേണ്ടി ദൈവം നൽകിയ ഒരവസരവും.

ഒരു വിജയശാലിയായ 'ദായി ഇലല്ലാഹ്' എന്ന നിലയിൽ ഹദ്റത്ത് മുഫ്തി സാഹിബ് തനിക്ക് ലഭിക്കുന്ന ഓരോ അവസരവും പൂർണ്ണമായും വിനിയോഗിക്കുമായിരുന്നു. തബ്‌ലീഗിനുള്ള പുതിയ വഴികൾ അദ്ദേഹം ബുദ്ധിപൂർവ്വം കണ്ടെത്തിയിരുന്നു. ഒരു തുറന്ന ജാഥയിൽ കുതിരപ്പുറത്ത് സഞ്ചരിക്കുകയായിരുന്ന ഇംഗ്ലണ്ടിലെ രാജാവ് ജിജ്ഞാസപൂർവ്വം ഹദ്റത്ത് മുഫ്തി സാഹിബിനെ നോക്കിയപ്പോൾ അദ്ദേഹം രാജാവിന് 'താങ്കൾക്ക് നന്ദി' എന്നെഴുതിയ ഒരു കത്ത് നൽകി. ലണ്ടൻ പാർക്കിൽ ഒരു പ്രഭാഷകൻ തന്നോട് ചോദ്യങ്ങൾ ചോദിക്കാൻ ശ്രോതാക്കളോടാവശ്യപ്പെട്ടപ്പോൾ ഹദ്റത്ത് മുഫ്തി സാഹിബ് ചോദ്യങ്ങൾ ചോദിച്ചു. വിവിധ ചർച്ചുകളിലെ പൊതുയോഗങ്ങളിൽ അദ്ദേഹം സംബന്ധിക്കുകയും ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയും ചെയ്തു. ഇസ്‌ലാമിനെക്കുറിച്ച് അദ്ദേഹം പ്രഭാഷണങ്ങൾ നടത്തുകയും സംവാദങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. സമ്പന്നരേയും ദരിദ്രരേയും അദ്ദേഹം ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. നൂറുകണക്കിൽ നല്ല ആത്മാക്കൾ അഹ്മദിയ്യത്ത് സ്വീകരിച്ചു.

ഹദ്റത്ത് മുഫ്തി സാഹിബിന്റെ അടുത്ത പ്രവർത്തനരംഗം അമേരിക്കൻ ഐക്യനാടുകളായിരുന്നു. 1920ൽ അദ്ദേഹം അമേരിക്കയിലേക്ക് കപ്പൽ കയറി.

അദ്ദേഹം അതിമഹത്തായ ഒരു ദൃഷ്ടാന്തത്തിന് സാക്ഷിയായി. കപ്പൽ അതിഭയാനകമായ ഒരു കൊടുങ്കാറ്റിൽപ്പെട്ടു. കപ്പൽ മുങ്ങിപ്പോകുമെന്ന ഭയത്താൽ യാത്രക്കാർ വിലപിക്കുവാൻ തുടങ്ങി. കപ്പൽ കലിപൂണ്ട തിരമാലകളുടെ ദാക്ഷിണ്യത്തിലായപ്പോൾ മുഹമ്മദീ മസീഹിന്റെ ധീര പോരാളിയായ ഹദ്റത്ത് മുഫ്തി സാഹിബ്, സമുദ്രത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രൗഢമായ സ്വരത്തിൽ പറഞ്ഞു: 'അല്ലയോ സമു

ദ്രമേ, നിന്റെ മീതെ വാഗ്ദത്ത മസീഹിന്റെ ഒരു ദാസൻ യാത്ര ചെയ്യുന്നുവെന്ന കാര്യം നിനയ്ക്കറിയില്ലേ? അത് വ്യക്തിപരമായ ആവശ്യത്തിനല്ല. അല്ലാഹുവിന്റെ ഇസ്ലാമിന്റെ സേവനാർത്ഥമാണ്. അപ്പോൾ നീ അവനെ ഉപദ്രവിക്കുമോ?' (അൽ-ഫസ്ൽ ജനുവരി 11, 1924).

വാഗ്ദത്ത മസീഹി(അ)ന്റെ ഒരു സാധാരണ സേവനകനായ താൻ സർവ്വശക്തനായ അല്ലാഹുവിന്റെ കാരുണ്യത്തിന്റേയും സ്നേഹത്തിന്റെയും ദൃഷ്ടാന്തം കണ്ടിട്ടുണ്ടെന്ന് ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് വിവരിക്കുന്നു: 'എന്റെ വിനീതമായ ദുആ അല്ലാഹു കേട്ടു. അനിയന്ത്രിതമായ സമുദ്രത്തിലെ തിരമാലകളെ ശാന്തമാക്കാൻ ദൈവത്തിന്റെ മലക്കുകൾ ഇറങ്ങുകയായിരുന്നുവെന്ന് എനിക്കു തോന്നി.'

അമേരിക്കയിൽ ഹദ്റത്ത് മുഫ്തി സാഹിബിന് വളരെ തിരക്കുപിടിച്ച ഒരു പരിപാടിയായിരുന്നു. നിരവധി വെല്ലുവിളികളും ബുദ്ധിമുട്ടുകളും അദ്ദേഹത്തിനു നേരിടേണ്ടി വന്നു. അതേ സമയം അല്ലാഹുവിന്റെ പിന്തുണയുടേയും അനുഗ്രഹങ്ങളുടേയും തിളക്കമാർന്ന ദൃശ്യങ്ങൾക്ക് സാക്ഷിയാവാനും സാധിച്ചു. അദ്ദേഹത്തിന്റെ കപ്പൽ ഫിലഡൽഫിയയിൽ നങ്കൂരമിട്ടപ്പോൾ യു.എസ്. സർക്കാർ അദ്ദേഹത്തിന് പ്രവേശനം നിഷേധിച്ചു. രണ്ടുമാസം വൈകിയശേഷം അദ്ദേഹത്തിന് പ്രവേശനാനുമതി നൽകി. ഇക്കാര്യത്തിന് വിപുലമായ പ്രസിദ്ധീകരണം കിട്ടി. മാദ്ധ്യമങ്ങളിലൂടെ ഇതു വെളിപ്പെട്ടപ്പോൾ അദ്ദേഹത്തിന് പ്രബോധനത്തിനുള്ള അവസരം കിട്ടി. ഉടൻ ഫലങ്ങളുളവാക്കിക്കൊണ്ട് അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നൽകി.

അല്ലാഹുവിന്റെ സഹായം കൊണ്ടും തന്റെ പ്രസന്നതകൊണ്ടും തുടക്കത്തിൽ നിരവധി കടമ്പകൾ അതിജീവിക്കാൻ മുഫ്തി സാഹിബിന് സാധിച്ചു. ഈ ആദ്യകാലങ്ങളെക്കുറിച്ച് ഹദ്റത്ത് മുഫ്തി സാഹിബ് എഴുതി: മിക്കവാറും എല്ലാ രാത്രികളിലും ഞാൻ വാഗ്ദത്ത മസീഹി(അ)നേയോ ഒന്നാം ഖലീഫ(റ)യേയോ രണ്ടാം ഖലീഫ (റ)യേയോ കണ്ടുമുട്ടിയിരുന്നു. രാത്രിയിൽ ഞാൻ എന്റെ കുടുംബത്തോടൊപ്പമാണ്. പകലുകൾ അപരിചിതരുടെ കൂടെയാണ് ചെലവഴിച്ചിരുന്നത്. (അൽ-ഫസ്ൽ ഏപ്രിൽ 29, 1920)

ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് മാതൃകായോഗ്യനായ ദായീ ഇലല്ലാഹ് പ്രബോധകനായിരുന്നു. അദ്ദേഹം അമേരിക്കയിലെ തെരുവീഥികളിൽ കൂടി നടന്നുപോകുമ്പോൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലും വേഷവിധാനത്തിലും ആകൃഷ്ടരായി സ്ത്രീകളും പുരുഷന്മാരും നില്ക്കും, എന്നിട്ട് പറയുമായിരുന്നു: 'നോക്കൂ: യേശുക്രിസ്തു വന്നിരിക്കുന്നു' ഈ കമന്റ് അദ്ദേഹത്തിന്റെ പ്രബോധനത്തിന് തുടക്കം കുറിച്ചു. താൻ യേശുക്രിസ്തു വല്ലെന്നും വാഗ്ദത്ത് മസീഹി(അ)ന്റെ ഒരു സാധാരണ സേവകനാണെന്നും മുഫ്തി സാഹിബ് വിവരിച്ചുകൊടുക്കുമായിരുന്നു.

ഹദ്റത്ത് മുഫ്തി സാഹിബ് വളരെ വിജയകരമായ നിലയിൽ ന്യൂയോർക്കിലും, ഫിലഡൽഫിയയിലും ചിക്കാഗോയിലും പ്രബോധനകേന്ദ്രങ്ങൾ സ്ഥാപിച്ചു. അങ്ങനെ യഥാർത്ഥ ഇസ്ലാമിന്റെ സന്ദേശം വ്യക്തിപരമായ നിലയിലും കൂട്ടായ നിലയിലും എത്തിച്ചു. അദ്ദേഹം വർത്തമാനപ്പത്രങ്ങളിൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. പരസ്യങ്ങൾ മുഖേനയും വ്യക്തിപരമായ കത്തുകൾ മുഖേനയും ജനങ്ങളിൽ എത്തി. വിപുലമായ നിലയിൽ ഇസ്ലാമിനെക്കുറിച്ച് പ്രഭാഷണങ്ങൾ നടത്തി. അമേരിക്കയിൽ 'ദി മുസ്ലിം സൺറൈസ്' എന്ന പേരിൽ ജേർണൽ ആരംഭിച്ചു. അദ്ദേഹത്തിന്റെ കാലത്ത് ചിക്കാഗോയിൽ ആദ്യത്തെ അഹ്മദിയ്യാ പള്ളി നിർമ്മിക്കപ്പെട്ടു.

അദ്ദേഹത്തിന്റെ സേവനത്തിനുള്ള അംഗീകാരമായി അദ്ദേഹത്തിന് ഡോക്ടറേറ്റ് നല്കപ്പെട്ടു. ഒരു മുസ്ലിം നേതാവ് "നവീനയുഗത്തിലെ ഖാലിദ്" എന്നദ്ദേഹത്തെ അഭിധാനം ചെയ്തു. ആദ്യമായി അമേരിക്കയിലെത്തിയപ്പോൾ അദ്ദേഹത്തിന് പ്രവേശനം നിഷേധിക്കപ്പെടുകയുണ്ടായെങ്കിലും അദ്ദേഹം സ്വഗൃഹത്തിലേക്ക് മടങ്ങുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ സേവനങ്ങൾ നിരവധി വാർത്താപത്രങ്ങൾ വിലമതിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വിശ്വാസത്തിലേക്ക് വിളിക്കുന്ന അർപ്പണം ചെയ്ത ഒരാൾ, വിനീതനായി നിലകൊള്ളുന്നു. തനിക്ക് ലഭിച്ച വിജയം തന്റെ അറിവുകൊണ്ടോ വ്യക്തിപരമായ പരിശ്രമം കൊണ്ടോ ആണെന്ന് അയാൾ പറയുകയില്ല. ഒരു യഥാർത്ഥ വിശ്വാസിയും അർപ്പണം ചെയ്ത സേവകനും ആയ ഹദ്റത്ത് മുഫ്തി സാഹിബ് വളരെ താഴ്മയോടെ, അല്ലാഹു ചെയ്ത അനുഗ്രഹങ്ങൾക്ക് കൃതജ്ഞത പ്രകടിപ്പിച്ചു. അദ്ദേഹം അമേരിക്കയിൽ മതപരമായ ഒരു വിപ്ലവം തന്നെ പരിചയപ്പെടുത്തി നൂറുക്കണക്കിൽ വ്യക്തികൾക്ക് ഇസ്ലാമിലേക്കുള്ള പ്രവേശനം സുഗമമാക്കുകയും ചെയ്തു. കപ്പൽ പുറപ്പെടാറായപ്പോൾ അദ്ദേഹത്തിന്റെ നയനങ്ങളിൽ അശ്രുകണങ്ങൾ ഉരുണ്ടുകൂടിയത് അവിടം വിട്ടുപോകുവാൻ ആഗ്രഹിക്കാത്തതുകൊണ്ടായിരുന്നില്ല. വളരെ എളിമയോടെ സർവ്വശക്തനായ ദൈവത്തിന്റെ സവിധത്തിൽ അദ്ദേഹം കരഞ്ഞു. അദ്ദേഹം എഴുതി: 'എനിക്ക് ഭരമേല്പിക്കപ്പെട്ട കർത്തവ്യത്തോടെനിക്ക് നീതി പുലർത്താൻ സാധിച്ചിട്ടില്ല. എന്റെ സേവനത്തിലുള്ള വീഴ്ച ഞാൻ സമ്മതിക്കുന്നു.' (അൽ-ഫസൽ ഒക്ടോബർ 30, 1923)

വിജയകരമായ ദൗത്യത്തിനു ശേഷം ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബ് ഖാദിയാനിലേക്ക് മടങ്ങി. തനിക്ക് സർവ്വശക്തനായ ദൈവത്തിൽ ഉറച്ച വിശ്വാസമുണ്ടായിരുന്നുവെന്നും അവൻ തന്റെ ദാസന്മാർക്കുവേണ്ടി അത്ഭുതങ്ങൾ കാണിക്കുന്നുവെന്നും ഹദ്റത്ത് മുഫ്തി സാഹിബ് പറയാറുണ്ടായിരുന്നു: 'ഏതായാലും ഇത് എന്റെ അത്ഭുതമല്ല. നമ്മുടെ നേതാവായ ഹദ്റത്ത് മഹ്മൂദി(റ)ന്റെ അത്ഭുതമാണ്. അദ്ദേഹത്തിന്റെ ഉറച്ച തീരുമാനമാണ് എന്റെ

ദൌത്യം നിറവേറ്റാൻ എന്നെ പ്രാപ്ത നാക്കിയത്. അദ്ദേഹത്തിന്റെ തീരുമാനവും ശ്രദ്ധയും പ്രാർത്ഥനകളും അദ്ദേഹത്തിലും നമ്മളിലും ഇറങ്ങിയ ദൈവികാനുഗ്രഹങ്ങളും മുഖേനയാണ് വിജയം വന്നത്' (അൽഫസൽ, ഡിസമ്പർ 4, 1923)

### ഹദ്റത്ത് ഡോ. മുഫ്തി മുഹമ്മദ് സാദിഖ് സാഹിബിന്റെ അനുഗൃഹീതജീവിതം

ഇസ്‌ലാമിക സേവനത്തിനായി അർപ്പണം ചെയ്ത ഹദ്റത്ത് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബിന്റെ ജീവിതം അനുഗൃഹീതമായിരുന്നു. അദ്ദേഹം വാഗ്ദത്ത മസീഹി (അ)ന്ന് വളരെ പ്രിയങ്കരനും ആ മഹാത്മാവിനോട് വളരെ അടുപ്പത്തിലുമായിരുന്നു. വളരെ വിജയകരമായ നിലയിൽ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാമിന്റെ സന്ദേശം ഇന്ത്യയിലും ബ്രിട്ടനിലും അമേരിക്കയിലും അദ്ദേഹം പ്രബോധനം ചെയ്തു. 1923 അവസാനത്തിൽ അദ്ദേഹം അമേരിക്കയിൽ നിന്ന് ഖാദിയാനിൽ തിരിച്ചെത്തിയ ശേഷം തർബ്ബിയത്തീ തബ്‌ലീഗി പ്രവർത്തനങ്ങൾ തുടർന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ്സ്സാനി(റ)യുടെ പ്രൈവറ്റ് സിക്രട്ടരിയായി സേവനമനുഷ്ഠിച്ചു. പ്രാസംഗികൻ, എഴുത്തുകാരൻ, സംവാദകൻ എന്നീ നിലകളിൽ പ്രസിദ്ധിയാർജ്ജിക്കുകയും ചെയ്തു.

സർവ്വശക്തനായ ദൈവത്തിന്റെ ഗുണങ്ങൾ പ്രതിഫലിക്കുന്ന ഒരു വിശുദ്ധാത്മാവായിരുന്നു അദ്ദേഹം. അതുല്യനും മാതൃകായോഗ്യനുമായ തിളങ്ങുന്ന നക്ഷത്രമായി അദ്ദേഹം അഹ്മദിയ്യാ ചരിത്രത്തിൽ നിലകൊള്ളുന്നു. അല്ലാഹു അദ്ദേഹത്തിൽ സംതൃപ്തനായിരിക്കട്ടെ, ആമീൻ.

നബിതിരുമേനി(സ)യുടെ സഹാബാക്കൾ ആത്മീയാകാശത്തിലെ നക്ഷത്രങ്ങൾ പോലെയാണ്. അവസാനകാലത്ത് വാഗ്ദത്ത മസീഹി(അ)ന്റെ സഹാബാക്കൾക്കും ഇതേ പദവി തന്നെയാണ് നൽകപ്പെട്ടിട്ടുള്ളത് (വിശുദ്ധ ഖുർആൻ 62:4)

ഇസ്‌ലാം മതസേവനമാഗ്രഹിക്കുന്ന യുവാക്കൾക്കും വൃദ്ധർക്കും ഹദ്റത്ത് മുഫ്തി സാഹിബിന്റെ ജീവിതം മാർഗ്ഗദർശനം നൽകുന്ന ദീപസ്തംഭമായിത്തുടരും. നിരവധി പാതകളിൽ അദ്ദേഹം ഒരു മാർഗ്ഗദർശിയായിരുന്നു. അല്ലാഹുവിന്റെ തൃപ്തി നേടുവാൻ ദീനിന് ദുനിയാവിനേക്കാൾ മുൻഗണന നൽകുന്നതെങ്ങനെയെന്ന് പഠിക്കാൻ ആഗ്രഹിക്കുന്ന യുവജനങ്ങൾക്ക് അദ്ദേഹത്തിന്റെ മാതൃക വെല്ലുവിളിയുയർത്തും. ●

**(The Review of Religions, Feb.2007)**
**വിവർത്തകൻ: കെ.വി. ഹസ്സൻകോയ കോഴിക്കോട്**

---

*(പേജ് 15-ൽ നിന്ന് തുടർച്ച)*

***'ഇസ്തിഖാറ'യുടെ സുന്നത്ത് ഉപേക്ഷിച്ചിരിക്കയാണ്. സ്വലഫുസ്സാലിഹീൻ സ്വീകരിച്ച സമ്പ്രദായം അതുതന്നെയായിരുന്നു. നിരീശരത്വത്തിന്റെ കാറ്റുവീശിത്തുടങ്ങിയത് നിമിത്തം തങ്ങളുടെ അറിവും കഴിവും മുൻനിർത്തി കാര്യം തുടങ്ങുകയും ഒടുവിൽ നഷ്ടത്തിൽ ആപതിക്കുകയുമാണ് ചെയ്യുന്നത്. എന്നാൽ 'ഇസ്തിഖാറ' കൊണ്ട് ശാന്തഹൃദയരുണ്ടായിത്തീരുകയും അതനുസരിച്ച് പ്രവർത്തിക്കുക വഴി വിജയം ലഭിക്കുകയും ചെയ്യുന്നു." (ബദ്ർ, 13.6. 1907)***

അല്ലാഹു വിശുദ്ധ ഖുർആനിലൂടെ അസന്ദിഗ്ധമായി പ്രഖ്യാപിച്ച വാഗ്ദാനമനുസരിച്ച് മഹ്ദി ഇമാം ആവിർഭവിച്ച് ഒരു നൂറ്റാണ്ട് പിന്നിട്ടുകഴിഞ്ഞു. ഒരു ഇമാമിന്റെ ആഗോളനേതൃത്വത്തിൽ ഇസ്‌ലാമിന്റെ വിജയലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുന്ന ഒരേയൊരു ജമാഅത്ത് ആ യുഗപ്രഭാവനാൽ സ്ഥാപിതമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മാത്രമാണ്. ഇനിയും ഈ ജമാഅത്തിനെക്കുറിച്ച് സന്ദേഹമാണെങ്കിൽ സത്യവും അസത്യവും വേർതിരിച്ചറിയാനുള്ള 'ഇസ്തിഖാറ:' ദുആയുടെ സ്വർഗ്ഗീയ തീരുമാനങ്ങൾക്ക് കാതോർ ക്കാൻ മുസ്‌ലിം സഹോദരങ്ങളോട് സവിനയം ഞങ്ങൾ അഭ്യർത്ഥിക്കുന്നു. ●

---

*(പേജ് 31-ൽ നിന്ന് തുടർച്ച)*

അവർക്ക് യേശുവിന്റെ കുരിശ് മരണത്തിൽ വിശ്വസിക്കുക സാദ്ധ്യമല്ലല്ലോ? അപ്പോൾ അവരുടെ പാപപരിഹാരത്തിനുള്ള മാർഗ്ഗം മറ്റു വല്ലതുമാണോ? അഥവാ അവരുടെ പാപം ഒരിക്കലും പരിഹരിക്കപ്പെടുകയില്ലേ?

യേശുവിൽ മനുഷ്യാവസ്ഥ, ദൈവാവസ്ഥ എന്നീ രണ്ട് അവസ്ഥകളുണ്ടെന്ന് ക്രിസ്ത്യാനികൾ വിശ്വസിക്കുന്നുവല്ലോ? കുരിശിൽ മരിച്ചത് മനുഷ്യനായ യേശു ആണെങ്കിൽ ഒരു മനുഷ്യൻ മരിക്കുന്നതോടുകൂടി കോടാനുകോടി മനുഷ്യരുടെ പാപങ്ങൾ പരിഹരിക്കപ്പെടുന്നതെങ്ങനെ? ഇനി മരിച്ചത് ദൈവമാണെങ്കിൽ ദൈവം മരിക്കുന്നവനാണോ? യഹൂദികൾക്ക് പിടിച്ച് കുരിശിൽ തറച്ച് കൊല്ലാൻ കഴിയുന്നവനാണോ ദൈവം?

ഇങ്ങനെ അനേകം ഉത്തരം കിട്ടാത്ത ചോദ്യങ്ങളുടെ സമസ്യ പ്രഹേളികയാണ് ആധുനിക ക്രിസ്തീയ വിശ്വാസം. ●

---

## മുഹമ്മദ് നബി

***'അല്ലയോ റസൂലുല്ലാഹ് നീ അവരെല്ലാവരുടെയും രക്ഷാ മാർഗ്ഗങ്ങളെ പിന്തുടരുക' (6:91)***

അതായത് എല്ലാ പ്രവാചകന്മാരുടെയും വിവിധങ്ങളായ ഉപദേശങ്ങളത്രയും നിന്നിൽ ലയിപ്പിക്കുവിൻ. എല്ലാ പ്രവാചകന്മാരുടെയും ശ്രേഷ്ഠതകൾ നബിതിരുമേനി (സ) യിൽ സമ്മേളിച്ചിരിക്കുന്നു എന്നാണിത് സൂചിപ്പിക്കുന്നത്. മുഹമ്മദു എന്ന പേർ തന്നെ ഇതിലേക്കുള്ള തെളിവാണ്. അതിന്റെ അർത്ഥം ഏറ്റവും അധികം സ്തുതിക്കപ്പെട്ടവൻ എന്നത്രെ.

**ഹദ്റത്ത് അഹ്മദ് (അ)**
**അയിനയെ കമാലാത്തെ ഇസ്‌ലാം**

കുറിപ്പുകൾ

**മുസാഫിർ**

# സഊദി സലഫി പണ്ഡിതന്റെ ധാർമ്മികരോഷം

*'നീതിയുടേയും നന്മയുടേയും പുനഃസ്ഥാപനത്തിനാണ് പ്രവാചകന്മാർ നിയോഗിക്കപ്പെട്ടതെന്നതിനാൽ പ്രവാചകന്മാരുടെ പിന്മുറക്കാർ ആ ദൗത്യമേറ്റെടുക്കണം. മതവും ജാതിയും നോക്കിയാവരുത് നീതിയും ന്യായവും തീരുമാനിക്കേണ്ടത്. നീതിയും ന്യായവും നടപ്പിലാക്കുന്നതിൽ വിഭാഗീയത വെച്ച് പുലർത്തുന്നത് ഇസ്‌ലാം അംഗീകരിക്കുന്നില്ല... നീതിനിഷേധത്തിന്റെ ദുരിതമനുഭവിക്കുകയാണ് ലോകത്തിലെ വലിയൊരു ജനവിഭാഗം. മനുഷ്യാവകാശലംഘനങ്ങൾ ചോദ്യം ചെയ്യപ്പെടണം'* (ശബാബ് ആഗ: 24, 2007) സഊദി അറേബ്യയിലെ മതകാര്യവകുപ്പ് ഡയറക്ടർ ഡോ. ഉസ്മാൻ അൽ സിദ്ദീഖിയാണ് മനുഷ്യാവകാശ ലംഘനങ്ങളും സ്വാതന്ത്ര്യനിഷേധങ്ങളും കണ്ട് ധാർമ്മികരോഷം കൊള്ളുന്നത്. മുജാഹിദിലെ മടവൂർ വിഭാഗം നടത്തുന്ന സംസ്ഥാന സമ്മേളനത്തിന്റെ പ്രമേയ പ്രഖ്യാപന വേളയിലാണ് ഡയറക്ടർ ഈയൊരു കിടിലൻ പ്രസ്താവന നടത്തിയത്. നീതിയെക്കുറിച്ചും മനുഷ്യാവകാശങ്ങളെവറവറ്റിയും മനുഷ്യസ്വാതന്ത്ര്യത്തെസ്സംബന്ധിച്ചും സംസാരിക്കാൻ സഊദി മതകാര്യ ഡയറക്ടർക്ക് എന്ത് അവകാശം? സഊദി അറേബ്യ കാഴ്ചവെക്കുന്ന മതസ്വാതന്ത്ര്യമാണ് ഇസ്‌ലാമിന്റെ മതസ്വാതന്ത്ര്യം എന്ന തെറ്റിദ്ധാരണയിലാണ് ലോകത്തെ വലിയൊരു വിഭാഗം അമുസ്‌ലിംകൾ ഇസ്‌ലാമിനെ വെറുക്കുന്നതെന്ന് ഡയറക്ടർ മനസ്സിലാക്കണം. ഈ യാഥാർത്ഥ്യം മുസ്‌ലിം ജനസാമാന്യത്തിന്നറിയാം. സഊദി മതകാര്യഡയറക്ടറുടെ വാക്കുകൾ കേട്ട് മുജാഹിദ് നേതാക്കന്മാർക്ക് ഞെട്ടലുണ്ടായോ എന്നറിയില്ല. "ദീപസ്തംഭം മഹാശ്ചര്യം നമുക്കും കിട്ടണം പണം" എന്നാണെങ്കിൽ ഞെട്ടേണ്ട കാര്യമെന്ത്?

മനുഷ്യാവകാശ ധ്വംസനത്തിന്റേയും മതസ്വാതന്ത്ര്യത്തിന്റെയും പേരിൽ ആംനസ്റ്റി ഇന്റർനാഷണൽ തുടങ്ങി അന്തർദേശീയ മനുഷ്യാവകാശ സംഘടനകളുടെ ഏറ്റവും കൂടുതൽ വിമർശനങ്ങൾ ഏറ്റുവാങ്ങുന്ന രാജ്യമാണ് സഊദി അറേബ്യ. അവിടുത്തെ ജുഡീഷ്യറി മുതൽ സകല സാമൂഹിക സ്ഥാപനങ്ങളും നീതിയുടെ കശാപ്പുശാലകളാണ്. മതസ്വാതന്ത്ര്യമോ പ്രചാരണ സ്വാതന്ത്ര്യമോ, പാർലമെന്റോ, സ്വതന്ത്രമായ പ്രസ്സോ, മനുഷ്യാവകാശസംഘടനകളോ, വിമർശനസ്വാതന്ത്ര്യമോ അനുവദിക്കാത്ത രാജ്യത്തിന്റെ മതകാര്യഡയറക്ടർ ഇവിടെ വന്ന് നീതിയേയും, സ്വാതന്ത്ര്യത്തേയും, മനുഷ്യാവകാശത്തേയും കുറിച്ച് രോഷം കൊള്ളു ന്നത് പരിഹാസ്യമാണ്. വഴിയെ പോവുന്നവനെ നിസ്കരിപ്പിക്കാനും നോമ്പുകാലത്ത് ആളുകൾ ഭക്ഷണം കഴിക്കു ന്നുണ്ടോ എന്ന് നോക്കാനും മതപ്പോലീസിനെ (മുതവ്വ) നിയമിച്ച രാജ്യത്തു നിന്നും വരുന്ന അറബിയജമാനന്മാരുടെ വേദവാക്യം കേട്ടുകൊടുക്കുകയല്ലാതെ ഭിക്ഷാംദേഹികളായ മുജാഹിദ് നേതാക്കന്മാർക്ക് എന്തു ചെയ്യാനാവും?

വയനാട്ടിൽ വെച്ച് നടത്തുന്ന മടവൂർ മുജാഹിദിന്റെ സംസ്ഥാന സമ്മേളന പ്രമേയപ്രഖ്യാപനം കൊഴുപ്പിക്കാനാണ് സഊദി മതകാര്യഡയറക്ടറെ എഴുന്നള്ളിച്ചത്. ചങ്കരംകുളത്ത് കൂടുന്ന എ പി മുജാഹിദിന്റെ സമ്മേളനത്തിന് കൊണ്ടുവരുന്ന അറബി നേതാക്കന്മാരുടെ പ്രഖ്യാപനങ്ങൾ വരാനിരിക്കുന്നതേയുള്ളു. പൂരപ്പറമ്പിൽ ഇരുവിഭാഗത്തിന്റേയും മത്സരം നടക്കുമ്പോൾ മേളക്കൊഴുപ്പുകൂട്ടാനുള്ള ശബ്ദകോലാഹലങ്ങളല്ലാതെ ഈ അന്തർദേശീയ മതനേതാക്കന്മാരുടെ വാചോടാപങ്ങൾക്ക് എന്ത് വില? ഇസ്‌ലാമുമായി അവർക്കെന്ത് ബന്ധം? അമേരിക്ക ഇറാഖിൽ നടത്തുന്ന മനുഷ്യാവകാശലംഘനങ്ങളേയും, കൂട്ടക്കുരുതിയേ യും അപലപിക്കാൻ മതകാര്യ ഡയറക്ടർക്കാവുമോ? അപലപിക്കുന്നത് പോകട്ടെ മുസ്‌ലിം നാടുകളിൽ അമേരിക്കയും യഹൂദരും നടത്തുന്ന കൂട്ടക്കുരുതിക്ക് സഹായിക്കാതിരിക്കുവാനെങ്കിലും സഊദി അറേബ്യക്കാവുമോ? മുജാഹിദുകളുടെ ഈ മാതൃകാരാജ്യം നീതിരാഹിത്യത്തിന്റേയും സ്വാതന്ത്ര്യനിഷേധത്തിന്റേയും പാതയിൽ നിന്നും മാറി ആധുനികലോകത്തെ ഏതെങ്കിലും മൂന്നാംകിട ജനാധിപത്യ രാജ്യത്തിന്റെ നിലവാരത്തിലെങ്കിലും വന്നെങ്കിൽ ഇസ്‌ലാമിനെക്കുറിച്ചുള്ള തെറ്റിദ്ധാരണ ഒരളവുവരെ മാറുമായിരുന്നു.

സലഫികളുടെ പറുദീസയായ സ ഊദി അറേബ്യയെ മാതൃകാരാജ്യ മായിക്കാണുന്ന മുജാഹിദ് നേതാക്ക ന്മാർ പണ്ഡിതന്മാരെ ഇറക്കുമതി ചെയ്യുമ്പോൾ മാതൃകാരാജ്യത്തിലെ ഗ്രാന്റ് മുഫ്തിയായിരുന്ന അന്തരിച്ച ശൈഖ് ഇബ്നുബാസിനെപ്പോലെ യുള്ള ആളുകളെ കേരളത്തിൽ കൊ ണ്ടുവരാതിരിക്കാ നും പ്രത്യേകം ശ്രദ്ധി ച്ചിരുന്നു. 1999ൽ മരിക്കുന്നത് വരെ ഭൂമിപരന്നതാണെ ന്നും സൂര്യൻ ഭൂമി യെ ചുറ്റുകയാണെന്നുമാണ് മഹാന വർ കൾ വിശ്വസിച്ചത്. മാത്രമല്ല, ഭൂമി ഉരുണ്ടതാണെന്ന നിരീശ്വരവാദികളുടെ വിശ്വാസം ശിക്ഷ അർഹിക്കുന്ന കുറ്റമാണെന്നുമാണ് ശൈഖവർകളു ടെ ഫത്വ. സഊദി രാജകുമാരൻ അമേരിക്കൻ സ്പേയ്സ് ഷട്ടിലിൽ ഭൂമി യെ ചുറ്റി ഭൂമി ഉരുണ്ടതാണെന്ന് മന സ്സിലായിട്ടും സലഫികളുടെ ഗ്രാന്റ് മുഫ്തി അഭിപ്രായം മാറ്റിയിരുന്നില്ല. സലഫികളായ മുജാഹിദുകൾക്ക് എല്ലാവിധ സഹായസഹകരണങ്ങളും നല്കുന്ന സഊദി അറേബ്യയുടെ ഉഗ്രശാസകനും അതിപ്രഗത്ഭനുമായി രുന്ന ഗ്രാന്റ് മുഫ്തി ഇബ്നുബാ സിന്റെ ഫത്വകൾ സലഫികളുടെ ഔദ്യോഗിക ഫത്വകളാണ്. സഊദി ഭക്തരായ മുജാഹിദുകൾ ശൈഖ് ഇബ്നുബാസിന്റെ 'പരന്നഭൂമി' വാദ ക്കാരായിരിക്കില്ലെന്ന് നമുക്ക് സമാശ്വ സിക്കാം. ഏതായാലും സമ്മേളനങ്ങ ളിലേക്ക് സലഫി പണ്ഡിതന്മാരെ എഴു ന്നള്ളിക്കുമ്പോൾ, നീതി, സ്വാതന്ത്ര്യം, മനുഷ്യാവകാശം എന്നീ വിഷയങ്ങ ളിൽ ഇവിടുത്തെ വേദികളിൽ വെച്ച് ധാർമ്മികരോഷം കൊള്ളരുതെന്ന് മുജാഹിദ് നേതാക്കന്മാർ അവരെ ഉപ ദേശിക്കണം. ●

***(34-ൽ നിന്ന് തുടർച്ച)***

ദാവീദ് രാജാവുമായി ബന്ധിപ്പിക്കുക പ്രയാസമാണ്. വാസ്തവത്തിൽ ദാവീദ് രാജാവിനേക്കാൾ എത്രയോ മുമ്പ് അതിന്റെ പ്രതിപാദനമുണ്ട്. ജൂത മതമാകട്ടെ, പ്രത്യേകിച്ചും മതപ്രതീക ങ്ങളെ നിരോധിക്കുകയും ചെയ്യുന്നു. ഷഡ്കോൺ എന്നത് പൗരാണിക ജൂത ഇതിഹാസങ്ങളിൽ പ്രതിപാദിക്ക പ്പെട്ടിട്ടുണ്ട് എന്ന് വേണമെങ്കിൽ പറ യാം. അത്പോലെ ക്രൈസ്തവ, ഇസ് ലാം പരിസരങ്ങളിലും അതിന്റെ പ്രതി പാദനമുണ്ട്. ഈ മൂന്നു മതങ്ങളുടെ കാര്യത്തിലും ഈ ചിഹ്നം ദർശനപ രവും മതപരവും എന്നതിനേക്കാൾ മന്ത്രവിദ്യ, തന്ത്രവിദ്യ, നാടോടികഥ, എന്നിവയുമായി ബന്ധപ്പെട്ടതാണ്.

അപ്രകാരം ആറുകോൺ രൂപം മതപരവും മതേതരവുമായ സംഘട നകളും സ്ഥാപനങ്ങളുമായി ബന്ധപ്പെ ട്ടുനിൽക്കുന്നു. അവയാകട്ടെ മന്ത്രതാ ന്ത്രികവിദ്യയുമായി ബന്ധപ്പെട്ടതാണ്. കാരണം അതിന്റെ അത്യാകർഷക മായ സാതീയ രൂപം തന്നെ.

ഇപ്പോൾ അത് ഏറെക്കുറെ സാർവ്വത്രികമായ ഒരു ജൂതചിഹ്നമായി ട്ടാണ് ഉപയോഗിക്കുന്നത്. ജൂതമാരല്ലാ ത്തവരും ഈ ചിഹ്നത്തെപ്പറ്റി അങ്ങ നെ കരുതുന്നു. അതുകൊണ്ട് മാത്രം അത് സത്യമോ സ്വാഭാവികമോ ആക ണമെന്നില്ല. ഈ ചിഹ്നം ഇക്കാ ലത്തെ യഹൂദന്മാരുടെ സത്ത രാഷ്ട്രീയത്തിന്റെ (Identity Politics) ശക്തിയെ സൂചിപ്പിക്കുന്നതാണ്. ●

*(പേജ് 6-ൽ നിന്ന് തുടർച്ച)*

ശരിയായ നിലയിലുള്ള പരിശുദ്ധമായ ഒരു മാറ്റം ഉണ്ടാകണം. അവരുടെ ജീവിതം പാപത്തിന്റെ മാലിന്യങ്ങളിൽ നിന്ന് പൂർണ്ണമായും സംശുദ്ധമാവണം. ശാരീരേച്ഛകളിൽ നിന്നും ശയ്ത്വാന്റെ പിടിയിൽ നിന്നും പുറത്തുചാടി അല്ലാ ഹുവിന്റെ തൃപ്തിയിൽ ലയിക്കണം. അല്ലാഹുവിനോടും സമസൃഷ്ടികളോ ടുമുള്ള കടപ്പാട് വിശാലഹൃദയ ത്തോടും പൂർണ്ണമായ നിലയിലും നിറ വേറ്റണം. ദീനിനും അതിന്റെ പ്രചാര ണത്തിനും വേണ്ടി ഉൽക്കടമായ അഭി ലാഷം അവരിൽ ഉണ്ടാകണം. സ്വന്തം ആഗ്രഹങ്ങളും ആശങ്കകളുമെല്ലാം ഉന്മൂലനം ചെയ്ത് അല്ലാഹുവിന്റേ തായി മാറണം. അല്ലാഹു പറയുന്നു: 'ഞാൻ സന്മാർഗ്ഗം നല്കുന്നവരൊ ഴികെ നിങ്ങളെല്ലാം വഴിപിഴച്ചവരാണ്. ഞാൻ പ്രകാശം നല്കുന്നവരൊഴികെ നിങ്ങളെല്ലാം അന്ധരാണ്. ഞാൻ ആത്മീയജീവിതത്തിന്റെ മധുരപാ നീയം കുടിപ്പിക്കുന്നവരൊഴികെ നിങ്ങ ളെല്ലാം മരിച്ചവരാണ്. ദോഷങ്ങൾ മറ ച്ചുവയ്ക്കുക (സത്താരിയ്യത്ത്) എന്ന അല്ലാഹുവിന്റെ വിശേഷ ഗുണം (സ്വി ഫത്ത്) മനുഷ്യനെ മൂടിയിരിക്കുന്നു. ജനങ്ങളുടെ ആന്തരീകാവസ്ഥ ലോക ത്തിനു മുമ്പിൽ വെളിപ്പെടുത്തുകയാ ണെങ്കിൽ അവർ പരസ്പരം മുഖം നോക്കാൻ പോലും ഇഷ്ടപ്പെടുകയി ല്ല. അല്ലാഹു സത്താർ (ദോഷങ്ങൾ മറച്ചുവയ്ക്കുന്നവൻ) ആകുന്നു. മനു ഷ്യന്റെ ന്യൂനതകളെക്കുറിച്ച് അവൻ എല്ലാവർക്കും അറിയിച്ചുകൊടുക്കുക യില്ല. അതുകൊണ്ട് മനുഷ്യൻ നന്മ ചെയ്യാൻ ശ്രമിക്കുകയും ദുആയിൽ മുഴുകുകയും ചെയ്യേണ്ടതാണ്.

ജമാഅത്തിലുള്ളവരും അന്യ രും തമ്മിൽ എടുത്തു പറയാൻ തക്കവണ്ണം വ്യത്യാസമില്ലെങ്കിൽ അല്ലാഹു ആരു ടേയും കുടുംബക്കാരനല്ലെന്ന് അറി ഞ്ഞുകൊള്ളുക. അവരെ ആദരി ക്കാനും എല്ലാ തരത്തിലും സംരക്ഷി ക്കാനും ഇവരെ നിന്ദിക്കാനും ശിക്ഷ യിൽ അകപ്പെടുത്താനും എന്തു കാര ണമാണുള്ളത്.?

അല്ലാഹുവിനെ ഭയന്നുകൊണ്ട് ദൈവേച്ഛയ്ക്ക് വിരുദ്ധമായിട്ടുള്ള കാര്യങ്ങളെ ഉപേക്ഷിക്കുന്നവരാണ് മുത്തഖികൾ. (5:28) അതുകൊണ്ട് ശരീരവും ശരീരേച്ഛകളും ലോകവും ലോകത്തിലുള്ളതും അല്ലാഹുവിന്നെ തിരിൽ ഒന്നുമല്ലെന്ന് മനസ്സിലാക്കുക. വിശ്വാസം തിരിച്ചറിയപ്പെടുന്നത് എ തിർപ്പിന്റെ സമയത്താണ്.

ഒരു കാതിലൂടെ കേൾക്കുകയും മറ്റേ കാതിലൂടെ കേട്ട കാര്യം ഇറക്കി വിടുകയും ചെയ്യുന്ന ആളുകളുണ്ട്. അവർ കാര്യങ്ങളൊന്നും ഹൃദയത്തി ലേക്ക് പ്രവേശിപ്പിക്കുന്നില്ല. ●

**(മൽഫൂസാത്ത് വാല്യം 10 പേ. 135. 139)**

**വിവ: മുഹമ്മദ് ഇസ്മായിൽ**

# മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന ഇജ്തിമ സമാപിച്ചു

കോഴിക്കോട് : മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന ഏകദിന ഇജ്തിമ കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് കോഴിക്കോട് മേഖലാ അമീർ എം.എ. മുഹമ്മദ് സാഹിബ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന നാസിം അഅ്ലാ പി. പി. നാസിർ അഹ്മദ് സാഹിബ് അദ്ധ്യക്ഷത വഹിച്ചു. ചീഫ് മിഷ്യനറി മൗലവി മുഹമ്മദ് അയ്യൂബ് സാഹിബ് പ്രസംഗിച്ചു. വേദിയിൽ സംസ്ഥാനത്തെ ആറ് അമീർമാർ ഉപവിഷ്ടരായിരുന്നു. ഖാദിയാനിൽ നിന്നു വന്ന കേന്ദ്ര പ്രതിനിധി സയ്യിദ് മുബശ്ശിർ അഹ്മദ് സാഹിബ് ഉദ്ബോധന പ്രസംഗം നടത്തി. തുടർന്ന് ഇബ്രാഹിം മാസ്റ്റർ, മൗലവി മുഹമ്മദ് ഗുലാം ഇസ്മായിൽ എന്നിവർ ക്ലാസുകളെടുത്തു. അൻസാർ അംഗങ്ങൾക്ക് വിവിധ ഇനങ്ങളിൽ മത്സരങ്ങൾ നടന്നു. സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ. ജമീൽ അഹ്മദ് സാഹിബ് റിപ്പോർട്ട വതരിപ്പിച്ചു. മേഖലാ സയിം എസ്. മുഹമ്മദ് സലിം സാഹിബ് സ്വാഗതം പറഞ്ഞു.



*മജ്‌ലിസ് അൻസാറുല്ലാഹ് സംസ്ഥാന ഇജ്തിമ കോഴിക്കോട് മേഖലാ അമീർ എം.എ. മുഹമ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.*




*അൻസാറുല്ല ഇജ്തിമയിൽ ഖാദിയാനിൽ നിന്നുള്ള പ്രതിനിധി സയ്യിദ് മുബശ്ശിർ അഹ്മദ് സാഹിബ് സംസാരിക്കുന്നു. സമീപത്ത് സംസ്ഥാന അൻസാറുല്ലാഹ് നാസിർ അഅ്ലാ, പി. പി. നാസിർ സാഹിബ്, ഇബ്രാഹിം മാസ്റ്റർ, ജലീൽ സാഹിബ്.*

## അനുസ്മരണം

### ഒ. അബ്ദുല്ലാ സാഹിബ്

കോഴിക്കോട്: കോഴിക്കോട് ജമാഅത്തിലെ സജീവപ്രവർത്തകനായ ഒ. അബ്ദുല്ലാ സാഹിബ് (70) കോഴിക്കോട്ട് വെച്ച് 19-8-2007ന് വഫാത്തായി. ഇന്നാലില്ലാഹി.....

തബ്ലീഗ് രംഗത്ത് സജീവമായി പ്രവർത്തിച്ച ഒ. അബ്ദുല്ലാസാഹിബ് തന്റെ സമ്പാദ്യം മുഴുവൻ ജമാഅത്തിന് വേണ്ടി സംഭാവന ചെയ്തിട്ടാണ് ദിവംഗതനായത്. 1987-ലാണ് ജമാഅത്തിൽ പ്രവേശിച്ചത്. ഭാര്യ: ബിച്ച. മക്കൾ: അസ്മ സാഹിബ, നാസർ സാഹിബ്, ആസാദ് സാഹിബ്.